# വചനജ്വാല




ഫ്രാൻസിസ്
വള്ള

# വചന ജ്വാല

(യുവജനങ്ങൾക്കൊരു വചനഗ്രന്ഥം)

ഫ്രാൻസീസ് വള്ളപ്പുര

DHARMARAM COLLEGE
LIBRARY
BANGALORE-29

---

പ്രകാശം പബ്ലിക്കേഷൻസ് കോട്ടയം
1985

ക്രിസ്തു ആഹ്വാനംചെയ്യുന്നു. ''സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. അനുതപിച്ചു തപസ്സുചെയ്യുവിൻ'' എന്ന ക്രിസ്തു വചനം ലോകത്തോടുതന്നെയുള്ള ഒരു വെല്ലുവിളിയാണ്. 'തനിക്കുള്ളതെല്ലാം വിററ് ദരിദ്രർക്ക് കൊടുത്തിട്ട് ക്രിസ്തുവിനെ അനുഗമിക്കുവിൻ.' ഒരു യുവാവിനു കിട്ടിയതായി സുവിശേഷം വിവരിക്കുന്ന ആഹ്വാനം കാണിക്കുന്നത് സുവിശേഷമൂല്യങ്ങൾ ജീവിതത്തെ മുഴുവൻ പിടിച്ചടക്കുന്നതാണെന്നാണ്. പകുതി ദൈവത്തിനും പകുതി ലോകത്തിനുമായി ജീവിതം പങ്കുവയ്ക്കുവാൻ മനുഷ്യനു സാദ്ധ്യമല്ല. എന്നുമാത്രമല്ല ലോകത്തെ മുഴുവൻ ദൈവരാജ്യമായി പകർത്തുവാനാണ് ക്രിസ്തു മനുഷ്യരെ ആഹ്വാനംചെയ്യുന്നത്. ഈ വിശ്വത്തെ മുഴുവൻ ദൈവ ഭവനമാക്കിപകർത്തി മനുഷ്യർക്കെല്ലാം അതിൽ വസിക്കുവാൻ സൗകര്യം ഉണ്ടാകേണ്ടിയിരിക്കുന്നു.

അങ്ങനെ മഹാമനസ്കതയോടുകൂടിയ ആത്മാർപ്പണത്തിലേക്കും യഥാർത്ഥസേവനത്തിലേക്കും ലോകത്തെ മാററുന്ന പരിവർത്തനോന്മുഖമായ പ്രവർത്തനത്തിൻെറ ഒരാഹ്വാനമാണ് പ്രസ്തുത ഗ്രന്ഥം യുവജനത്തിനു നൽകുന്നത്. സുവിശേഷത്തിലെ സംഭവങ്ങളെയും ക്രിസ്തുജനതയെ അഭിമുഖീകരിക്കുന്ന വിവിധ രംഗങ്ങളേയും തന്മയത്വത്തോടെ വിവരിക്കുന്ന ഈ ഗ്രന്ഥം ഈ യുവജന വത്സരത്തിൻെറ അന്തിമഘട്ടത്തിന് തീർത്തും അനുയുക്തമായ ഒരുപഹാരംതന്നെയാണ്.

ഫാ. ജോൺ ബ്രിട്ടോ ചെത്തിമററം
സി. എം. ഐ.

സെൻറ് ജോസഫ്
പ്രൊവിൻഷ്യൽ ഹൗസ്
വഴുതക്കാട്ട്
തിരുവനന്തപുരം
1–11–1985

വചനം
ശക്തമത്രെ.
ഇരുമുനവാളുപോലെ
പാറമേൽ പണുത ഭവനംപോലെ.
നല്ല നിലത്തുവീണ വിത്തുപോലെ.
വചനം ഹൃദയങ്ങളെ മെരുക്കുന്നു.
മനസ്സിനു് ശാന്തി നേരുന്നു.
ജ്വാല
ചരിഞ്ഞും ചാഞ്ഞും
ഉയർന്നും താണും നൃത്തം ചവിട്ടുന്നു
ജ്വാല ചലനാത്മകമാണു്.
യുവജനം
ആവേശഭരിതമാണു്
ആദർശസമ്പന്നമാണു്
ധീരോദാത്തമാണു്
സേവനസന്നദ്ധമാണു്
അവർ ക്രിയാത്മകരാണു്
ഞാൻ സ്നേഹിക്കുന്ന
കർമ്മകുശലരായ യുവജനങ്ങൾക്കു്
വചനം
അഗ്നിയായി
പ്രകാശമായി
ജ്വാലയായി ഭവിക്കട്ടെ
വചനജ്വാലക്കു് നിറംപകരാൻ സഹായിച്ചവർക്കും
അനുചിതമായ അവതാരിക എഴുതി അനുഗ്രഹിച്ച
പ്രൊവിൻഷ്യാൾ ബ. ജോൺ ബി. ചെത്തിമററമച്ചനും
നന്ദി.

ഫാ. ഫ്രാൻസീസ് വള്ളപ്പുര സി. എം. ഐ.
ക്രൈസ്റ്റ്ഹാൾ

തിരുവനന്തപുരം,
1–11–1985.

# 1 തകർന്ന കാലും തളരാത്ത മനസും

1981 ജൂൺ 28—ാം തീയതി ഞായറാഴ്ച ടെറിഫോക്സ് മരിച്ചു. മരിക്കുമ്പോൾ ആ ചെറുപ്പക്കാരന് ഇരുപത്തിരണ്ടു വയസുമാത്രമേ പ്രായം ഉണ്ടായിരുന്നുള്ളു. കാനഡായിലെ വിനിപ്പെഗിൽ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച ടെറിയുടെ നിര്യാണത്തിൽ കനേഡിയൻജനത ഒന്നടങ്കം ദുഃഖിച്ചു.

ഇരുപതാമത്തെ വയസിൽ ക്യാൻസർരോഗം പിടിപെട്ട ആ ചെറുപ്പക്കാരൻ തളരാത്ത പ്രതീക്ഷയുടെ പ്രതീകമായിരുന്നു. ആത്മബലം തൻെറ ജീവിതത്തിൻെറ അളവുകോലാക്കി മാററിയ അയാൾ ക്യാൻസർ റിസർച്ചിനുവേണ്ടി വെറും അഞ്ചുമാസംകൊണ്ടു് കോടിക്കണക്കിനു് ഡോളർ ശേഖരിച്ചു. 1979 ആരംഭത്തിൽ ക്യാൻസർ ബാധിതമായ തൻെറ വലത്തുകാൽ മുറിച്ചുകളയേണ്ടിവന്നപ്പോൾ, ടെറി ദുഃഖത്തിൻെറ ആഴക്കടലിൽ ആഴ്ന്നു. ഇരുപതാം വയസ്സിൻെറ ഇമ്പങ്ങളിൽ ദുഃഖം പടിവാതിലിൽവന്നു മുട്ടിയാൽ ഏതു യുവാവാണു് ഞെട്ടിത്തെറിക്കാത്തതു്? പക്ഷേ സ്വന്തം ദുഃഖങ്ങളുടെ നീർക്കയത്തിൽ ടെറി മുങ്ങിമരിക്കാൻ തയ്യാറായില്ല. മനുഷ്യരാശിയെ മുഴുവൻ പേടിപ്പെടുത്തുന്ന ക്യാൻസർഭൂതത്തിനു കടിഞ്ഞാണിടാൻ പരിശ്രമിക്കുന്നവരുടെ കൈകൾക്കു് ശക്തിപകരാൻ അദ്ദേഹം തീരുമാനിച്ചു. തന്നെപ്പോലെ ദുഃഖം കടിച്ചമർത്തുന്നവരെക്കുറിച്ചു് അയാൾ ചിന്തിച്ചു. തളർന്ന കാലും തളരാത്ത മനസ്സുമായി അദ്ദേഹം ഓടി. 1980 ഏപ്രിൽ 12—ാം തീയതി തൻെറ കൃത്രിമപാദം അത്‌ലാൻറിക് സമുദ്രത്തിലെ വെള്ളത്തിലൂന്നി രാജ്യാതിർത്തിയെ ലക്ഷ്യമാക്കി ഓടി. മനുഷ്യമനസ്സുകൾക്കു് ആവേശം പകർന്നുകൊണ്ടുള്ള ആ ഓട്ടം തികയ്ക്കാൻ ടെറിക്കു കഴിഞ്ഞില്ല.

അദ്ദേഹം തളൻുവീണു. ടെറിയുടെ ശ്വാസകോശങ്ങളേയും രോഗം ബാധിച്ചു. ഓടിയെത്തിയ ഗ്രാമങ്ങളിലും പട്ടണങ്ങളിലുമെല്ലാം വമ്പൻ സ്വീകരണങ്ങളാണു് ടെറിക്കു ലഭിച്ചതു്. കൈനിറയെ പണം. അഞ്ചുമാസത്തെ മാരത്തോൺ ഓട്ടംകൊണ്ടു് ഒരു ജീവിത കാലംകൊണ്ടുപോലും പലക്കും നേടാൻകഴിയാത്ത നേട്ടങ്ങാം ഈ ചെറുപ്പക്കാരൻ കൈവരിച്ചു.

രോഗബാധിതനായ ടെറിക്കു് തന്നെക്കുറിച്ചായിരുന്നില്ല ചിന്ത. തന്നെപ്പോലെ ദുഃഖിക്കുന്നവരെക്കുറിച്ചു്. 1980 ജൂലയിൽ തന്നെ അഭിനന്ദിക്കുവാൻ ടൊറൻേറായിൽ തടിച്ചുകൂടിയ ജനാവലിയോടു് അദ്ദേഹം ചോദിച്ചു ''എനിക്കു ലഭിക്കുന്നതുപോലെയുള്ള ഈ ആദരം ഒരിക്കലും നേടാൻ ഇടവരാത്ത എണ്ണമററ കാൻസർ രോഗികളെക്കുറിച്ചു് നിങ്ങാം എന്തു പറയുന്നു? മരണത്തെ മുഖാഭിമുഖം കണ്ട അവസരത്തിലും തന്നെപ്പോലെയുള്ളവരെക്കുറിച്ചുള്ള ചിന്ത, അതാണു് ടെറിയെ വലിയവനാക്കിയതു്. ജീവിതകാലത്തുതന്നെ കനേഡിയൻ പത്രങ്ങാം അദ്ദേഹത്തെ ''കനേഡിയൻ ഓഫ് ദ ഈയർ'' ആയി പ്രഖ്യാപിച്ചു. മററുള്ളവക്കുവേണ്ടി, യേശുവിനുവേണ്ടി സ്വജീവൻ നഷ്ടപ്പെടുത്തുന്നവക്കു കിട്ടുന്ന പ്രതിഫലവും ഇതുതന്നെ ആയിരിക്കും.

വി. മത്തായി 16:24–27.

അനന്തരം ഈശോ ശിഷ്യരോടു പറഞ്ഞു: ''ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ സ്വയം പരിത്യജിച്ചു് തൻെറ കുരിശുമെടുത്തുകൊണ്ടു് എന്നെ അനുഗമിക്കട്ടെ. സ്വജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ അതു നശിപ്പിക്കും. എന്നെപ്രതി സ്വജീവൻ നശിപ്പിക്കുന്നവൻ അതു കണ്ടെത്തും. ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്ത ജീവനെ നഷ്ടമാക്കിയാൽ അതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതു്? അഥവാ സ്വന്ത ജീവനുപകരം എന്തു കൊടുക്കും? മനുഷ്യപുത്രൻ തൻെറ പിതാവിൻെറ മഹത്വത്തിൽ ദൂതന്മാരോടുകൂടി വരുമ്പോാം ഓരോരുത്തക്കും അവരുടെ പ്രവത്തികാംക്കനുസരിച്ചു പ്രതിഫലം നൽകും.

# 2 അഭിനവ കാളക്കുട്ടികൾ

ഒരിക്കൽ ഇസ്രായേൽ ജനത്തിന്റെ നായകനായി മോശ ദൈവത്തിന്റെ അരുളപ്പാടും ദിവ്യദർശനവും ലഭിക്കുന്നതിനുവേണ്ടി സീനായ്മലയിലേക്കു് കയറിപ്പോയി. മോശ വരാൻ വൈകിയപ്പോൾ ജനം അക്ഷമരായി; തങ്ങൾക്കു് നായകനായിരിക്കുവാൻ ഒരു ദൈവത്തെ ഉടനെ ഉണ്ടാക്കിത്തരണമെന്നു് പുരോഹിതനായ അഹറോനോടു് ആവശ്യപ്പെട്ടു. എന്തെല്ലാം പറഞ്ഞിട്ടും അവർ വഴങ്ങാതെവന്നപ്പോൾ അവരുടെ സ്ത്രീകളുടെ സ്വർണ്ണാഭരണങ്ങളെല്ലാം കൊണ്ടുചെല്ലാൻ അഹറോൻ പറഞ്ഞു. അവർ കൊണ്ടുവന്ന ആഭരണങ്ങൾ ഉരുക്കി പൊന്നുകൊണ്ടു് ഒരു കാളക്കുട്ടിയെ ഉണ്ടാക്കി അവക്കു കൊടുത്തു. കാളക്കുട്ടിയെ തങ്ങളുടെ ദൈവമായി സങ്കല്പിച്ചു് അവർ അതിനു പൂജകഴിച്ചു് ആഹ്ലാദംകൊണ്ടു് തുള്ളിച്ചാടി.

പ്രാർത്ഥിക്കുമ്പോൾ തൽക്ഷണം മറുപടി കിട്ടാതെവന്നാൽ ദൈവത്തിന്റെ അസ്തിത്വത്തെ സംശയിക്കുകയും പലതരം കാളക്കുട്ടികളെ ഉണ്ടാക്കി അവയെ പൂജിക്കുകയും ചെയ്യുന്നവരല്ലേ നാം? പൗരാണികകാലത്തു മാത്രമല്ല ഇന്നും മനുഷ്യൻ കാളക്കുട്ടികളെ ഉണ്ടാക്കി വന്ദിക്കാറുണ്ടു്. ദൈവം നല്കുന്ന വരദാനങ്ങളെപ്പോലും മനുഷ്യൻ പൂജിക്കാറുണ്ടു്. പക്ഷേ വരദാതാവിനെ മറന്നുകളയുന്നു. പ്രാർത്ഥനാവരമുള്ള ആളുകളുടെ അടുത്തുപോകുവാൻ ചിലർ വെമ്പൽ കൊള്ളാറുണ്ടു്. അങ്ങനെയുള്ളവരെ പൂജിക്കുകയും ചെയ്യും. പക്ഷേ വരദാതാവിനു് മഹത്വം കൊടുക്കാറില്ല.

ദൈവത്തെനേടുന്ന മനുഷ്യാത്മാവും മനുഷ്യനെനേടുന്ന ഈശ്വരനും സംഗമിക്കുമ്പോൾ മാത്രമേ സാക്ഷാൽ ആനന്ദം ഉണ്ടാവൂ. കാളക്കുട്ടികൾ ക്ഷണികമായ സന്തോഷമേ നല്കൂ. പിതാവായ ദൈവത്തിൽ ചെന്നുചേരുവാനാണു് മനുഷ്യാത്മാവു് ദാഹിക്കുന്നതു്. ഈ ദാഹം ശമിപ്പിക്കുന്നതിനു് പിതാവായ ദൈവത്തിന്റെ അടുക്കലേയ്ക്കു് തിരിച്ചുചെല്ലുകയല്ലാതെ വഴിയില്ല. മനുഷ്യാത്മാവിനെ മഹാസാഗരത്തിലേക്കു് ഒഴുകുന്ന ഒരു നദിയോടു് ഉപമിക്കാം. ന

ദിക്കു് സാഗരത്തെ പ്രാപിക്കാനുള്ള വ്യഗ്രത സ്വാഭാവികമാണു്. അതുപോലെതന്നെ മനുഷ്യാത്മാവിനു് ഈശ്വരനെ പ്രാപിക്കാനും. മനുഷ്യൻ സ്വയം ശ്രമംകൊണ്ടു് ഈശ്വരനെ കണ്ടെത്തണമെന്നു് വ്യാമോഹിക്കുന്നു. ദൈവശാസ്ത്രത്തിൻെറയും വിവിധ തത്വചിന്തകളുടെയും ഊടുവഴികളിലൂടെ അവൻ ദൈവത്തെ തേടി അലയുന്നു. പല കാളക്കുട്ടികളെയും ഉണ്ടാക്കി പൂജനടത്തും. അതുകൊണ്ടൊന്നും അവൻ സംതൃപ്തനാവില്ല.

പുറപ്പാടു് 32:7–8.

കർത്താവു് മോശയോടു് അരുളിച്ചെയ്തു: ഉടനെ താഴേക്കു ചെല്ലുക. നീ ഈജിപ്തിൽനിന്നു കൂട്ടിക്കൊണ്ടുവന്ന നിൻെറ ജനം തങ്ങളെത്തന്നെ ദുഷിപ്പിച്ചിരിക്കുന്നു. ഞാൻ നിർദ്ദേശിച്ച മാർഗ്ഗത്തിൽനിന്നു് അവർ പെട്ടെന്നു് വ്യതിചലിച്ചിരിക്കുന്നു. അവർ ഒരു കാളക്കുട്ടിയെ വാർത്തെടുത്തു് അതിനെ ആരാധിക്കുകയും അതിനു ബലിയർപ്പിക്കുകയും ചെയ്തിരിക്കുന്നു. ഇസ്രായേലേ, നിന്നെ ഈജിപ്തിൽ നിന്നുകൊണ്ടുവന്ന ദേവൻമാർ ഇതാ എന്നു് അവർ പറഞ്ഞിരിക്കുന്നു.

## 3 ദുഃഖങ്ങൾക്കിന്നു ഞാൻ അവധികൊടുത്തു

''ദുഃഖങ്ങൾക്കിന്നു ഞാൻ അവധികൊടുത്തു സ്വർഗ്ഗത്തിൽ ഞാനൊരു മുറിയെടുത്തു.'' എവിടെയോ കേട്ടുമറന്ന സിനിമാഗാനത്തിൻെറ ഈരടികൾ. ദുഃഖങ്ങൾക്കു് അവധികൊടുത്തുകൊണ്ടു് ആർക്കെങ്കിലും സ്വർഗ്ഗത്തിൽ മുറിയെടുക്കുവാൻ സാധിക്കുമോ? വെറും ജല്പനങ്ങൾ. കുരിശില്ലാതെ കിരീടം ലഭിക്കുമോ? ദുഃഖം നിഴലുപോലെ എന്നെ പിൻതുടരുന്നു. നിന്നെ പിൻതുടരുന്നു. ഉററ ബ

ന്ധുവിനെപ്പോലെ. ആത്മസുഹൃത്തിനെപ്പോലെ. എനിക്കതിൽനിന്നു് മോചനമില്ല. മോചനം തേടുംതോറും ഞാൻ വീണ്ടുംവീണ്ടും ദു:ഖത്തിൻെറ കരാളഹസ്തങ്ങളിൽ അമരപ്പെടുന്നു. ഹൃദയം മാററിവയ്ക്കാം, മരണത്തിനു് മുട്ടുശാന്തി കൊടുക്കാം. പക്ഷേ ദുഃഖത്തെ മാററിനിർത്താൻ ആക്കാണു കഴിയുക. ദുഃഖത്തെ വെറുക്കുന്നവർ അതിൽനിന്നും ഒഴികഴിവുനേടുവാൻ ആഗ്രഹിക്കുന്നു. മദ്യത്തിലും മയക്കമരുന്നിലും, കഞ്ചാവിലും ചരസിലും അഭയംകണ്ടെത്തുന്നു. ഫലമോ ഉപരിദുഃഖം.പലക്കും പലവിധത്തിലുള്ള ദുഃഖങ്ങളാവാം. ഒരു കൊച്ചുകുട്ടിയ്ക്കു് കളിപ്പാട്ടമില്ലാത്തതിൻെറ ദുഃഖമാകാം. യുവതീയുവാക്കറംക്കു് പഠിച്ചിട്ടു് ജോലികിട്ടാത്തതിൻെറ ദുഃഖമാവാം. അച്ഛനമ്മമാക്കു് തങ്ങളുടെ കുഞ്ഞുങ്ങറംക്കു് വേണ്ടത്ര സമ്പാദ്യം ഇല്ലാത്തതിലുള്ള ദുഃഖമാണു്. പ്രായമെത്തിയ വൃദ്ധജനങ്ങറംക്കും തങ്ങറം തഴയപ്പെടുന്നതിൻെറ ദുഃഖമാണു്. ചിലക്കു് ദുഃഖം രോഗമാകാം. അങ്ങനെ ദുഃഖങ്ങറം പലവിധം.

യേശുവിനും ദുഃഖമുണ്ടായിരുന്നു. അവിടന്നു് പിതാവിനോടു പ്രാത്ഥിച്ചു: ''പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നും അകന്നുപോകട്ടെ. യാചന അവിടംകൊണ്ടു തീരുന്നില്ല. എങ്കിലും എൻെറ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നിറവേറട്ടെ. യേശുവും ദുഃഖങ്ങളിൽനിന്നു് ഒഴികഴിവു ചോദിക്കുന്നു. ദുഃഖങ്ങളിൽ സ്വർഗ്ഗസ്ഥനായ പിതാവിൻെറ ഇഷ്ടം മനസ്സിലാക്കുവാനുള്ള ആവേശം ക്രൂശിതൻ നമുക്കുതന്നു. യേശു ദുഃഖിക്കുവാൻ മനസ്സാക്ഷിയിൽ പാപം ചെയ്തിട്ടില്ല. എങ്കിലും അവിടന്നു് ദുഃഖിച്ചു നമുക്കുവേണ്ടി നമ്മുടെ ദുഃഖങ്ങറംക്കുവേണ്ടി, ഹൃദയനൊമ്പരങ്ങറംക്കുവേണ്ടി.

വി. മത്തായി 26:38–40.

അവിടുന്നു് അവരോടു പറഞ്ഞു: ''മരണതുല്യമായ ദു:ഖമാണു് ഞാൻ അനുഭവിക്കുന്നതു്; നിങ്ങറം എന്നോടുകൂടി ഇവിടെ ഉണന്നിരിക്കുവിൻ.'' അല്പംകൂടി മുമ്പോട്ടു പോയി സാഷ്ടാംഗം വീണു് അവിടുന്നു് പ്രാത്ഥിച്ചു: ''എൻെറ പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽനിന്നു് അകന്നുപോകട്ടെ; എങ്കിലും എൻെറ ഇഷ്ടമല്ല; അങ്ങയുടെ ഇഷ്ടംപ്പോലെ.''

അനന്തരം അവിടുന്ന് ശിഷ്യരുടെ അടുത്തു വന്ന പ്പോ൦ അവർ ഉറങ്ങുന്നതായി കണ്ടു് പത്രോസി നോടു ചോദിച്ചു: ''ഒരു മണിക്കൂർ എന്നോടുകൂടെ ഉണർന്നിരിക്കാൻ നിങ്ങൾക്കു കഴിഞ്ഞില്ലേ?''

## 4 സ്വയം കുരിശുപണിയുന്നവൻ

രണ്ടാം ലോകമഹായുദ്ധകാലത്തു് ജർമ്മനിയിൽ കത്തോലി ക്കർ നടത്തുന്ന ഒരാശുപത്രിയിൽ നിരീശ്വരവിശ്വാസിയും, വി പ്ലവപ്രസ്ഥാനത്തിൻെറ നേതാവുമായ ഒരാൾ ഭാര്യയുമായി വന്നു. പ്രസവസംബന്ധമായി ഭാര്യയ്ക്കു് ശുശ്രൂഷ കിട്ടണം. മുറി ഏർപ്പാടു ചെയ്തു. നിരീശ്വരനായ ഭർത്താവു് ഭാര്യയെ കിടത്തിയിട്ടു ള്ള മുറിയിലെത്തി. മുറിയിൽ തൂക്കിയിട്ടിരുന്ന യേശുവിൻെറ ക്രൂശിതരൂപം അയാളെ കോപിഷ്ടനാക്കി. തൻെറ ഭാര്യയ്ക്കായി ക്രൂശിതരൂപമില്ലാത്ത മറെറാരു മുറി കൊടുക്കണമെന്ന് അയാൾ ആവശ്യപ്പെട്ടു. അസഹനീയമായ ദുഃഖം സഹിക്കുന്ന യേശുവി ൻെറ ക്രൂശിതരൂപം കാണുന്നതു് തൻെറ കുഞ്ഞിൻെറ വളർച്ചയെ സാരമായി ബാധിക്കും എന്നായിരുന്നു അയാളുടെ പക്ഷം. ആ മനുഷ്യൻെറ ശാഠ്യത്തിനു് ആശുപത്രി അധികാരികൾ വഴങ്ങി. അന്നുരാത്രി അയാളുടെ ഭാര്യ പ്രസവിച്ചു. ആൺകുഞ്ഞ്. അവനു് യേശുവിൻെറ ദുഃഖചിത്രം മാത്രമല്ല മനോഹരമായ ഈ പ്രപഞ്ചം പോലും കാണുവാൻ കണ്ണുണ്ടായിരുന്നില്ല. പിറേറദിവസം ഭാര്യ യുടെ സുഖാന്വേഷണത്തിനു് ആശുപത്രിയിലെത്തിയ അയാൾ അസ്തപ്രജ്ഞനായിത്തീർന്നു.

ഈ ലോകത്തെ വാസയോഗ്യമാക്കിത്തീർത്ത എത്രയോ ത്യാ ഗികളുണ്ടു്. അവരെയെല്ലാം ഒരു നിമിഷംകൊണ്ടങ്ങു മറക്കുക, മനുഷ്യോചിതമല്ല. ഈ സത്യം മനസ്സിലാക്കിയിട്ടാവണം ഗാ ന്ധിജി വത്തിക്കാനിലെ ക്രൂശിതരൂപത്തിലേയ്ക്കു് കണ്ണുകളയച്ചു

കൊണ്ടു പറഞ്ഞതു്. 'ഒരു സത്യം ഞാനറിയുന്നു, കുരിശിലെ മരണവേദനയിലൂടെയല്ലാതെ ശാശ്വതമായ വിജയം ലോകത്തിലുണ്ടാവില്ല. യാതനയും മരണവും കൈവരിച്ചാൽ മാത്രമേ ഉയിർപ്പിന്റെ ഭാഗ്യം അനുഭവിക്കാൻ കഴിയൂ.

സുഖത്തിനൊപ്പം ദുഃഖവും വേദനയ്ക്കൊപ്പം സന്തോഷവും ജീവിതത്തിലുണ്ട്. യേശുനാഥൻ പറയുന്നു: ''ഓരോ വ്യക്തിയും സ്വന്തം കുരിശ്ശു് അഥവാ ജീവിതക്ലേശങ്ങൾ എടുത്തുകൊണ്ടു തന്നെ അനുകരിക്കട്ടെ'' എന്നു്. കുരിശ്ശുകൾ നാം ത്യജിച്ചാൽ വിജയത്തിന്റെ കിരീടവും നഷ്ടമാകും. ഈ സത്യം മനസ്സിലാക്കി ജീവിതത്തിൽ പ്രവർത്തിക്കാത്തവർ സ്വയം കുരിശ്ശുപണിയുകയാവും ചെയ്യുക.

1 കൊറി. 1:18-21.

നാശത്തിന്റെ പാതയിലൂടെ ചരിക്കുന്നവർക്കു് കുരിശിന്റെ സന്ദേശം ഭോഷത്തമാണു്; രക്ഷയുടെ വഴിയിലൂടെ ചരിക്കുന്ന നമുക്കാകട്ടെ, അതു ദൈവത്തിന്റെ ശക്തിയത്രേ. ''വിജ്ഞാനികളുടെ വിജ്ഞാനം ഞാൻ നശിപ്പിക്കും; ബുദ്ധിമാന്മാരുടെ ബുദ്ധിസാമർത്ഥ്യം ഞാൻ നിഷ്ഫലമാക്കും'' എന്നു് എഴുതപ്പെട്ടിരിക്കുന്നുവല്ലോ.

വിജ്ഞാനി എവിടെ? വേദപണ്ഡിതൻ എവിടെ? ഈ യുഗത്തിന്റെ താർക്കികൻ എവിടെ? ഈ ലോകത്തിന്റെ വിജ്ഞാനത്തെ ദൈവം ഭോഷത്തമാക്കിയില്ലയോ?

ലോകം അതിന്റെ ജ്ഞാനത്തിലൂടെ ദൈവത്തെ അറിഞ്ഞില്ല; അതുകൊണ്ടു് വിശ്വസിക്കുന്നവരെ സുവിശേഷപ്രസംഗത്തിന്റെ ഭോഷത്തംവഴി രക്ഷിക്കാൻ തന്റെ ജ്ഞാനത്തിലൂടെ ദൈവം തിരുമനസ്സായി.

# 5 ബാഷാൻ പശുക്കൾ

തെക്കോവായിലെ ആട്ടിടയന്റെ ശബ്ദത്തിന് ഒരു കൊടുങ്കാറ്റിന്റെ ആരവമുണ്ടായിരുന്നു. നീതിയിലും സത്യത്തിലുമുറച്ച പരുക്കൻ ശബ്ദം. കരിങ്കൽപാറയിൽ ചിരട്ടയിട്ടുരസ്സുന്ന ശബ്ദം. എന്തേ സാമൂഹ്യനീതിയും ദൈവികനീതിയും പ്രസംഗിക്കാൻവന്ന ഋഷികളെല്ലാം ഇങ്ങനെയായിപ്പോയി. സമൂഹത്തെ അലോരസപ്പെടുത്തുന്ന സ്വരം. മനുഷ്യനിൽ അന്നേവരെ നിലനിന്ന സമാധാനം കെടുത്തിക്കളയാനുള്ള പടപ്പുറപ്പാട്. സമൂഹത്തിൽനിന്നു പുകച്ചു പുറംതള്ളിയാലും അനീതി പൊറുക്കില്ല, നീതി ജയിക്കണം. അതായിരുന്നു ആമോസിന്റെ വെല്ലുവിളി.

അദ്ദേഹത്തിന്റെ വിമർശന ശരം സമൂഹത്തിൽ വൈധരണി വലിച്ചുവയ്ക്കുന്ന സ്ത്രീജനത്തിന്റെനേരെ തിരിഞ്ഞു. എന്തുകാട്ടിയാലും, എത്രകാട്ടിയാലും 'വീണ്ടും വീണ്ടും കൊണ്ടുവരിക' എന്നു ഭർത്താക്കന്മാരെ അലട്ടുന്ന സ്ത്രീത്വം. സുഗന്ധവും, സ്വർണ്ണവും എത്ര കിട്ടിയാലും മതിവരാത്ത ഇത്തരം ബാഷാൻ പശുക്കൾ ഇന്നുമുണ്ട്. ഭർത്താക്കന്മാരെ കൊണ്ടുവരുവിൻ. പാവപ്പെട്ടവനിൽനിന്നും പിടിച്ചുപറിച്ചാണെങ്കിലും അഴിമതിയും, കരിഞ്ചന്തയും നടത്തിയിട്ടാണെങ്കിലും കൊണ്ടുവരുവിൻ, ചില്ലുകൊട്ടാരങ്ങളിൽ നല്ല വിഭവങ്ങൾ കഴിച്ച് ഉന്മത്തരായി, ഉന്മാദമായി കഴിയാം എന്നുപറയുന്ന ബാഷാൻ പശുക്കൾ.

സമൂഹത്തിൽ അഴിമതിയുടെയും കരിഞ്ചന്തയുടെയും കള്ളപ്പണത്തിന്റെയും വിഷവിത്തു വിതയ്ക്കാൻ ഭർത്താക്കന്മാരെ പ്രേരിപ്പിക്കുന്നവർക്ക് ആമോസിന്റെ ശബ്ദം കഠിനമായിരുന്നു. ദൈവമായ കർത്താവ് അവിടത്തെ പരിശുദ്ധിയെ സാക്ഷിനിർത്തി ശപഥം ചെയ്തിരിക്കുന്നു. ശത്രു, നിങ്ങളെ കൊളുത്തിട്ടിഴയ്ക്കുന്ന നാൾ വരുന്നു. നിങ്ങളിൽ അവസാനത്തേതിനെയും അവർ ചൂണ്ടയിൽ കോർത്തുവലിക്കും. കർത്താവ് അരുൾചെയ്യുന്നു: ''നിങ്ങൾ ഓരോരുത്തരും അടുത്തുള്ള മതിൽപ്പിളർപ്പുകളിലൂടെ പുറത്തുകടക്കും. തഹർമോണിലേയ്ക്കു നിങ്ങൾ വലിച്ചെറിയപ്പെടും.''

ആമോസ്— 4:1–2.

ദരിദ്രരെ പീഡിപ്പിക്കുകയും അവശരെ ചവിട്ടി യരയ്ക്കുകയും, ഞങ്ങൾക്കു കുടിക്കാൻ കൊണ്ടുവരുക എന്നു ഭർത്താക്കൻമാരോടു പറയുകയും ചെയ്യുന്ന സമരിയാമലയിലെ ബാഷാൻ പശുക്കളേ ശ്രവിക്കുവിൻ. ദൈവമായ കർത്താവ് തൻെറ പരിശുദ്ധിയെ സാക്ഷി നിർത്തി ശപഥം ചെയ്തിരിക്കുന്നു. ശത്രു നിങ്ങളെ കൊളുത്തിട്ടിഴയ്ക്കുന്ന നാൾ വരുന്നു. നിങ്ങളിൽ അവസാനത്തേതിനെയും അവർ ചൂണ്ടയിൽ കോർത്തു വലിക്കും.

## 6 ഭാരം വല്ലാത്തഭാരം

സ്കൂൾ ദിവസം സമയം ഒമ്പതുമണി. കുട്ടികൾ ഇടമുറിയാതെ നാട്ടിൻപുറത്തെ തെന്നിത്തെറിച്ച വഴിയിലൂടെ മുമ്പോട്ടു നീങ്ങുന്നു എല്ലാവർക്കും പിടിപ്പതു പുസ്തകമുണ്ട്. കയ്യിൽ ഒതുങ്ങാഞ്ഞിട്ടാവും സഞ്ചിയിലാക്കി പുറത്തേററിയാണ് നടക്കുന്നതു്. നമ്മുടെ നാട്ടിൽ വിദ്യയ്ക്കെന്തു ളുക്കമാണിന്ന്. വർക്കുബുക്കുവേണം, നോട്ടുബുക്കുവേണം, പുസ്തകംവേണം, പകർത്തുബുക്കുവേണം എന്താണപേക്ഷിക്കാനുള്ളതു്. എല്ലാംവേണം. മക്കളുടെ പഠിത്തം മാതാപിതാക്കന്മാർക്കൊരു ഭാരം തന്നെ. കുട്ടികളുടെ സ്കൂളിൽ പോക്കുകണ്ടാൽ ചന്ദ്രഗിരിക്കോട്ടയിലേയ്ക്കോ ഹിമവാൻ സാനുക്കളിലേയ്ക്കോ എന്നു തോന്നിപ്പോകും. പുസ്തകവും പുറത്തേററി പാണ്ടിലോറി കയററി വരുന്നതുപോലെ ഒരു കൊച്ചു പയ്യനെകണ്ടപ്പോൾ സഹതാപം തോന്നി. കൈ താനേ നീണ്ടുപോയി. നീട്ടിയ കൈ പെട്ടെന്നു് പിൻവലിച്ചു. ഒരു പക്ഷേ ഇന്നു ഞാൻ അവനു സഹായമായിരി

ക്കാം, നളെ ഉപദ്രവകാരിയും. ഞാൻ സഹായിക്കില്ല. ഭാണ്ഡം ഇത്തിരിനേരം ഇറക്കിവെയ്ക്കാൻ കൈയ്യൊരാശ്വാസം നേടാൻ അവൻെറ മനസ്സു തേങ്ങി.

അവൻെറ തേങ്ങലുകൾ ഭാവിയിൽ കൂടുതൽ ഭാരങ്ങൾ വഹിയ്ക്കാൻ അവനെ ശക്തനാക്കുംപോലും. മാതാപിതാക്കന്മാരുടെയും ഗുരുജനങ്ങളുടെയും പ്രതീക്ഷയാണിതു്. ഇൻഡ്യൻ പ്രസിഡണ്ടാകുമ്പോൾ, പ്രധാനമന്ത്രിയാകുമ്പോൾ, സുപ്രീം കോടതി ജഡ്ജിയാകുമ്പോൾ രാഷ്ട്രീയനേതാവാകുമ്പോൾ, ഡോക്ടറാകുമ്പോൾ എൻജിനിയറാകുമ്പോൾ എൻെറ മകനു് വളരെ ഭാരങ്ങൾ വഹിക്കേണ്ടിവരും. അതിനാണവനെ ഇപ്പോഴേ വണ്ടിക്കാളയാക്കുന്നതു്.

മതാപിതാക്കൾ പേടിക്കരുതു്. ഒരു നാളിൽ, ഒരു സുപ്രഭാതത്തിൽ ആത്മവീര്യം നഷ്ടപ്പെട്ട അവൻ പറയും, എനിക്കുമതി. ഞാൻ ഭാരം ചുമന്നു മടുത്തു. ഇനിയും നിങ്ങളൊക്കെ എനിക്കുവേണ്ടി ഭാരം ചുമന്നുകൊള്ളൂ. എനിക്കാരുമാകണ്ട. ''ഭാരം വഹിച്ചു തളന്നവരെ നിങ്ങൾ എൻെറയടുക്കൽ വരുവിൻ'' ആത്മവീര്യം പകരുന്ന യേശുവിൻെറ ഈ വാക്കുകൾ അവൻെറ നാവിൻ തുമ്പത്തു് മാതാപിതാക്കൾ ഉരുവിട്ടുകൊടുത്തിരുന്നെങ്കിൽ അവൻെറ ഭാരം അവനു ലഘുവും മധുരവുമായി തീർന്നേനേ. ദൈവവിജ്ഞാനത്തിൽനിന്നും തങ്ങളുടെ കുട്ടികളെ അകററുവാൻ പരിശ്രമിക്കുന്ന മാതാക്കൾ കുട്ടികളെ ആത്മജ്ഞാനത്തിൽനിന്നും പിൻതിരിക്കുകയാവും ചെയ്യുക.

വി. മത്തായി 11:28–30.

> ''അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എൻെറ അടുക്കലേക്കു വരുവിൻ; ഞാൻ നിങ്ങൾക്കു് ആശ്വാസം നൽകാം. ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ എൻെറ നുകം വഹിച്ചു് എന്നിൽ നിന്നു പഠിക്കുവിൻ; അപ്പോൾ നിങ്ങൾക്കു ശാന്തി ലഭിക്കും. എൻെറ നുകം മധുരവും ചുമടു് ലഘുവുമാകുന്നു.''

# 7 പഠനത്തിൻെറ പിരിമുറുക്കം

എന്തൊരു ചൂട്, കോളേജുകളിലും സ്കൂളുകളിലും പരീക്ഷക്കാലമാകുമ്പോഠം, പഠനത്തിൻെറ പിരിമുറുക്കം കൂടുമ്പോഠം യുവജനങ്ങളുടെ പരാതിയാണിതു്. രാത്രിയെ പകലാക്കി പഠിക്കുന്ന കുട്ടികളുടെ ശരീരവും മനസ്സും പിരിമുറുക്കത്തിലാവും. വില്ലിലെ ഞാൺ എന്നപോലെ.

സുപ്രസിദ്ധ കാഥികനായ ഈസോപ്പ് തൻെറ മനസിൻേറതെന്നപോലെ ശരീരത്തിൻെറയും പിരിമുറുക്കം കുറയ്ക്കുന്നതിനുവേണ്ടി കുട്ടികളോടൊത്തു് കൂകിവിളിക്കുകയും, പൊട്ടിച്ചിരിക്കുകയും ചെയ്യുമായിരുന്നു. ഒരുദിവസം കുട്ടികളോടൊത്തു് കളിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ അതുവഴി കടന്നുപോയ ഒരു മനുഷ്യൻ ഈ കാഴ്ചകണ്ടു് അത്ഭുതപ്പെട്ടു. ഇതെന്തൊരു കൂത്തു്. മഹാനായ ഈ മനുഷ്യൻ ഈ കുട്ടികളോടുകൂടി ഓടുകയും കളിക്കുകയുംചെയ്യുന്നു. ഇദ്ദേഹത്തിൻെറ വിലയേറിയ സമയം വെറുതെ കളയുകയല്ലേ? അയാഠം ഈസോപ്പിനോടു് ഈക്കാര്യം ആരായുകയും ചെയ്തു. ഈസോപ്പ് ഉത്തരം ഒന്നും പറയാതെ വില്ലെടുത്തു വലിച്ചുമുറുക്കി കെട്ടിയിരുന്ന ഞാൺ അഴിച്ചശേഷം താഴെയിട്ടു. പിന്നീടു പറഞ്ഞു: ''സ്നേഹിതാ, അങ്ങു് അറിവുള്ളവനാണല്ലോ. വലിച്ചുമുറുക്കിയ ഞാൺ അഴിച്ച ഈ വില്ലു് സൂചിപ്പിക്കുന്നതു് എന്താണെന്നു പറയാമോ? എന്താണു് അതിൻെറ അർത്ഥം പറഞ്ഞുതന്നാലും.'' ഈസോപ്പ് തുടന്നു: ''ഒരു വില്ലു് എപ്പോഴും വലിച്ചുമുറുക്കി വെച്ചിരുന്നാൽ വഴങ്ങുകയും, വീണ്ടും പൂർവ്വനിലയിൽ ആകുകയും ചെയ്യാനുള്ള കഴിവു് നഷ്ടപ്പെടും. ഈ ശക്തിയാണല്ലോ അതിനു് ആക്കം നല്കുന്നതു്. ഇടയ്ക്കിടെ ഞാൺ അഴിച്ചുവിട്ടാൽ വില്ലിൻെറ ശക്തി നിലനിത്താൻ കഴിയും.''

വലിച്ചുമുറുക്കിയ ഞാണോടുകൂടിയ ഹൃദയമുള്ള രണ്ടുപേർ പ്രാത്ഥിക്കുവാൻ ദേവാലയത്തിൽ പ്രവേശിച്ചു. ഒന്നു ഫരിസയൻ അപരൻ ചുങ്കക്കാരൻ. രണ്ടുപേരും പ്രാത്ഥിച്ചു. ഫരിസയൻെറ പ്രാ

ത്ഥന താൻ എന്തോ ആണെന്നുള്ള ഭാവത്തിന്റെ പ്രകടനമായിരു ന്നു. എന്നാൽ ചുങ്കക്കാരനാകട്ടെ തന്റെ വല്ലായ്മയെ അനുസ്മരിച്ചു കൊണ്ടു് ദൈവമേ, പാപിയായ എന്നിൽ കനിയണമേ എന്ന തായിരുന്നു. ചുങ്കക്കാരൻ നീതികരിക്കപ്പെട്ടവനായി വീട്ടിലേക്കു മടങ്ങി. പ്രാത്ഥനയുടെ ഫലമായി ഹൃദയത്തിലും, ശരീരത്തിലും അദ്ദേഹം ആശ്വാസം കണ്ടെത്തി.

വി. ലൂക്കാ 18:9–14.

സ്വയം നീതിമാന്മാരാണെന്നു കരുതിക്കൊണ്ടു്, തങ്ങളെത്തന്നെ ആശ്രയിക്കുകയും മററുള്ളവരെ പുച്ഛിക്കുകയും ചെയ്യുന്നവരോടു് അവിടുന്നു് ഈ ഉപമ അരുളിച്ചെയ്തു: ''രണ്ടു പേർ പ്രാത്ഥിക്കുവാനായി ദേവാലയത്തിലേക്കു പോയി, ഒരുവൻ ഫ്രീശനും അപരൻ ചുങ്കക്കാരനും.

''ഫ്രീശൻ നിന്നുകൊണ്ടു് ഇങ്ങനെ സ്വയം പ്രാത്ഥിച്ചു, ''ദൈവമേ, അങ്ങേക്കു ഞാൻ നന്ദി പറയുന്നു. എന്തുകൊണ്ടെന്നാൽ, അക്രമികളും വ്യഭിചാരികളുമായ മററു മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ അല്ല ഞാൻ. ആഴ്ചയിൽ രണ്ടു പ്രാവശ്യം ഞാൻ ഉപവസിക്കുന്നു. ഞാൻ സമ്പാദിക്കുന്ന സകലത്തിന്റെയും ദശാംശം കൊടുക്കുന്നു.

''എന്നാൽ ആ ചുങ്കക്കാരൻ, ദൂരെനിന്നു്, സ്വർഗ്ഗത്തിലേക്കു് കണ്ണുകൾ ഉയർത്തുവാൻപോലും തുനിയാതെ, മാറത്തടിച്ചുകൊണ്ടു് ഇങ്ങനെ പ്രാത്ഥിച്ചു; 'ദൈവമേ, പാപിയായ എന്നിൽ കനിയേണമേ.' ഇയാൾ അപരനെക്കാൾ നീതികരിക്കപ്പെട്ടവനായി തന്റെ വീട്ടിലേക്കു മടങ്ങിപ്പോയി എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്തെന്നാൽ സ്വയം ഉയർത്തുന്നവൻ താഴ്ത്തപ്പെടും; സ്വയം താഴ്ത്തുന്നവൻ ഉയർത്തപ്പെടുകയും ചെയ്യും.''

# 8 നീതിയും കരുണയും തമ്മിൽ കണ്ടുമുട്ടി

ഒരു വീട്ടുടമസ്ഥൻ. അയാൾക്കു് വലിയൊരു മുന്തിരിത്തോട്ടം ഉണ്ടായിരുന്നു. തോട്ടത്തിലേക്കു ജോലിക്കാരെ വിളിക്കുവാൻ ഇറങ്ങിത്തിരിച്ചു. ഒരു ദനാറ കൂലിയായി തരാം എന്ന കരാറിൽ അവൻ കുറെപ്പേരെ ജോലിയടത്തേക്കയച്ചു. മൂന്നാം മണിക്കൂറിൽ പുറത്തേക്കിറങ്ങിയപ്പോൾ ചിലർ ചന്തസ്ഥലത്തു് അലസരായി തൊഴിലൊന്നുമില്ലാതെ നില്ക്കുന്നതുകണ്ടു അവൻ അവരെ വിളിച്ചു: നിങ്ങൾ മുന്തിരിത്തോട്ടത്തിലേക്കു ചെല്ലുവിൻ ന്യായമായ വേതനം ഞാൻ തരാം. അവർ മുന്തിരിത്തോട്ടത്തിലേക്കു പോയി. ആറാം മണിക്കൂറിലും ഒമ്പതാംമണിക്കൂറിലും പതിനൊന്നാം മണിക്കൂറിലും അവൻ പുറത്തേക്കിറങ്ങിയപ്പോൾ ഇതുതന്നെ സംഭവിച്ചു. ഇഷ്ടംപോലെ പണിക്കാർ. അവരെയെല്ലാം അവൻ സാമാന്യം നല്ല വേതനംതരാം എന്നു പറഞ്ഞുകൊണ്ടു് വേലസ്ഥലത്തേക്കയച്ചു. സമയം വൈകി. എല്ലാവരും പണിയവസാനിപ്പിച്ചു കൂലിക്കുവേണ്ടി കാര്യസ്ഥനെ സമീപിച്ചു. മുന്തിരിത്തോട്ടത്തിൻെറ ഉടമസ്ഥൻ കാര്യസ്ഥനെ വിളിച്ചിട്ടു പറഞ്ഞു: അവസാനം വന്നവർതുടങ്ങി ആദ്യംവന്നവക്കുവരെ കൂലികൊടുക്കുക. പതിനൊന്നാം മണിക്കൂറിൽ വന്നവക്കു് ഓരോ ദനാറ ലഭിച്ചു. ആദ്യംവന്നവർ തങ്ങൾക്കു് ഒരുപക്ഷേ കൂടുതൽ കിട്ടുമെന്നു കരുതി. എന്നാൽ അവക്കും ഓരോ ദനാറ തന്നെ കിട്ടി.

ഒരു പ്രത്യേകതരത്തിലുള്ള കൂലിസമ്പ്രദായം. മുമ്പന്മാർ പിമ്പന്മാരാക്കപ്പെടുന്നു. പതിനൊന്നാം മണിക്കൂറിൽ വന്നവനു് ആദ്യം കൂലിലഭിച്ചു. ഒരു ദനാറ. പകലിൻെറ ആദ്യയാമത്തിൽ വന്നവനും അത്രയുംതന്നെ. ആദ്യം എത്തിയവർ പിറുപിറുത്തു കണ്ണിൽകണ്ണിൽ നോക്കി. കാര്യസ്ഥൻെറനേരെ പല്ലിറുമ്മി. യജമാനൻെറ നേരെ ചോദ്യശരങ്ങൾ അയച്ചു. പകലിൻെറ അദ്ധ്വാനവും ചൂടും സഹിച്ച ഞങ്ങളോടു് അവരെ നീ തുല്യരാക്കിയല്ലോ? അവൻ അവരിലൊരുവനെ വിളിച്ചു് അടുക്കൽ നിർത്തിയിട്ടു പറഞ്ഞു:

''സ്നേഹിതാ ഞാൻ നിന്നോട്ട് ഒരനീതിയും ചെയ്യുന്നില്ല. ഒരു ദനാറയ്ക്കല്ലേ നീ എന്നോട്ട സമ്മതിച്ചിരുന്നതു്. നിനക്കു് നീതി യായി അവകാശപ്പെട്ടതു് ഞാൻ തന്നുകഴിഞ്ഞു. അവസാനംവന്ന ഇവക്കു് നിനക്ക നല്കിയതുപോലെതന്നെ നല്ലാനാണു് ഞാൻ ഇഷ്ടപ്പെടുന്നതു്. ഇവരോടുള്ള എൻെറ കാരുണ്യം നിൻെറ അവ കാശത്തിനു് ഒരിക്കലും തടസ്സമല്ല.

നീതിയും കരുണയും രണ്ടു സൽസ്വഭാവങ്ങളാണു്. പക്ഷേ രണ്ടുംതമ്മിൽ ചേച്ച്യില്ല. കരുണയോട്ട് മമതകാണിച്ചാൽ നീതി കൈവിട്ടുപോകും. നീതിയോട്ട് സ്നേഹം കാണിച്ചാൽ കരുണ വെറുക്കപ്പെടും ലോകഗതിയാണിതു്. പക്ഷേ യേശുവാകുന്ന മുന്തി രിത്തോട്ടക്കാരനിൽ നീതിയും കരുണയും തമ്മിൽ കണ്ടുമുട്ടുന്നുണ്ടു്. നമ്മുടെ തൊഴിൽരംഗങ്ങളും നീതിയുടെയും കരുണയുടെയും വിള നിലങ്ങളാവണം.

വി. മത്തായി 20 : 13–16

''അദ്ദേഹം അവരിൽ ഒരുത്തനോട്ട പറഞ്ഞു, 'സ്നേ ഹിതാ, നിന്നോട്ട ഞാൻ യാതൊരനീതിയും പ്ര വത്തിക്കുന്നില്ല. എന്നോട്ട് ഒരു ദനാറായ്ക്കല്ലേ നീ സമ്മതിച്ചിരുന്നതു്. നിനക്കുള്ളതു വാങ്ങി നീ പോകുക. നിനക്ക തന്നതുപോലെ അവസാനം വന്ന ഇയാൾക്കും കൊടുക്കുവാൻ ഞാൻ ഇഷ്ടപ്പെടു ന്നു. എൻെറ വസ്തുവകകൾകൊണ്ടു് എനിക്കിഷ്ടം ഉള്ളതു ചെയ്വാൻ പാടില്ലെന്നോ? ഞാൻ നല്ലവ നായതുകൊണ്ടു് നിൻെറ കണ്ണു് ചീത്തയെന്നോ? ഇതുപോലെ തന്നെ, പിമ്പന്മാർ മുമ്പന്മാരാകും; മുമ്പന്മാർ പിമ്പന്മാരാകും.''

# 9 ദൈവം മരിച്ചു

പത്തൊൻപതാം നൂററാണ്ടിൻെറ പിറവിയോടുകൂടി ജന്മമെടുത്ത ഒരു പുതിയ തത്ത്വചിന്തയുടെ പരിണതഫലമായി മനുഷ്യൻ ലക്ഷ്യബോധമില്ലാത്തവനായിത്തീൎന്നു. ഇന്നത്തെ യുവജനങ്ങളെ ഈ പ്രവണത വളരെയധികം സ്വാധീനിക്കുന്നുണ്ടു്. നീഷേ, സാർത്ര് മുതലായവരാണു് ഈ തത്ത്വചിന്തയുടെ പ്രചാരകരു്. മനുഷ്യൻെറ അടിസ്ഥാനപരമായ എല്ലാ പ്രശ്നങ്ങൾക്കും ഈ തത്വചിന്ത പരിഹാരമുണ്ടാക്കുമെന്നു് തൽപ്രണേതാക്കൾ വിശ്വസിച്ചു.

ദൈവം മരിച്ചുവെന്നു് അവർ കൊട്ടിഘോഷിച്ചു. കലാകാരന്മാരും, ചിത്രകാരന്മാരും, നോവലിസ്ററുകളുമെല്ലാം ദൈവത്തെ നീക്കിനിൎത്തിക്കൊണ്ടുള്ള കലാസൃഷ്ടികൾക്കു ജന്മമേകി. പുതിയ തലമുറകൾ അതിൽ ആഹ്ലാദംകൊണ്ടു. പക്ഷേ ഈ തത്വചിന്ത മനുഷ്യൻെറ മൗലികപ്രശ്നങ്ങൾക്കു് ഉത്തരം നല്കിയില്ല. മനുഷ്യൻ ചെയ്യുന്ന തിന്മകൾ കണ്ടുകൊണ്ടു് അവനെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ടെന്നുള്ള ആശയം നീഷേയ്ക്കു് നിഷേധിക്കേണ്ടതായിവന്നു. പ്രപഞ്ചം അൎത്ഥശൂന്യമാണെന്നും മനുഷ്യൻ അതിനുമീതെ ഉയൎന്നും അതിമാനുഷനായിത്തീരണമെന്നും വാദിച്ച നീഷേയുടെ അന്ത്യം ഒരു ഭ്രാന്താലയത്തിലായിരുന്നു. ഈദൃശമായ നൂതനദശ്നങ്ങളോടൊപ്പം അവയുടെ വക്താക്കളും തിരോധാനംചെയ്തുകൊണ്ടിരിക്കുകയാണു്. ഭൗതികതയ്ക്കപ്പുറത്തുള്ളതിനെപ്പററി നമുക്കു് യാതൊന്നും അറിഞ്ഞുകൂടെന്നു് വാദിക്കുന്ന സാഹിത്യകാരന്മാരിൽ ഒരാളായിരുന്നു എച്ച്. ജി. വെൽസ്. 1946–ലാണു് അദ്ദേഹം അന്തരിച്ചതു്. അദ്ദേഹത്തിൻെറ അന്ത്യം കൊടിയ നൈരാശ്യത്തിലും മോഹഭംഗത്തിലുമായിരുന്നു.

യേശുവിൻെറ സ്നേഹപാരമ്യം ശരിക്കും മനസ്സിലാക്കിയ പൗലോസ് അപ്പസ്തോലൻ യേശുക്രിസ്തുവിൻെറ സ്നേഹത്തിൽനിന്നു് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ ദുരിതമോ, പീഡനമോ പട്ടിണിയോ, നഗ്നതയോ ആപത്തോ വാളോ? എന്നു ചോ

ദിക്കുന്നുണ്ട്. ഇതേ ആശയംതന്നെയാണ് മാഗ്റിഡ്ജിനും ഉണ്ടായിരുന്നതു്. തന്നെ സംബന്ധിച്ചിടത്തോളം ക്രിസ്തുവില്ലാത്ത ജീവിതം ശൂന്യമാണെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നതു്. മനുഷ്യൻ ശാസ്ത്രത്തേയും തത്വചിന്തകളെയും കണ്ടെത്തിയെങ്കിലും അതു മനുഷ്യനെ ശൂന്യതയിൽനിന്നും ശൂന്യതയിലേയ്ക്കു് നയിക്കുവാനേ ഉപകരിക്കുകയുള്ളു. ദൈവത്തെ കൂടാതെയുള്ള പോക്കു് ശൂന്യതയിലേയ്ക്കും ആയിരിക്കുമെന്നു് നാം മനസ്സിലാക്കേണ്ട കാലം വൈകിയിരിക്കുന്നു.

റോമാ, 8: 37–39

നമ്മെ സ്നേഹിച്ചവൻവഴി ഇവയിലെല്ലാം നാം പൂർണ്ണവിജയം നേടിയിരിക്കുന്നു. കാരണം, മരണത്തിനോ ജീവനോ ദൈവദൂതന്മാർക്കോ ആധിപത്യങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ, ഉയരത്തിനോ ആഴത്തിനോ മററെന്തെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ ഈശോമിശിഹായിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്നു് നമ്മെ വേർപെടുത്താൻ ഒരു കാലത്തും സാദ്ധ്യമല്ലെന്നു് എനിക്കു് ഉറപ്പുണ്ട്.

## 10 സ്നേഹത്തിൽനിന്നുദിക്കുന്ന ലോകം

'സ്നേഹം', ഏററവുംകുറഞ്ഞ അക്ഷരംകൊണ്ടു് കൊരുത്തെടുത്ത ഏററവുംവലിയ പദം. മലയാളഭാഷയ്ക്കു മാത്രമല്ല, ലോകഭാഷകളിലെല്ലാം ഈ അർത്ഥം ജനിപ്പിക്കുന്ന വാക്കിനു് അമിതപ്രാധാന്യമുണ്ട്. സ്നേഹത്തിൽനിന്നാണ് കറകളഞ്ഞ സാഹിത്യം ജനിക്കുക. സ്നേഹത്തിൽനിന്നാണ് കലയുണ്ടാവുക. സ്നേഹത്തിൽനിന്നാണ് ശാസ്ത്രവും. മാതാപിതാക്കന്മാർ കുട്ടികൾക്കു ജന്മംനല്കുന്ന

തും, ജഗദീശൻ ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതും സ്നേഹത്തിലൂടെയാണ്. സ്നേഹത്തിൽ ഉദയംകൊണ്ട ലോകം, സ്നേഹത്തിൽ വളരുന്ന ലോകം, സ്നേഹത്തിൽ പുലരേണ്ട ലോകം. ഈ സ്നേഹലോകത്തിൽ ജനിച്ചതാണ് നമ്മുടെ ഏററവുംവലിയ ശാപം. നാം സ്നേഹത്താൽ ദിവസവും ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, വേദനിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ആരുടെയൊക്കെയോ സ്നേഹത്തിനുവേണ്ടി നമ്മുടെ മനസ്സ് ദാഹിക്കുന്നു. ദാഹജലത്തിനുവേണ്ടി കേഴുന്ന വേഴാമ്പലിനെപ്പോലെ.

ഒരു പിഞ്ചുകുഞ്ഞിന്റെ പിച്ചവയ്ക്കൽപോലെ മനസ്സിന്റെ ചുവടുവയ്പുകൾ ചിന്നിച്ചിതറി നീങ്ങുന്നു. ജനിച്ചുവീണ ഈ പ്രപഞ്ചം നിയമംകൊണ്ടു നമ്മെ ശ്വാസംമുട്ടിച്ചു. നമുക്കുചുററിലുമുള്ള പ്രപഞ്ചം നമ്മേ വെറുത്തു. സഹോദരന്മാർ എന്നു കരുതിയവർ നമുക്കുമുമ്പിൽ വിലങ്ങുകളും വിലക്കുകളുമുയർത്തി. ലോകത്താൽ വെറുക്കപ്പെട്ട്, സഹോദരന്മാരാൽ ഉപേക്ഷിക്കപ്പെട്ട് ഒരു സ്നേഹകണികയായി നാമീ പാഴ്മണ്ണിൽ ഉപേക്ഷിക്കപ്പെട്ടു. കാലവർഷവും പ്രതീക്ഷിച്ചുകൊണ്ടുള്ള ആ കിടപ്പ് എത്ര നീണ്ടുവെന്നറിയില്ല. യേശുവിന്റെ സ്നേഹവർഷം നമ്മെ ഒരിക്കൽക്കൂടി ഉണർത്തി അവിടത്തെ സ്വരം നാം കേട്ടു. 'ഞാൻ സ്നേഹമാകുന്നു.'

സ്നേഹം മനുഷ്യനെ മനുഷ്യനായിക്കാണും. മനുഷ്യനും മനുഷ്യനുമിടയ്ക്ക് മനുഷ്യൻ വളർത്തുന്ന മതിലുകളെ അതു നിലംപരിശാക്കും. മനുഷ്യയാതനയുടെ മുന്നിൽ അതു വിങ്ങിപ്പൊട്ടി കരയും. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല. പ്രവചനങ്ങൾ കടന്നുപോകും. ഭാഷകൾ ഇല്ലാതാകും. വിജ്ഞാനം തിരോഭവിക്കും. നമ്മുടെ അറിവും പ്രവചനവും അപൂർണ്ണമാണ്.'' എങ്കിലും സ്നേഹം നിലനില്ക്കും. സ്നേഹം അനശ്വരമാണ്.

1 കൊറി. 13: 4–7

സ്നേഹം ക്ഷമയുള്ളതും ദയയുള്ളതുമാണ്. സ്നേഹം അസൂയപ്പെടുന്നില്ല; സ്നേഹം സ്വയം പ്രശംസിക്കുന്നില്ല; അഹങ്കരിക്കുന്നുമില്ല. സ്നേഹം പരുഷമല്ല,

അതു സ്വാത്ഥം തേടുന്നില്ല; കോപിക്കുന്നില്ല, തിന്മ വിചാരിക്കുന്നില്ല; അതു അധമ്മത്തിൽ സന്തോഷിക്കുന്നില്ല; സത്യത്തിൽ ആനന്ദം കൊള്ളുന്നു. സ്നേഹം എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം പ്രതീക്ഷിക്കുന്നു, എല്ലാം ക്ഷമിക്കുന്നു.

## 11 എൻെറ പണസഞ്ചിയും ധാന്യപ്പുരയും നിങ്ങളുടെ വീടുകളാണ്

ടാഗോർ പറഞ്ഞ വളരെ ശ്രദ്ധേയമായ ഒരു കഥയുണ്ട്. അതിങ്ങനെയാണ്. ഒരിക്കൽ ശ്രവാസ്തിയിൽ പഞ്ഞം പടർന്നുപിടിച്ചു. ശ്രീബുദ്ധൻ അനുയായികളെയെല്ലാം വിളിച്ചുകൂട്ടി. പാവപ്പെട്ടവക്കു ഭക്ഷണംകൊടുക്കുവാൻ ആർ മുന്നോട്ടുവരും എന്നു ആരാഞ്ഞു. രത്നാകരൻ ഒരു ബാങ്കുകാരനാണ്. അയാഠം പറഞ്ഞു: പാവങ്ങളെ പോററാനാണെങ്കിൽ എനിക്കു് ഇപ്പോഴുള്ളതിനേക്കാഠം എത്രയോ കൂടുതൽ വേണ്ടിയിരിക്കുന്നു. രാജാവിൻെറ സൈന്യത്തലവൻ പറഞ്ഞു: വേണമെങ്കിൽ എൻെറ ജീവരക്തം സന്തോഷത്തോടുകൂടി നല്കാമായിരുന്നു. പക്ഷേ ഭക്ഷണംനല്കാൻ എന്നെക്കൊണ്ടു കഴിവില്ല. വലിയൊരു ഭൂവുടമയായിരുന്ന ധർമ്മപാലൻ പറഞ്ഞു: മഴയും വെള്ളവുമില്ലാത്തതുമൂലം എൻെറ വിളകളെല്ലാം കരിഞ്ഞുപോയി. രാജാവിനു കൊടുക്കേണ്ട കടംവീട്ടാൻപോലും എനിക്കു കഴിവില്ല. ഇത്രയുമായപ്പോഠം ഒരു ഭിക്ഷാംദേഹിയുടെ മകഠം സുപ്രിയ എഴുന്നേററുപറഞ്ഞു. വിശക്കുന്നവക്കു ഞാൻ ഭക്ഷണംകൊടുത്തുകൊള്ളാം. എങ്ങനെ? എല്ലാവരും അത്ഭുതത്തോടെ ചോദിച്ചു. അവഠം പറഞ്ഞു: എൻെറ പണസഞ്ചിയും ധാന്യപ്പുരയും നിങ്ങളുടെ വീടുകളാണ്.

യേശു തിബേരിയോസ് കടലിൻെറ മറുകരയിലേയ്ക്കു പോയി. യഹൂദരുടെ പെസഹാത്തിരുനാരം അടുത്തിരുന്നു. യേശു കണ്ണുകളുയർത്തിനോക്കിയപ്പോരം ഒരു വലിയ ജനതതി അവൻെറ അടുക്കലേയ്ക്കു വരുന്നതുകണ്ടു. ഇവക്കു ഭക്ഷിക്കുവാൻ നാം എവിടെ നിന്നു് അപ്പം വാങ്ങും. ശിഷ്യക്കു് സംശയമായി. ഓരോരുത്തക്കും അല്പംവീതം കൊടുക്കാൻ ഇരുന്നൂറു ദനാറായ്ക്കുള്ള അപ്പംപോലും തികയുകയില്ല. അഞ്ചു ബാർലിയപ്പവും രണ്ടു മീനും കൈവശമുള്ള ഒരു കുട്ടി അവരുടെയിടയിൽ ഉണ്ടായിരുന്നു. അവൻെറ പക്കൽനിന്നും ആ അപ്പവും മീനും വാങ്ങി വദ്ധിപ്പിച്ചു് അവൻ അവക്കു നൽകി. ധാരാളം ആളുകരം ഭക്ഷിച്ചു് തൃപ്തരായി.

യേശുവിനു് വിശപ്പിൻെറ വിളി അറിയാമായിരുന്നു. അവിടന്നു് ദാഹിച്ചു തളർന്നിട്ടുണ്ടു്; വിശന്നു വലഞ്ഞിട്ടുണ്ടു്. പലപ്പോഴും ദരിദ്രനേ ദരിദ്രൻെറ മുട്ടപാടുകരം അറിയാൻ സാധിക്കൂ. അതുകൊണ്ടാവും വിശന്നുവലഞ്ഞ ആ ജനത്തെ അവിടന്നു വെറുംകൈയായി പറഞ്ഞയയ്ക്കാതിരുന്നതു്. മററുള്ളവരുടെ ധാന്യപ്പുരയും പണസഞ്ചിയുമായിരുന്നു അവിടുത്തെ സമ്പത്തു്. ആരംക്കൂട്ടത്തിലുള്ള ബാലനിൽനിന്നും അഞ്ചു ബാർലിയപ്പവും രണ്ടു മീനും മേടിച്ചു് അവിടന്നു് ഈ തത്വം തെളിയിക്കുകയായിരുന്നു. സമ്പന്നരാഷ്ട്രങ്ങരം തങ്ങളുടെ സാമ്പത്തികനയം സംരക്ഷിക്കാൻവേണ്ടി അധികമുള്ള ധാന്യം കടലിൽ തള്ളുന്നുണ്ടെങ്കിൽ സമ്പന്നർ സാധനങ്ങളുടെ വില അമിതമായി ഉയർത്തുന്നതിനുവേണ്ടി പൂഴ്ത്തിവയ്പ്പ് നടത്തുന്നുണ്ടെങ്കിൽ അതു് ദൈവനീതിയായിരിക്കയില്ല. മനുഷ്യത്വരഹിതമാണു്.

വി. യോഹ. 6: 10–12

ഈശോ അരുളിച്ചെയ്തു: ''ആളുകളെയെല്ലാം ഭക്ഷണത്തിനിരുത്തുവിൻ.'' ആ സ്ഥലത്തു ധാരാളം പുല്ലുണ്ടായിരുന്നു. ഏകദേശം അയ്യായിരം പുരുഷന്മാർ അവിടെ ഇരുന്നു. അനന്തരം ഈശോ അപ്പമെടുത്തു കൃതജ്ഞതാസ്തോത്രം ചെയ്തശേഷം, ഇരുന്നവക്കു ഭാഗിച്ചുകൊടുത്തു. അപ്രകാരംതന്നെ മീനും അവക്കു വേണ്ടുവോളം നൽകി. അവർ ഭക്ഷിച്ചു തൃപ്തരായപ്പോരം അവിടന്നു ശിഷ്യരോടരുരംച്ചെയ്തു.

''ഒന്നും നഷ്ടപ്പെടാതിരിക്കുവാൻ ശേഷിച്ച കഷണങ്ങരം ശേഖരിക്കുവിൻ.'' അവർ അവ ശേഖരിക്കുകയും അഞ്ചു ബാർലി അപ്പത്തിൽനിന്നു് ഭക്ഷിച്ച ശേഷം ബാക്കിവന്ന കഷണങ്ങരംകൊണ്ടു് പന്ത്രണ്ടുകുട്ട നിറയ്ക്കുകയുംചെയ്തു.

# 12 കലത്തിലെ മാവു തീർന്നുപോയില്ല ഭരണിയിലെ എണ്ണ വററിയുമില്ല

ആഹാബിൻെറ ഭരണകാലത്തു് വലിയൊരു വരരംച്ചയുണ്ടായി. കർത്താവു് ഏലിയായോടു് അരുരംചെയ്തു. നീ പുറപ്പെട്ടു് ജോർദാനു കിഴക്കുള്ള കെറീത്തു് അരുവിക്കു സമീപം ഒളിച്ചുതാമസിക്കുക. അവിടെ നിനക്കു വെള്ളംകിട്ടും. നിനക്കു ഭക്ഷണം എത്തിച്ചുതരുന്നതിനു് കാക്കകളോടു് ഞാൻ കല്പിച്ചിട്ടുണ്ടു്. ഏലിയാ കർത്താവിൻെറ കല്പനപ്രകാരം ജോർദാനു കിഴക്കു് കെറീത്തു് നീർച്ചാലിനരികെ ചെന്നു താമസിച്ചു. കാക്കകരം അവനു് കാലത്തും വൈകിട്ടും അപ്പവും മാംസവും കൊണ്ടുകൊടുത്തു. വരരംച്ചയുടെ ശക്തികൊണ്ടു് കുറെനാരം കഴിഞ്ഞപ്പോരം അരുവി വററി. കുടിജലം ഇല്ലെന്നായി. അപ്പോരം കർത്താവു് ഏലിയായോടു പറഞ്ഞു നീ സീദോനിലെ സറേഫാത്തിലേക്കു് പോവുക. ഏലിയാ പട്ടണകവാടത്തിലെത്തിയപ്പോരം ഒരു വിധവ വിറകുശേഖരിക്കുന്നതു കണ്ടു. അവൻ അടുത്തുചെന്നു് അവളോടു് അല്പം വെള്ളം കൊണ്ടുവരിക എന്നു പറഞ്ഞു. വെള്ളം എടുക്കാൻ വേണ്ടി പുറപ്പെട്ടപ്പോരം കുറച്ചു് അപ്പവും ആവശ്യപ്പെട്ടു. അവരം പറഞ്ഞു, ''എൻെറ കൈയിൽ അപ്പമില്ല, ആകെയുള്ളതു് കലത്തിൽ ഒരുപിടി മാവും ഭരണിയിൽ അല്പം എണ്ണയുമാണു്. ഈ വിറകു കൊണ്ടുചെന്നു് അപ്പം ഉണ്ടാക്കി എനിക്കും എൻെറ മക

നം കഴിക്കണം. പിന്നെ ഞങ്ങ൦ മരിക്കും. ഏലിയാ അവളോടു പറഞ്ഞു നീ പറഞ്ഞതുപോലെ ചെയ്യുക. പക്ഷേ ആദ്യം എനിക്കു് ഒരു ചെറിയ അപ്പം ഉണ്ടാക്കിത്തരണം. പിന്നെ നിനക്കും മകനുംവേണ്ടി ഉണ്ടാക്കിക്കൊള്ളുക. എന്തെന്നാൽ ഭൂമിയിൽ മഴയുണ്ടാകുന്നതുവരെ കലത്തിലെ മാവു തീൎന്നുപോവുകയില്ല; ഭരണിയിലെ എണ്ണ വററുകയുമില്ല. അവ൦ ഏലിയാ പറഞ്ഞതുപോലെ ചെയ്തു. അങ്ങനെ അവളും കുടുംബവും അവനും അനേകദിവസം ഭക്ഷണം കഴിച്ചു.

ഉള്ള മാവും എണ്ണയുംകൊണ്ടു് അപ്പം ഉണ്ടാക്കി കഴിച്ചിട്ടു് മരിക്കാൻ കാത്തിരുന്ന വിധവയും മകനും ജീവിച്ചു. ദിവസങ്ങളോളം അവർ സുഭിക്ഷമായി ഭക്ഷണംകഴിച്ചു. അവരുടെ കലത്തിലെ മാവു തീൎന്നുപോയില്ല. ഭരണിയിലെ എണ്ണ വററിയുമില്ല. ഒന്നും തന്നിലേക്കു് അടുപ്പിക്കാതെ താൻതന്നെ മററുള്ളവൎക്കുവേണ്ടി ആയിത്തീരുമ്പോ൦, ഇതാണു സംഭവിക്കുക. നമ്മുടെ ഇല്ലായ്മയിൽ നിന്നു് ഒരു ചെറിയ അപ്പംചുട്ടു വിശക്കുന്നവനു കൊടുക്കുവാനുള്ള വിശാലഹൃദയം നമക്കുണ്ടോ.

1 രാജാക്കന്മാർ 17:13–16

ഏലിയാ അവളോടു പറഞ്ഞു. ഭയപ്പെടേണ്ടാ, നീ ചെന്നു് പറഞ്ഞതുപോലെ ചെയ്യുക. എന്നാൽ ആദ്യം അതിൽനിന്നു ചെറിയ ഒരപ്പം ഉണ്ടാക്കി എനിക്കുകൊണ്ടു വരണം. പിന്നെ നിനക്കും മകനുംവേണ്ടി ഉണ്ടാക്കിക്കൊള്ളുക. എന്തെന്നാൽ, താൻ ഭൂമിയിൽ മഴ പെയ്യിക്കുന്നതുവരെ കലത്തിലെ മാവുതീർന്നുപോവുകയില്ല; ഭരണിയിലെ എണ്ണ വററുകയുമില്ല എന്നു് ഇസ്രായേലിൻെറ ദൈവമായ കൎത്താവു് അരുളിച്ചെയ്യുന്നു. അവ൦ ഏലിയാ പറഞ്ഞതുപോലെ ചെയ്തു. അങ്ങനെ അവളും കുടുംബവും അവനും അനേക ദിവസം ഭക്ഷണം കഴിച്ചു. ഏലിയാവഴി കൎത്താവു് അരുളിച്ചെയ്തതുപോലെ കലത്തിലെ മാവുതീർന്നുപോയില്ല. ഭരണിയിലെ എണ്ണവററിയുമില്ല.

## 13 ശാന്തി തേടി

ശാന്തിതേടി നടക്കുന്നവരെ കണ്ടുവോ? കായൽപ്പുറങ്ങളിൽ, കടൽതീരങ്ങളിൽ, കന്യാകുമാരിയിൽ, കോവളത്തു്, വിവേകാനന്ദപ്പാറയിൽ, ശാന്തി, ശാന്തി, ശാന്തി, നീട്ടി ഉച്ചരിക്കുന്ന രണ്ടക്ഷരംകൊണ്ടുള്ള ഈ വാക്കിനു് എന്തേ ഇത്ര പ്രാധാന്യം. അതൊരിടത്തുനിന്നും ലഭിക്കുകയില്ലേ? ആക്കും കൊടുക്കാനും കഴിയില്ലേ? അത്ര വിലയാണോ ശാന്തിക്കു്? അതേ ശാന്തിപ്രസംഗിച്ച് കാശുണ്ടാക്കുന്നവർക്കുപോലും ശാന്തി കാണാപ്പൊന്നാണു്. അവരിലും ശാന്തിയില്ല. സമാധാനമില്ല. ഉള്ളു് ശൂന്യമാണു്. പറയുന്നതെല്ലാം പൊള്ളത്തരം.

ആഴ്ചയുടെ ആദ്യദിവസമായ അന്നു വൈകിട്ടു് ശിഷ്യന്മാർ യഹൂദന്മാരോടുള്ള ഭയംനിമിത്തം കതകു് അടച്ചിരിക്കെ യേശു വന്നു് അവരുടെ മദ്ധ്യേനിന്നു് (ജോൺ 20/14) അവരോടു പറഞ്ഞു: നിങ്ങൾക്കു് സമാധാനം അന്നു ജറുസലേമിൽ ജനം രണ്ടുതട്ടിലായിരുന്നു. ക്രിസ്തുവിനെ പിഞ്ചെന്നവരും എതിർത്തവരും. പിഞ്ചെന്നവരിൽ ഏറെപ്പേരും ഒരു സാധാരണ മനുഷ്യൻ എന്ന സങ്കല്പത്തിലാണു് അവിടുത്തെ ചുററിലും കൂടിയതു്. വിരലേൽ എണ്ണാൻ മാത്രം ഉണ്ടായിരുന്ന അവർ യഹൂദരെ ഭയന്നു് കതകുകൾ കൊട്ടിയടച്ചു് ഒളിച്ചുകഴിയുകയായിരുന്നു. ക്രിസ്തുവിനെ കുരിശിലേററിയവരും ഭയചകിതരായിരുന്നു. ശിഷ്യരെങ്ങാനും മൃതദേഹം മോഷ്ടിച്ചു് അവൻ പ്രവചിച്ചിരുന്നതുപോലെ ഉയിർത്തെഴുന്നേററു എന്നു പറഞ്ഞുപരത്തിയാലോ എന്നതായിരുന്നു അവരുടെ ഭയം. അങ്ങനെ ജറുസലേം മുഴുവൻ അസമാധാനത്തിൻെറ കരിനിഴലിൽ കഴിഞ്ഞിരുന്ന ദിവസങ്ങളായിരുന്നു അവ.

ശത്രുക്കൾക്കും മിത്രങ്ങൾക്കും ഒന്നുപോലെ ഉറക്കമില്ലാത്ത രാത്രികൾ. അവർക്കുവേണ്ടിയിരുന്നതു് ശാന്തിമാത്രമായിരുന്നു, സമാധാനത്തിൻെറ സന്ദേശമായിരുന്നു. ആ സന്ദേശവുമായിട്ടാണു്

യേശു ശിഷ്യന്മാരുടെ മുമ്പിലെത്തിയതു്. ലോകത്തിനു മുഴവൻ അവിടുന്നു നല്കിയ സന്ദേശം. ദൈവം ലോകത്തിനു നല്കുന്ന ഏററവും വലിയ അനുഗ്രഹവും സമാധാനംതന്നെ. സമധയിൽ മനസ്സു് ആധനംചെയ്യപ്പെടുന്നതിൻെറ ഫലമാണു് സമാധാനം. മനസ്സിൽ പുലത്തുന്ന സന്തുലിതത്വം തന്നെയാണു് സമാധാനത്തിൻെറ ഭാവം. നമ്മുടെ ആഗ്രഹങ്ങരം, ആശങ്കകരം, ആകലതകരം, വ്യഗ്രതകരം ഇവയെല്ലാമാണു് സമാധാനത്തിൻെറയും അസമാധാനത്തിൻെറയും ആസ്പദം. സന്മനസ്സുള്ള മനസ്സിനുമാത്രമേ സമാധാനം ആസ്വദിക്കുന്നതിനു സാധിക്കു. നിശ്ചയം.

വി. ലൂക്കാ 2: 13–14.

പെട്ടെന്നു് ഒരു സ്വർഗ്ഗീയ സൈന്യവ്യൂഹം ദൂതനോടുകൂടെ പ്രത്യക്ഷപ്പെട്ടു് ദൈവത്തെ പ്രകീത്തിച്ചുകൊണ്ടു പറഞ്ഞു:

''അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം, ഭൂമിയിൽ ദൈവപ്രസാദമുള്ളവക്കു ശാന്തി.''

# 14 ഹീറോ ബോയ്

ട്രിവർ സിനിമാ ഉടനെ പുറത്തിറങ്ങും. ആരാണെന്നോ ഈ ട്രിവർ. അമേരിക്കയിൽ ഫിലാഡൽഫിയായിൽ ഏഴാംതരത്തിൽ പഠിക്കുന്ന പന്ത്രണ്ടുവയസ്സുള്ള ഒരു കൊച്ചുമിടുക്കൻ. അവൻെറ മുഴവൻപേരും ട്രിവർ ഫെറൽ എന്നാണു്. പ്രസിദ്ധ പുസ്തകപ്രസാധകരായ ഹാർപ്പർ ആൻഡ് റോ, ട്രിവറുടെ ജീവിതകഥ ഉടൻ പുസ്തകമായി പ്രസിദ്ധീകരിക്കും. സ്റ്റാർവാഴ്സിൻെറ സംവിധായകനായ സ്റ്റിവൻസ്പിൽബർഗ് കൽക്കട്ടയിൽപോയി തിരിച്ചുവന്ന ഈ പയ്യൻെറ ജീവിതം അഭ്രപാളികളിൽ പകത്തുവാൻപോകുന്നു.

വെറും രണ്ടാഴ്ചകൊണ്ടാണ് ട്രിവർ അമേരിക്കക്കാരുടെ ശ്രദ്ധമുഴുവൻ പിടിച്ചുപററി ഹീറോബോയ് ആയിത്തീർന്നത്.

പാവങ്ങളോടുള്ള കരുണാമസൃണമായ പെരുമാററം അതാണവനു് ലോകശ്രദ്ധ നേടിക്കൊടുത്തതു്. വേനക്കാല അവധി കൂട്ടുകാരോടൊപ്പം കളിച്ചുനടക്കേണ്ട ആ പണക്കാരൻ പയ്യൻ കൽക്കത്തയിലെത്തി അഗതികളുടെ അമ്മയോടൊപ്പം ചേരിനിവാസികളോടുകൂടി കഴിഞ്ഞു. ചെററക്കുടിലുകളിൽ, കടത്തിണ്ണയിൽ, മരച്ചുവട്ടിൽ കഴിയുന്ന പാവപ്പെട്ടവർക്കു് ട്രിവർ മരുന്നുനല്കി, മുടിവെട്ടിക്കൊടുത്തു, അവരെ കുളിപ്പിച്ചു, മരുന്നു കുത്തിവെച്ചു. ഒരിക്കലും മറക്കാനാവാത്ത അനുഭവം. ട്രിവർ ഒരു സാധാരണ പയ്യനല്ല 'ഫിലാഡൽഫിയായിലെ സ്വാതന്ത്ര്യമണിയുടെ വലിപ്പമുണ്ട് അവന്റെ ഹൃദയത്തിനു'' ഇങ്ങനെയാണു് ഒരു പത്രം ആ ഏഴാംക്ലാസുകാരനെപ്പററി എഴുതിയതു്. കഴിഞ്ഞ ശീതകാലത്തു് ഫിലാഡൽഫിയായിലെ തെരുവുകളിൽ ഭവനരഹിതർക്കു് പാർപ്പിടം കണ്ടെത്താനായി ഈ കൊച്ചുപയ്യൻ മുന്നോട്ടുവന്നു. കൂട്ടുകാരോടു് ആശയം പറഞ്ഞു. വളരെപ്പേർ സഹകരിച്ചു. സഹായങ്ങൾ നല്കി അവന്റെ പ്രസ്ഥാനം വളർന്നു. ഭാവിയിൽ നൂറുപേരെ പാർപ്പിക്കാൻ പ്ലാനുള്ള ആ ഭവനത്തിനു് ട്രിവേഴ്സ് പ്ലേയിസ് എന്നാണു് പേരു നല്കിയിരിക്കുന്നതു്. സിനിമയിൽനിന്നും പുസ്തകത്തിൽനിന്നുമുള്ള ലാഭവിഹിതം ട്രിവറുടെ പുനരധിവാസപ്രസ്ഥാനത്തിനാണു ലഭിക്കുക.

ദൈവസ്നേഹത്തെക്കുറിച്ചും മനുഷ്യസ്നേഹത്തെക്കുറിച്ചും തികച്ചും പ്രായോഗികമായ ഒരു വീക്ഷണമാണു് വെറും പന്ത്രണ്ടു വയസ്സുകാരനായ അഗതികളുടെ തോഴനായ ട്രിവറിനുള്ളതു്. ''ഞാൻ ദൈവത്തെ സ്നേഹിക്കുന്നുവെന്നു് ആരെങ്കിലും പറയുകയും സ്വന്തം സഹോദരനെ ദ്വേഷിക്കുകയും ചെയ്താൽ അവൻ കള്ളംപറയുന്നു. കാരണം കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവനു കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ സാദ്ധ്യമല്ല'' എന്ന വിശ്വാസമായിരിക്കാം ട്രിവറിനെ നയിക്കുന്നതു്.

1 യോഹന്നാൻ 3: 17–'18

ലൗകികസമ്പത്തു് ഉണ്ടായിരിക്കെ തന്റെ സഹോദരൻ മുട്ടുപാടിലാണെന്നു കണ്ടിട്ടും അയാളോടു ദയയില്ലാതെ പെരുമാറുന്നവനിൽ ദൈവസ്നേഹം കുടികൊള്ളുന്നുവെന്നു് എങ്ങനെ പറയാൻ കഴിയും? കുഞ്ഞുമക്കളേ, വാക്കിലും സംസാരത്തിലുമല്ല, പ്രവൃത്തിയിലും സത്യത്തിലുമാണു് നാം സ്നേഹം കാട്ടേണ്ടതു്.

# 15 കടൽക്കുഴാകൻമാർ

കടൽത്തീരത്തെ പൂഴിമണലിലെ ചെറിയ കുഴികളിൽ വയറു ചായിച്ചു് കിടന്നുറങ്ങുന്ന പ്രകൃതിയുടെ മക്കളെ കണ്ടു. കടൽ ക്ഷോഭിച്ചാൽ പ്രകൃതി ഇടഞ്ഞാൽ അവരുടെ വയർ എരിപൊരി കൊള്ളും. നാവു താഴും. തൊണ്ട വരളും. കണ്ണുകൾ ഈറനണിയും. മണൽത്തിട്ടയിൽ തലചായിച്ചുറങ്ങും. ഉറക്കത്തിൽ അവർ ഞെട്ടി ഉണരും. വിശപ്പു്. കത്തിക്കാളുന്ന വയറിനു് അല്പം തണുപ്പുകിട്ടണമോ? ഒരേ ഒരു മാർഗ്ഗമേയുള്ളു. കുഴിയുണ്ടാക്കി കുഴിയിൽ വയറു ചായിച്ചു് കിടന്നുറങ്ങും.

കടൽപ്പുറത്തെ മണൽപ്പരപ്പിലൂടെ വീണ്ടും നടന്നു. ആളുകൾ കൂട്ടംകൂടിനില്ക്കുന്ന ഒരിടം. കടലിന്റെ മക്കളുടെ ഹൃദയത്തിൽ ആഹ്ലാദത്തിന്റെ തിരയടികൾ. എവിടെയും ആർപ്പുവിളികൾ. ചാകര. കഷ്ടപ്പെട്ടു പിടിച്ചുകൊണ്ടുവരുന്ന സ്വർണ്ണം മതിക്കുന്ന ചെമ്മീൻ പെട്ടവിലയ്ക്കു തട്ടിക്കൊണ്ടുപോകുവാൻ ഇടക്കാർ കുതന്ത്രം ആലോചിക്കുന്നു. കടക്കാർ ഒളിഞ്ഞിരുന്നു് ഉന്നംവയ്ക്കുന്നു. പോളിസ്റ്റർ ധാരികളായ മുതലാളിമാർ ഒത്തുകൂടുന്നു. ലേലംവിളിക്കുന്നു. കുട്ടകൾ നീങ്ങുന്നു. പണം ചോരുന്നു, മനസ്സു വേദനിക്കുന്നു. വീ

ണ്ടും ദാരിദ്ര്യം തീരാദാരിദ്ര്യം. കൈനനയാതെ മീൻപിടിക്കുന്ന വർ. അദ്ധ്വാനിക്കാതെ കീശവീർപ്പിക്കുന്നവർ. വിയത്തൊലിക്കാതെ കാററുകൊള്ളുന്നവർ. കുഴിയിൽ വയറൊട്ടിച്ചു കിടന്നുറങ്ങുന്ന കുഞ്ഞുങ്ങൾ വീണ്ടും കുഴിയിൽത്തന്നെ.

നീതിമാന്മാരെ വെള്ളിക്കു വില്ക്കുകയും, പാവപ്പെട്ടവനെ ഒരു ജോടി ചെരിപ്പിനു കച്ചവടമാക്കുകയും അവൻെറ തല പൂഴിയിൽ ചവുട്ടിമെതിക്കുകയും ചെയ്യുന്ന നീതിരഹിതമായ അക്രമപ്രവൎത്തനങ്ങൾ ഇസ്രായേലിൻെറ ചരിത്രത്തിൽനിന്ന് ആമോസ് വിവരിക്കുന്നു. ദരിദ്രനെ ഏററം ദരിദ്രനാക്കുന്ന വ്യവസ്ഥിതിവിശേഷം അവനെ വഴിയിൽനിന്ന് പുഛരിച്ചു പുറംതള്ളുന്ന സമ്പ്രദായം. കൊച്ചുകേരളത്തിൻെറ തീരപ്രദേശങ്ങളിൽ അങ്ങോളമിങ്ങോളം കണ്ണുതുറന്നു സഞ്ചരിക്കുന്ന ഹൃദയമുള്ളവൎക്കു കാണാൻ സാധിക്കുന്ന ചിത്രവും മറെറാന്നല്ല. ഇസ്രായേലിൻെറ അക്രമത്തെയും അനീതിയെയും ചോദ്യംചെയ്ത ആമോസിൻെറ വാക്കുകൾ കേരളത്തിൻെറ കടൽത്തീരത്തെയും ആവേശഭരിതമാക്കും.

ആമോസ് 2:6–7.

കൎത്താവു് അരുളിച്ചെയ്യുന്നു: ഇസ്രായേൽ ആവൎത്തിച്ചു ചെയ്ത അതിക്രമങ്ങൾക്കുള്ള ശിക്ഷ ഞാൻ പിൻവലിക്കുകയില്ല. അവർ നീതിമാൻമാരെ വെള്ളിക്കു വില്ക്കുന്നു; ഒരുജോടി ചെരിപ്പിനു സാധുക്കളെയും. പാവപ്പെട്ടവരുടെ തല അവർ പൂഴിയിൽ ചവിട്ടിമെതിക്കുന്നു. ദരിദ്രരെ വഴിയിൽനിന്നു തള്ളിമാററുന്നു.

## 16 ഈശ്വരനെത്തേടി ഞാനലഞ്ഞു

ഈശ്വരനിഷേധം ആധുനികതയുടെ മുഖമുദ്രയായിത്തീൎന്നിരിക്കുന്നു. ബുദ്ധിജീവികളുടെ കൂട്ടത്തിൽപ്പെടണമോ, ഈശ്വരാസ്തിക്യത്തെ ചോദ്യംചെയ്യണം. ഒരു ഫാഷനുവേണ്ടിയെങ്കിലും ഈശ്വര

നിഷേധികളായിത്തീരുന്ന യുവജനങ്ങൾ ഇന്നു നമ്മുടെ കോളേജ് കാമ്പസുകളിൽ അധികമാണ്. ദൈവം അങ്ങു മുകളിലെവിടെയോ ഇരിക്കുന്നു എന്നും, സ്വർഗ്ഗം ആകാശത്തിന്റെ മുകൾപ്പരപ്പിലാണെന്നുമുള്ള സങ്കല്പം വെറും മിഥ്യയാണെന്നും അവർ പറയുന്നു. മാതാവും ഭക്തിയുമെല്ലാം ദുർബലരായ സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ളതാണെന്ന് അവർ കരുതുന്നു. ആകാശമണ്ഡലത്തിൽ എവിടെയാണ് ഈശ്വരന്റെ വാസം എന്നതാണ് അവരുടെ ചോദ്യം.

ഒരിക്കൽ ന്യൂയോർക്ക് ടൈംസ് എന്ന പത്രത്തിന്റെ പ്രതിനിധിയോടുള്ള അഭിമുഖസംഭാഷണത്തിൽ സോവ്യററ് പ്രധാനമന്ത്രിയായിരുന്ന ക്രൂഷ്ചേവ് ഈശ്വരാസ്തിക്യത്തിന്റെ യുക്തിശൂന്യതയെക്കുറിച്ച് ഇപ്രകാരം പറയുകയുണ്ടായി. അങ്ങു മുകളിലെവിടെയോ പറുദീസ ഉണ്ടെന്നും അവിടെയാണ് ദൈവം വസിക്കുന്നതെന്നും ഈശ്വരവിശ്വാസികളിൽനിന്നും ഞങ്ങൾ കേട്ടിട്ടുണ്ട്. അതു ശരിയാണെങ്കിൽ നേരിട്ടുകാണുവാൻ ഞങ്ങൾ തീരുമാനിച്ചു. അങ്ങനെ യൂറിഗഗാറിൻ എന്ന ഗഗനസഞ്ചാരിയെ നക്ഷത്രങ്ങളുടെ നാട്ടിലേയ്ക്കു ഞങ്ങൾ അയച്ചു. കൊട്ടം തമസ്സുല്ലാതെ ഏദേൻതോട്ടമോ സ്വർഗ്ഗമോ ഒന്നും അയാൾ അവിടെ കണ്ടില്ല. ഗഗാറിനു തെററുപററിയതാവാം എന്നുകരുതി മറെറാരു ഗഗനസഞ്ചാരിയെ അയച്ചു. അദ്ദേഹവും ശൂന്യാകാശത്തു ചുററിക്കറങ്ങി തിരിച്ചുവന്നു് ഗഗാറിൻ പറഞ്ഞതുപോലെതന്നെ പറഞ്ഞു.

ഗഗാറിനെപ്പോലെയുള്ള ശാസ്ത്രജ്ഞന്മാർ ഇരുളിലാണ് ഈശ്വരനെ തേടുന്നതു്. ദൈവം ഇരുളിലല്ല, വെളിച്ചത്തിലാണ് വസിക്കുന്നതു്. ദൈവത്തിനു് വസിക്കുവാനുള്ള പറുദീസ മനുഷ്യഹൃദയങ്ങളാണ്. അല്ലാതെ ആകാശത്തിലൊരിടത്തുമല്ല. ദൈവത്തെത്തേടി ദൂരെയെങ്ങും അലയേണ്ടതില്ല. നമ്മുടെ ഹൃദയത്തിലേയ്ക്കു കടന്നാൽമതി. അവിടെയാണീശ്വരന്റെ വാസം. അവിടെയാണീശ്വരന്റെ ഗേഹം.

വി. യോഹന്നാൻ 4:21–24.

ഈശോ അവളോടു പറഞ്ഞു: ''സ്ത്രീയെ, എന്നെ വിശ്വസിക്കുക, പിതാവിനെ നിങ്ങൾ ആരാധിക്കുന്നതു് ഈ മലയിലോ ജറുസലേമിലോ അല്ലാത്ത

സമയം അടുത്തുവരുന്നു. നിങ്ങൾ അറിയാത്തതിനെ ആരാധിക്കുന്നു; ഞങ്ങൾ അറിയുന്നതിനെ ആരാധിക്കുന്നു. എന്തെന്നാൽ രക്ഷ യൂദന്മാരിൽനിന്നാണല്ലോ. എന്നാൽ യഥാർത്ഥ ആരാധകർ പിതാവിനെ അരൂപിയിലും സത്യത്തിലും ആരാധിക്കുന്ന സമയം അടുത്തുവരുന്നു; അല്ല അതിപ്പോൾതന്നെയാകുന്നു. തന്നെ ആരാധിക്കുന്ന ഇവരെപ്പോലെയുള്ളവരെയാണ് പിതാവ് അന്വേഷിക്കുന്നത്. ദൈവം അരൂപിയാണ്; അവിടുത്തെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലും ആരാധിക്കണം.''

## 17 കൃതജ്ഞതയെന്ന ഏററവും വലിയ ദാനം

റഷ്യൻ നോവലിസ്റ്റായ ടാർജനീവ് എഴുതിയിട്ടുള്ള ഒരു ചെറുകഥയുണ്ട്. ഒരവസരത്തിൽ ദൈവം വിവിധ സുകൃതങ്ങളെ സ്വർഗ്ഗത്തിലേയ്ക്കു ക്ഷണിച്ചു. മനോഹരമായ ഒരു ഹാളിൽ അവരെല്ലാം സമ്മേളിച്ചു. ആഹ്ലാദം എല്ലായിടത്തും തിരതല്ലി. അവരെല്ലാം മുൻപരിചയക്കാരും ബന്ധുക്കളുമത്രേ. അവരുടെ സംഭാഷണവും സന്തോഷപ്രകടനവും ദൈവം ശ്രദ്ധിച്ചിരുന്നു. എന്നാൽ രണ്ടു പുണ്യങ്ങൾ മാത്രം പരസ്പരം സംസാരിക്കാതെ പരിചയമില്ലാത്തവരെപ്പോലെ പെരുമാറുന്നതു് ദൈവത്തിൻെറ ശ്രദ്ധയിൽപ്പെട്ടു. അവരെ പരസ്പരം പരിചയപ്പെടുത്തിക്കൊണ്ടു ദൈവം പറഞ്ഞു. 'ഉപവി' ദാ ഈ ഇരിക്കുന്നതു് കൃതജ്ഞതയാണ്. ഇതുകേട്ടപ്പോൾ ഇരുവരും വിസ്മയാധീനരായി. ജീവിതത്തിൽ അവർ ഒരിക്കലും കണ്ടിട്ടില്ലായിരുന്നു. ഉപകാരങ്ങൾക്കു നന്ദിപറയാതെ കടന്നുപോകാനുള്ള വ്യഗ്രതയാണ് പലരും കാണിക്കുക. ഉപവിയുടെ തുറന്ന കരങ്ങൾക്കെതിരെ കൃതജ്ഞതയുടെ കൂപ്പുകരങ്ങളുയർത്താൻ നാം തയ്യാറാവണം.

ജറുസലേമിലേയ്ക്കുള്ള യാത്രാമദ്ധ്യേ യേശുവിൻെറ അടുത്തു് പത്തു കുഷ്ഠരോഗികഠം വന്നു. അവർ സ്വരമുയർത്തി യേശുവേ, ഗുരു ഞങ്ങളിൽ കനിയണമേ എന്നു് അപേക്ഷിച്ചു. അവരെ കണ്ട പ്പോഠം അവൻ പറഞ്ഞു. പോയി നിങ്ങളെത്തന്നെ പുരോഹിത ന്മാക്കു കാണിച്ചുകൊടുക്കുക. പോകുംവഴി അവർ സുഖംപ്രാപിച്ചു. അവരിൽ ഒരുവൻ മാത്രം യേശുവിനെ സ്തുതിച്ചുകൊണ്ടു് തിരിച്ചു വന്നു് അവിടത്തോടു നന്ദിപറഞ്ഞു. യേശു ചോദിച്ചു: ''പത്തുപേ രല്ലേ സുഖപ്പെട്ടതു് ബാക്കി ഒമ്പതുപേർ എവിടെ?''

മനുഷ്യൻ തൻെറ വൈവിദ്ധ്യമാന്ന സിദ്ധികഠംക്കു്, കഴി വുകഠംക്കു്, ഉപകാരങ്ങഠംക്കു് സർവ്വനന്മകളുടെയും ദാതാവായ ദൈ വത്തോടു് കടപ്പെട്ടവനാണു്. ലോകത്തിൽ കൃതജ്ഞതകൊടുക്കേണ്ട ഒട്ടേറെപ്പേർ നമുക്കുണ്ടു്. ജന്മംനൽകി വളർത്തിയ മാതാപിതാക്കഠം, അറിവുപകന്ന ഗുരുജനങ്ങഠം, സൗഹൃദം പകന്നുതരുന്ന സതീ ത്ഥ്യർ, എന്നിവരെല്ലാം അവരിൽ ഉഠംപ്പെടുന്നു. കൃതജ്ഞതയുടെ കടപ്പാടു മറക്കുന്നവൻ ഏററവുംവലിയ കൃതഘ്നനാണു്. (The best giving is the thanks giving). ഏററവുംവലിയ ദാനം കൃതജ്ഞ തയാണു് എന്നാണു് മഹാനായ ജി. കെ. ചെസ്ററർട്ടൻ പറ ഞ്ഞിട്ടുള്ളതു്.

വി. ലൂക്കാ 17: 16–18

അയാഠം ഈശോയുടെ കാല്ക്കൽ വീണു നന്ദി പറ ഞ്ഞു, അയാഠം ഒരു ശമറായനായിരുന്നു.

ഈശോ മറുപടിയായി അരുളിച്ചെയ്തു; ''സുഖപ്പെ ട്ടവർ പത്തുപേരായിരുന്നല്ലോ; ബാക്കി ഒൻപതു പേർ എവിടെ? ഈ വിജാതീയനല്ലാതെ മററാക്കും തിരിച്ചു വന്നു് ദൈവത്തെ മഹത്വപ്പെടുത്തണമെന്നു തോന്നിയില്ലേ?''

# 18 മനുഷ്യനെന്ന മണ്ണാങ്കട്ട

എല്ലാത്തിനും തീപിടിച്ചവില. ഉപ്പുതൊട്ട കർപ്പൂരംവരെ എന്തുവേണമെങ്കിലും വലിയ വില കൊടുക്കണം. കടകമ്പോളങ്ങളിൽ സാധനങ്ങളുടെ വിലവിവര പട്ടികയുടെ ബോർഡുകൾ തൂങ്ങുന്നുണ്ടെങ്കിലും അവയോട്ട് ആരും നീതിപാലിക്കാറില്ല. സാധനങ്ങൾക്ക് വിലനിലവാരം കുതിച്ചുയർന്നുകൊണ്ടിരിക്കുന്ന ഈക്കാലത്തു് ഒന്നിനുമാത്രം മാർക്കററ് വളരെ കുറവാണ്. മനുഷ്യവ്യക്തിക്ക്. മനുഷ്യത്വം എന്നൊന്നില്ല. ഉണ്ടെങ്കിൽതന്നെ മതാത്മീയ ദൈവികമണ്ഡലങ്ങളിലേ അതിനിന്ന് പ്രസക്തിയുള്ളൂ.

യേശു ദശഗ്രാമങ്ങളിലൊന്നായ ഗെരസേനരുടെ നാട്ടിലുള്ള പിശാചുബാധിതനായ ഒരു വ്യക്തിയേ കണ്ടുമുട്ടി. പേരു് ലഗിയോൻ. വിഭജിതവ്യക്തിത്വത്തിൻെറ വിശ്വരൂപം. (ആറായിരത്തിൻെറ വിശ്വരൂപം.)ആറായിരത്തിഅഞ്ഞൂറായി(ലെഗിയോൻ= 6500 പടയാളികൾ) വിഭജിക്കപ്പെട്ട അവനിൽനിന്നും യേശു സുന്ദരനായ ഒരു വ്യക്തിയെ കടഞ്ഞെടുത്തു. അശുദ്ധിയെല്ലാം അവനിൽനിന്നു് അകററി. അങ്ങനെ മനുഷ്യൻ വില കൂടിയവനാണെന്നു് യേശു പഠിപ്പിച്ചു. പന്നിനഷ്ടം വിശ്വപ്രപഞ്ചത്തിൽ മനുഷ്യനു് മർക്കററു വർദ്ധിപ്പിച്ചു. പന്നികളുടെ ഉടമകൾക്ക് സാമ്പത്തികനഷ്ടം സഹിക്കാനായില്ല. സംവിധാനതിന്മ പേറുന്ന അവർ, മനുഷ്യനെക്കാൾ ദുഷ്ടതയെ സ്നേഹിക്കുന്ന അവർ, മനുഷ്യനെ അംഗീകരിച്ചവനെ വെറുത്തു. മനുഷ്യത്വത്തിനു നിരക്കാത്തരീതിയിൽ പ്രവർത്തിച്ചു. അവനെ ഗെരസേൻ നാട്ടിൽനിന്നും പായിച്ചു. അങ്ങനെ യേശുവെന്ന മനുഷ്യസ്നേഹി നുറുങ്ങിയ ഹൃദയവുമായി വഞ്ചികയറി.

വഞ്ചിയിൽവെച്ച് യേശു മനുഷ്യവ്യക്തിത്വത്തിൻെറ ഉന്നതിക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടാവണം. മനുഷ്യത്വം നശിച്ചുകൊണ്ടിരിക്കുന്ന, മനുഷ്യനെ മണ്ണാങ്കട്ടയാക്കുന്ന, ഗെരസേനരുടെ ഈ

നാട്ടിലേക്കു് അങ്ങ് ഒരിക്കൽക്കൂടി വരേണമേ. ഞങ്ങളാ പൊൻ പുലരിയെ സ്വപ്നം കാണുകയാണു്. മനുഷ്യനെ വെറുക്കുന്ന, മനുഷ്യത്വത്തെ കാററിൽ പറത്തുന്ന മാലിന്യങ്ങൾ തിന്നുതീർത്തു മദിച്ചു നടക്കുന്ന പന്നിപ്രിയരാണിവിടധികവും. ഈ പന്നിപ്രിയർ, ബഹുഭൂരിപക്ഷം വരുന്ന സാധുക്കളായ മനുഷ്യരുടെ മനുഷ്യാന്തസിനേ ഇല്ലായ്മപ്പെടുത്തുന്നു. നാഥാ അങ്ങുവരേണമേ.

വി. മർക്കോസ് 5:12–17.

അശുദ്ധാത്മാക്കൾ അവിടുത്തോടപേക്ഷിച്ചു: ''ആ പന്നികളിലേക്കു ഞങ്ങളെ അയച്ചാലും ഞങ്ങൾ അവയിൽ പ്രവേശിച്ചുകൊള്ളാം.'' അവിടുന്നു് അവയ്ക്കു് അനുവാദം കൊടുത്തു. അശുദ്ധാത്മാക്കൾ അയാളിൽ നിന്നു പുറത്തുവന്നു് പന്നികളിൽ പ്രവേശിച്ചു; രണ്ടായിരത്തോളം വരുന്ന ആ പന്നികളുടെ കൂട്ടം കിഴ്ക്കാംതൂക്കായ പാറക്കെട്ടിലൂടെ വിരണ്ടോടി കടലിൽ മുങ്ങിച്ചത്തു. അവയെ മേയിച്ചിരുന്നവർ ഓടിച്ചെന്നു് നഗരത്തിലും നാട്ടിൻപുറത്തും വിവരമറിയിച്ചു. എന്താണു സംഭവിച്ചതെന്നു കാണാൻ ജനങ്ങൾ ഓടിക്കൂടി. അവർ ഈശോയുടെ അടുക്കൽ വന്നു; ലെഗിയോനുണ്ടായിരുന്ന പിശാചുബാധിതൻ വസ്ത്രം ധരിച്ചു് സുബോധമുള്ളവനായി അവിടെ ഇരിക്കുന്നതു കണ്ടു; അവർ ഭയപ്പെട്ടു. പിശാചു ബാധിതനും പന്നിക്കൂട്ടത്തിനും സംഭവിച്ചതെല്ലാം ദൃക്സാക്ഷികൾ വിവരിച്ചു. തങ്ങളുടെ പ്രദേശം വിട്ടുപോകണമെന്നു് അവർ ഈശോയോടു് അപേക്ഷിച്ചു.

## 19 ഇരുളും പ്രകാശവും

പ്രകൃതിയുടെ അലംഘനീയമായ നിയമമാണ് ഇരുളും പ്രകാശവും. എവിടെ പ്രകാശമുണ്ടോ അവിടെ ഇരുളുമുണ്ട്. കുട്ടികൾ മാത്രമല്ല പ്രായമായവർപോലും ഇരുളിനെ ഭയപ്പെടുന്നു. രാത്രിയിൽ മൂങ്ങാ മൂളുകയും പട്ടി മോങ്ങുകയും ചീവീട ചിലയ്ക്കുകയും ചെയ്യുമ്പോൾ ഇരുളിൻെറ ഭീകരത വദ്ധിക്കുന്നു. എന്നാൽ വെളിച്ചം ഇരുളിൻെറ ഭയാനകതയെ അകററുന്നു. പ്രകാശംവഴി സുനിശ്ചിതമാക്കുന്ന ലൈററു ഹൗസുകൾ കടൽ സഞ്ചാരികളെ സഹായിക്കാൻ തുറമുഖതീരങ്ങളിൽ ഉയർന്നു നില്ക്കുന്നു. രാത്രിസമയം മുഴുവൻ വഴിവിളക്കുകൾ വഴിയാത്രക്കാർക്കും അവലംബമായി പ്രശോഭിക്കുന്നു. നഗരങ്ങളിലെ നാൽക്കവലകളിൽ കാണുന്ന പച്ചയും ചുമപ്പും മഞ്ഞയും കലർന്ന ലൈററുകൾ വാഹനങ്ങൾക്ക് വേണ്ടത്ര നിയന്ത്രണം നല്കി അപകടങ്ങൾ ഒഴിവാക്കുന്നു. അങ്ങനെ വെളിച്ചം മനുഷ്യൻെറ ജീവിതയാത്രയെ സുഗമമാക്കുന്നു.

എബ്രായ കവിയായ ദാവീദ് പ്രകാശത്തോട്ട് ദൈവമായ കർത്താവിനെ തുലനം ചെയ്യുന്നുണ്ട്. അദ്ദേഹം ആലപിക്കുന്നതു് ഇങ്ങനെയാണ്: കർത്താവു എൻെറ പ്രകാശവും എൻെറ രക്ഷയുമാകുന്നു. അവിടുന്നാണ് എൻെറ ജീവൻെറ അഭയസ്ഥാനം. ഞാനാരെ പേടിക്കണം.'' ജീവിതത്തെ അന്ധകാരത്തിലാഴ്ത്തുന്ന നിരവധി അനുഭവങ്ങൾ ദാവീദിനുണ്ടായി. ഇരുൾമൂടിയ ദിനങ്ങൾ. ദൈവത്തിൽനിന്നും അകന്നുപോയ അവസരങ്ങൾ ദൈവത്താൽ ത്യജിക്കപ്പെട്ട നിമിഷങ്ങൾ, യുദ്ധപരാജയങ്ങൾ ഒളിയമ്പുകൾ. ഹിംസ്രജന്തുക്കളെപോലെ പതിയിരുന്നുകൊണ്ടുള്ള ശത്രുക്കളുടെ ആക്രമണങ്ങൾ. അങ്ങനെ പലതും.

ദാവീദിനു് അനുഭവപ്പെട്ടതുപോലെ ജീവിതത്തെ അന്ധകാരത്തിലാഴ്ത്തുന്ന നിമിഷങ്ങൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകും. വൈദ്യശാസ്ത്രം പരാജയം സമ്മതിച്ച് മരണത്തിനു് വഴിമാറി

കൊടുത്ത രോഗങ്ങളം. നീക്കപോക്കില്ലാത്ത കഷ്ടനഷ്ടങ്ങളം അടി ക്കടിയുണ്ടാകുന്ന പരാജയങ്ങളം. ഈയവസരങ്ങളിൽ ഞാൻ ലോക ത്തിന്റെ പ്രകാശമാകുന്നു എന്നു പറഞ്ഞ യേശുവിന്റെ വാക്കുകൾ നമുക്കു് അന്ധകാരത്തിൽ പ്രകാശവും അപകടത്തിൽ ആലംബവും ശത്രുവിനെ നേരിടാനുള്ള ബലവും ആയിരിക്കും.

യോഹ. 8:12–14.

ഈശോ വീണ്ടും ജനങ്ങളോടു് അരുളിച്ചെയ്തു: ''ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു. എന്നെ പിന്തുടരുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നട ക്കുന്നില്ല; അവനു ജീവന്റെ വെളിച്ചം ഉണ്ടായി രിക്കും.'' അപ്പോൾ ഫ്രീശർ അവിടുത്തോടു പറ ഞ്ഞു: ''താങ്കൾ സ്വയം സാക്ഷ്യം വഹിക്കുന്നു; താങ്കളുടെ സാക്ഷ്യം സത്യമല്ല.''

ഈശോ അവരോടു പറഞ്ഞു: ഞാൻ തന്നെയാണു് എന്നെപ്പററി സാക്ഷ്യം വഹിക്കുന്നതെങ്കിലും എ ന്റെ സാക്ഷ്യം സത്യമാണു്. ഞാൻ എവിടെനിന്നു വന്നു എന്നും എവിടേയ്ക്കു് പോകുന്നു എന്നും എനി ക്കറിയാം. എന്നാൽ, ഞാൻ എവിടെനിന്നു വന്നു എന്നോ എവിടേയ്ക്കു പോകുന്നു എന്നോ നിങ്ങൾക്ക റിഞ്ഞുകൂടാ.

## 20 പകൽ പകലിനോടു സംസാരിക്കുന്നു

ഇംഗ്ലീഷുകാരനായ ഒരു നിരീശ്വരൻ അറേബ്യയിലൂടെ കട ന്നു പോവുകയായിരുന്നു. യാത്രാമദ്ധ്യേ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരറബിയെ അദ്ദേഹം കണ്ടു. അയാൾ അറബിയോടു ചോദിച്ചു.

ഹേ മനുഷ്യാ! നിങ്ങരം ആരോടാണ് പ്രാൎത്ഥിക്കുന്നതു്. ഞാൻ ദൈവത്തോടു പ്രാൎത്ഥിക്കുന്നു. അയാരം മറുപടി പറഞ്ഞു. ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തോടു പ്രാൎത്ഥിക്കുന്ന അറബിയെ സായിപ്പു് കളിയാക്കാൻ തുടങ്ങി. അതു് ശ്രദ്ധിക്കാതെ അറബി പ്രാൎത്ഥന തുടൎന്നു.

പിറേറ ദിവസം അവർ വീണ്ടും കണ്ടുമുട്ടി. ഇംഗ്ലീഷുകാരൻ മണലിൽ പതിഞ്ഞു കിടക്കുന്ന പാദമുദ്രകരം കണ്ടിട്ടു പറഞ്ഞു. നോക്കു ഈവഴി ഒരു ഒട്ടകം ഇന്നലെ രാത്രി കടന്നു പോയിട്ടുണ്ടു്. അറബി ചോദിച്ചു ഒട്ടകം പോകുന്നതു നിങ്ങരം കണ്ടുവോ? ഇല്ല. ഇംഗ്ലീഷുകാരൻ മറുപടി പറഞ്ഞു. എങ്കിൽ പിന്നെ നിങ്ങരം പറയുന്നതു് വിശ്വാസയോഗ്യമല്ല. ഒട്ടകം ഇതുവഴി പോയി എന്നു പറയുന്നതു് തെളിവുകരംവെച്ചുകൊണ്ടാണു്. ഈ മണലിൽ പതിഞ്ഞു കിടക്കുന്ന ഒട്ടകത്തിൻെറ പാദമുദ്രകരം അതിനു് ഒന്നാന്തരം തെളിവാണു്. ഒട്ടകത്തിൻെറ കാൽ പാടുകരം കണ്ടുകൊണ്ടു് ഒട്ടകം ഈ വഴികടന്നുപോയി എന്നു പറയുന്ന നിങ്ങരംക്കു് ഈ പ്രപഞ്ചത്തിൽ ഈശ്വരൻെറ കാൽപ്പാടുകരം ഉണ്ടെന്നു് വിശ്വസിക്കുവാൻ അതിലും ഉന്നതമായ തെളിവുകളുണ്ടു്.

മുഹമ്മദ് നബി പറയുന്ന ആകാശത്തിലും ഭൂമിയിലുമുള്ള സകല വസ്തുക്കളും ദൈവത്തിനു് സ്തുതിഗീതം ആലപിക്കുന്നതു നിങ്ങരം കേരംക്കുന്നില്ലേ? കിളികരം വിഹായസിലൂടെ പറന്നു പോകുമ്പോരം മുഴക്കുന്നതും അവിടുത്തെ അപദാനങ്ങളാണു്. ഓരോ ജീവിക്കും അതാതിൻെറ പ്രാൎത്ഥന അറിയാം. അവയെല്ലാം ദൈവത്തിനു് സ്തുതിഗീതം മുഴക്കുന്നു സങ്കീർത്തന കൎത്താവു് പുല്ലിലും പൂവിലും തൂണിലും തുരുമ്പിലുമെല്ലാം ദൈവത്തിൻെറ മഹിമയെ ദൎശിക്കുന്നു. ഈശ്വരൻെറ കലാവിരുതിൻെറ മുമ്പിൽ അത്ഭുതമൂറുന്ന നയനങ്ങളുമായി നില്ക്കുവാനെ നമുക്കു കഴിയൂ. ചവുട്ടിമെതിച്ചു നടന്നുനീങ്ങുന്ന മണ്ണിൽനിന്നു് ഒരുനുള്ളു് പൂഴിയെടുത്തു് പരിശോധിച്ചാൽ അവിടുത്തെ അത്ഭുതം നമുക്കതിൽ കാണാൻ സാധിക്കും. ഈ വൎണ്ണപ്രപഞ്ചം അതൊന്നു മാത്രംമതി ഈശ്വരൻെറ അസ്തിത്വം തെളിയിക്കാൻ.

ഈശ്വരവിശ്വാസി വിശ്വത്തിൽ മഹിമ പ്രതാപങ്ങളിൽ കണ്ണും നട്ടു് പ്രത്യാശയോടെ നീങ്ങുന്നു. മററുള്ളവരെ വെളിച്ചത്തി

ലേക്കു നയിക്കുകയും ചെയ്യുന്നു. ഈശ്വരനെ പരിത്യജിക്കുന്നവർ ഈ പ്രപഞ്ചത്തിന്റെ വെളിച്ചം ദർശിക്കാതെ കൂരിരുളിൽ അലയുന്നു. അയാഠം ആരെ നയിക്കുന്നുവോ അവനെയും പടുകുഴിയിൽ വീഴ്ത്തുന്നു.

സങ്കീ. 19:1–4.

ആകാശം ദൈവത്തിന്റെ മഹത്വം പ്രഘോഷിക്കുന്നു; വാനവിതാനം അവിടുത്തെ കരവേലയെ വിളംബരം ചെയ്യുന്നു. പകൽ പകലിനോട്ട് അവിരാമം സംസാരിക്കുന്നു. രാത്രി രാത്രിക്ക് വിജ്ഞാനം പകരുന്നു. ഭാഷണമില്ല, വാക്കുകളില്ല ശബ്ദം പോലും കേഠക്കാനില്ല. എന്നിട്ടും അവയുടെ സ്വരം ഭൂമിയിലെങ്ങും വ്യാപിക്കുന്നു; അവരുടെ വാക്കുകഠ ലോകത്തിന്റെ അതിർത്തിയോളം എത്തുന്നു; അവിടെ സൂര്യന് ഒരു കൂടാരം അവിടുന്ന് നിർമ്മിച്ചിരിക്കുന്നു.

# 21 ഒരു വിപ്ളവഗാനത്തിന്റെ ഈരടികൾ

വിപ്ലവം ജയിക്കട്ടെ. വർഗ്ഗവഞ്ചന തകരട്ടെ. തെരുവീഥികളിൽ മുഴങ്ങിക്കേഠക്കാറുള്ള മുദ്രാവാക്യം. മുഷ്ടിചുരുട്ടി ആകാശത്തിലേയ്ക്ക് സർവ്വശക്തിയോടുംകൂടി എടുത്തുകുടയുമ്പോഠ പലരും വിചാരിക്കും ഇവിടെ വിപ്ലവത്തിന്റെ പാത തുറക്കപ്പെട്ടുവെന്ന്. നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ തകിടംമറിച്ച് മറെറാന്നിനെ പ്രതിഷ്ഠിക്കലാണോ വിപ്ലവം? എല്ലാവക്കും തുല്യനീതി ലഭിക്കത്തക്കവണ്ണം സാമ്പത്തികസംവിധാനത്തിൽ മാററംവരുത്തുകയാണോ വിപ്ലവം. പ്രാഥമികവും മൗലികവുമായ ആവശ്യങ്ങഠക്ക് ഉറപ്പുവരുത്തലാണോ വിപ്ലവം? രാഷ്ട്രീയജീവിതത്തിലെ

കുട്ടിനേതാക്കന്മാരുടെ വയററിപ്പിഴപ്പാണോ വിപ്ലവം? വിപ്ലവം മാർക്സിയൻ പ്രസ്ഥാനമോ? ഇങ്ങനെ പോകുന്നു വിപ്ലവത്തെക്കുറിച്ചുള്ള ജനകീയചിന്ത.

നസ്രസിലെ ഗ്രാമീണകന്യകയായ മറിയത്തിൻെറ കീർത്തനങ്ങളിൽ ഒരു വിപ്ലവഗാനത്തിൻെറ ആവേശം നിഴലിട്ടുനില്ക്കുന്നു. വിപ്ലവാത്മകമായ വിവേചനത്തിൻെറ അനുസ്മരണവും പ്രകീർത്തനവുമാണിതു്. പഴയനിയമശൈലിയിൽ കൊരുത്തെടുത്ത ഈ ഗാനത്തിൻെറ ഓരോ അംശവും നിരന്തരമായി ചരിത്രത്തിൽ വിപ്ലവം നയിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിൻെറ ചിത്രം അവതരിപ്പിക്കുന്നു. ബലവാനെതിരെ ബലഹീനൻെറ പക്ഷംചേരുന്ന ദൈവം നിലവിലിരിക്കുന്ന മർദ്ദകസംവിധാനങ്ങളെ ശക്തമായ കരംകൊണ്ടു് തച്ചുടയ്ക്കുന്നവനാണ്. ഹൃദയവിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിക്കുന്നവനാണു് അവിടുന്നു്.

ഹൃദയവിപ്ലവം, അതാണു് ഏററവുംവലിയ വിപ്ലവം. പഴയനിയമചരിത്രത്തിൽ ഉറങ്ങുന്ന വിപ്ലവത്തേയും പുതിയനിയമചരിത്രത്തിൽ ജീവിക്കേണ്ട വിപ്ലവത്തേയും മാംസംധരിപ്പിക്കാൻ മറിയത്തെപ്പോലെ ഹൃദയവിപ്ലവം ഉൾക്കൊണ്ട ഒരു സ്ത്രീക്കു മാത്രമേ സാധിക്കൂ. സമത്വത്തിനുവേണ്ടി, സാഹോദര്യത്തിനുവേണ്ടി, സ്വാതന്ത്ര്യത്തിനുവേണ്ടി വിപ്ലവാഹ്വാനം നടത്തുന്ന ആർക്കും വിപ്ലവാത്മകമായ ഹൃദയം ആവശ്യമാണു്. നസ്രസിലെ മറിയത്തിൻെറ ഹൃദയവിപ്ലവം, അതാണു് നമുക്കിന്നാവശ്യം.

ലൂക്കാ 1:51–53.

അവിടുന്നു തൻെറ ഭുജംകൊണ്ടു് ശക്തി പ്രകടമാക്കി. ഹൃദയത്തിൽ അഹങ്കാരമുള്ളവരെ അവിടുന്നു ചിതറിച്ചു. ശക്തരെ അവരുടെ സിംഹാസനങ്ങളിൽനിന്നും താഴെയിറക്കി; വിനീതരെ അവിടുന്നു യർത്തി. വിശക്കുന്നവരെ അവിടുന്നു നല്ല വിഭവങ്ങൾകൊണ്ടു് സംതൃപ്തരാക്കി; സമ്പന്നരെ വെറുംകൈയായി പറഞ്ഞയച്ചു.

# 22 വാമന വേഷം നമ്മുടെ വേഷം

എല്ലാവർഷവും പൊന്നിൻചിങ്ങമാസത്തിലെ തിരുവോണ നാളിൽ ആനന്ദത്തിൻെറ അലയടികളുയരും. നാട്ടിൻപുറങ്ങളിൽ നാടൻകലകൾ അരങ്ങേറും. കൈകൊട്ടിക്കളിയും, തിരുവാതിരയും, തുമ്പിതുള്ളലും. ജനം ദുഃഖംമറക്കുന്ന ദിനം. തിരുവോണദിനം, മഹാബലിയുടെ ദിനം. അന്നു് തൻെറ പ്രജകളുടെ മനോമുകുരങ്ങളിൽ മഹാബലി ഒരിക്കൽക്കൂടി കടന്നുവരും. സ്വർഗ്ഗവും ഭൂമിയും പാതാളവും രണ്ടുചുവടുകൊണ്ടളന്നുതീർത്തു് മൂന്നാമതൊരു ചുവടിനു വേണ്ടി കാലുയർത്തിനില്ക്കുന്ന വാമനൻ. വാമനൻെറ കാലിനുമുമ്പിൽ തലകുനിച്ചുകൊടുത്തപ്പോൾ അവിടുത്തേയ്ക്കു് ഒരേ ഒരു ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. തൻെറ പ്രജകളെ കാണാനുള്ള അവസരം വേണം. വാമനൻ അനുവദിച്ചു. പ്രജകൾ കൊടുക്കുന്ന പപ്പടവും, ഉപ്പേരിയും, പരിപ്പുകറിയും ഒക്കെക്കൂട്ടി സദ്യ ഉണ്ണാൻ ഇന്നും മഹാബലി എത്തും.അത്തപ്പൂ ഇടാനും ആറന്മുള വള്ളംകളി കാണാനും, ഊഞ്ഞാലാടാനും നമ്മോടൊത്തുകൂടും.

പക്ഷേ ഈ ആഹ്ലാദാഭിനയംകണ്ടു് മഹാബലി മടുത്തു. തിരുവോണനാളിൽ മഹാബലിയെ സ്വീകരിക്കാൻ ആവേശംകാട്ടുന്ന നാം ബാക്കി മുന്നൂററി അറുപത്തിനാലുദിവസവും വാമനനു് വീടുപണിയുവാൻ ബദ്ധപ്പാടുകാണിക്കുന്നു. മഹാബലിക്കു് തൻെറ നീതിയെക്കുറിച്ചു് ഇന്നു് ഖേദം തോന്നുന്നുണ്ടാവും. തൻെറ പ്രജകളുടെ നീതിബോധം എന്തു മാറിയിരിക്കുന്നു. വർഷങ്ങൾക്കുശേഷം ഇങ്ങനെയൊരു രാജാവിൻെറ അനുസ്മരണംപോലും ആളുകളെ അലോരസപ്പെടുത്തും. മഹാബലിയെ എന്തിനീ ജനം അറിഞ്ഞുകൊണ്ടു് വിഷ്ണുവേഷം കെട്ടിക്കുന്നു. അനീതിക്കു പാദസേവചെയ്യുകയും, നീതിയെ അനുസ്മരിക്കാൻ ആണ്ടിൽ ഒരുദിവസം കഷ്ടിച്ചു കണ്ടുപിടിക്കുകയും ചെയ്യുന്ന ജനത്തിൻെറ പൊയ്മുഖം മഹാബലി മനസ്സിലാക്കിയിട്ടുണ്ടോ ആവോ?

ദൈവജനമെന്നറിയപ്പെടുന്ന ഇസ്രായേൽജനവും ഇതുപോലെ രണ്ടു് യജമാനന്മാരെ സേവിച്ചു. അവിടുന്നു അവരോടു പറഞ്ഞു: എനിക്കു നിങ്ങളോടു് മടുപ്പുതോന്നുന്നു. നിങ്ങളെ എന്നിലേയ്ക്കു് അടുപ്പിക്കുവാൻ ഞാൻ പലപ്രാവശ്യം പരിശ്രമിച്ചു.

ജെറെമിയാ. 3:12–13.

നീ ഇക്കാര്യങ്ങൾ വടക്കു ദിക്കിനോടു പ്രഖ്യാപിക്കുക — കർത്താവു് അരുളിച്ചെയ്യുന്നു. അവിശ്വസ്തയായ ഇസ്രായേലേ, തിരിച്ചുവരുക. ഞാൻ നിന്നോടു കോപിക്കുകയില്ല. ഞാൻ കാരുണ്യവാനാണു്. ഞാൻ എന്നേയ്ക്കും കോപിക്കുകയില്ല — കർത്താവു് അരുളിച്ചെയ്യുന്നു. നിൻെറ ദൈവമായ കർത്താവിനോടു് നീ മറുതലിച്ചു് പച്ചമരങ്ങളുടെ കീഴിൽ അന്യദേവന്മാർക്കു് നിന്നെത്തന്നെ കാഴ്ചവെച്ചു. നീ എന്നെ അനുസരിച്ചില്ല. ഈ കുററങ്ങൾ ഏററുപറഞ്ഞാൽ മതി—കർത്താവു് അരുളിച്ചെയ്യുന്നു.

## 23 സത്യസന്ധതക്കുള്ള സമ്മാനം

1931–ൽ അമേരിക്കയിലെ ഏററവും കൂടുതൽ വിതരണമുള്ള ടെലിഗ്രാഫ് എന്ന പത്രത്തിൽ ഒരു വാർത്തവന്നു. അതു് വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ഗയ് എന്നുപറയുന്ന ഒരു കൊലപാതകിയെ കുറിച്ചായിരുന്നു. വലിയ തലക്കെട്ടിൽ കൊടുത്ത ഈ വാർത്ത വായിച്ചു് പലരും അത്ഭുതപ്പെട്ടു. ഒരു കൊലപാതകി ഇത്രയധികം സത്യസന്ധനായിത്തീരുകയോ? ഈ സംഭവം ജെ. റൂഫസ് മൂസ്ലി എന്ന പ്രസിദ്ധ ഗ്രന്ഥകാരൻ അദ്ദേഹത്തിൻെറ ഒരു ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ടു്.

ഒരുദിവസം ഗയ് എന്ന കുററവാളിയെ ഷെറിഫ് വധശിക്ഷ യ്ക്കുവേണ്ടി തടവറയിൽ നിന്നിറക്കി സ്റ്റേററ് ഫാമിലേക്കു കൊണ്ടു വന്നു. സ്റ്റേററ് ഫാമിൻെറ കവാടംവരെ ഷെറിഫ് അയാളെ പിൻതുടർന്നു. അവിടെവച്ച് ഷെറിഫ് യാത്രപറഞ്ഞ് തിരിച്ചു പോയി. വധശിക്ഷ നടത്താനുള്ള ഉദ്യോഗസ്ഥന്മാരുടെ പക്കൽ കുററവാളിയെ ഏല്പിക്കാതെയാണ് ഷെറിഫ് മടങ്ങിപ്പോയത്. ഗയ്യുടെ സത്യസന്ധതയിൽ ഷെറിഫിന് തികഞ്ഞ വിശ്വാസ മുണ്ടായിരുന്നു. അതുകൊണ്ടാണ് അയാളെ തനിച്ചുപോകാൻ അനു വദിച്ചത്. ഗയ് ആകട്ടെ വാതിൽ കാവല്ക്കാരുടെ അനുവാദത്തോ ടെ അകത്തുചെന്ന്, ''വധശിക്ഷയ്ക്കുവേണ്ടി വിധിക്കപ്പെട്ടിട്ടുള്ള ഗയ് എന്ന കുററവാളിയാണ് ഞാൻ. നിശ്ചിത സമയത്തുതന്നെ എന്നെ വധിച്ചോളൂ'' എന്നുപറഞ്ഞു. വിധിനടത്തുവാനുള്ള ആരാ ച്ചാരന്മാരും ഉദ്യോഗസ്ഥന്മാരും അത്ഭുതപ്പെട്ടു. അവർ കണ്ണിൽ കണ്ണിൽനോക്കി ഏതാനും നിമിഷങ്ങൾ നിശ്ശബ്ദരായി നിന്നു. അഭ്രുതപൂർവ്വമായ ഈ സംഭവത്തിൽ ആരാണ് അത്ഭുതപ്പെടാതിരി ക്കുക. ഇത്രമാത്രം സത്യസന്ധതയും നീതിബോധവുമുള്ള ഒരു മനു ഷ്യനെ വധിച്ചുകൂടാ. പത്രം അഭിപ്രായപ്പെട്ടു. ഇതേത്തുടർന്ന് ഗവ ണ്ണർ കുററവാളിയുടെ വധശിക്ഷ റദ്ദാക്കി. വിശ്വസ്തനായ ഗയ് സ്റ്റേററ് ഫാമിൻെറ ട്രസ്റ്റിയും സൂക്ഷിപ്പുകാരനുമായി നിയമിക്ക പ്പെട്ടു.

സത്യസന്ധനോടും, വിശ്വസ്തനോടുമുള്ള സ്നേഹം എത്രമാത്ര മെന്ന് ഈ സംഭവം നമുക്ക് വ്യക്തമാക്കിത്തരുന്നു. കത്താവിൻെറ കൂടാരത്തിൽ വസിക്കുന്നവൻ സത്യസന്ധനും വിശ്വസ്തനുമായിരി ക്കണമെന്ന് അവിടുത്തേയ്ക്ക് നിർബന്ധമുണ്ട് (സങ്കീ. 15: 1–3). നീതിമാന്മാർക്കും സത്യസന്ധർക്കും നിത്യമായ സമ്മാനംനൽകുന്ന വനാണ് അവിടുന്ന് (സങ്കീ. 34: 13–14). കരുണയും വിശ്വസ്തത യും കഴുത്തിൽ ധരിക്കുകയും ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നവന് (സുഭാ. 3: 3–4) ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ പ്രീതിയും സത്കീർത്തിയും ഉണ്ടായിരിക്കും. മരിക്കേണ്ടി വന്നാലും (പ്രഭാ. 4:25–15) സത്യം കൈവെടിയരുത് എന്നാണ് പ്രഭാഷകൻ നമ്മോടു പറയുന്നത്.

പ്രഭാഷകൻ 4:21–25.

ജ്ഞാനവും പ്രബോധനവും ഭാഷണത്തിലൂടെ പ്രകടമാകുന്നു. സത്യവിരുദ്ധമായി ഒരിക്കലും വാദിക്കരുതു്. സ്വന്തം അജ്ഞതയെക്കുറിച്ചു് ബോധവാനായിരിക്കണം. തെററു് സമ്മതിക്കാൻ ലജ്ജിക്കേണ്ടതില്ല. ഒഴുക്കിനെതിരെ നീന്തരുതു്.

## 24 മൃത്യോർമ്മ അമൃതം ഗമയ:

'സെൻറ് തോമസ് മൂർ' അഥവാ 'ഭൂമിയിലെ സ്വാതന്ത്ര്യം' എന്ന ഒരു ഗ്രന്ഥം സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ ഹാൻസ് കുങ്ങ് രചിച്ചിട്ടുണ്ടു്. തോമസ് മൂറിൻെറ ജീവചരിത്രഗ്രന്ഥമാണിതു്. പതിനാലാം വയസുമുതൽ ഉന്നതസ്ഥാനങ്ങരം അലങ്കരിക്കാൻ തുടങ്ങിയ അദ്ദേഹം അൻപത്തൊന്നാം വയസ്സിൽ ഇംഗ്ലീഷ് സാമ്രാജ്യത്തിൻെറ ചാൻസലറായിതീൎന്നു. ഉന്നതമായ പദവികരം ഒന്നൊന്നായി അലങ്കരിച്ച ആ പുണ്യചരിതൻ ജീവിതത്തിൽ ഒരു നിമിഷംപോലും സ്വാതന്ത്ര്യം പണയപ്പെടുത്താത്ത വ്യക്തിയായിരുന്നുവെന്നാണു് ഗ്രന്ഥകാരൻ സ്ഥാപിക്കുന്നതു്.

ഇംഗ്ലണ്ടിലെ പരമാധികാരിയായ രാജാവു് ഹെൻറി എട്ടാമൻ സ്വന്തം ഭാര്യയെ ഉപേക്ഷിച്ചു് തോഴിയെ വിവാഹംചെയ്ത നടപടിയെ ശരിവയ്ക്കാൻ സ്വന്തം മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം സർ തോമസ് മൂറിനെ അനുവദിച്ചില്ല. തൻെറ ശിരസ്സ് ഛേദിച്ചുകളയുവാൻ രാജാവു് നിശ്ചയിച്ച കാര്യം തോമസ്മൂർ അറിഞ്ഞിരുന്നു. ജയിലിൽവച്ചു് അദ്ദേഹമെഴുതി: ഒരു ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം അവൻെറ മഹത്വത്തിൽ ഒരിക്കലും ശിരസ്സ് ഇല്ലാത്തവനാവുകയില്ല. അവൻെറ ശിരസ്സ് യേശുവാണു് അതുകൊണ്ടു് നാം ശിരസ്സിനോടു് ചേരണം. അവയവങ്ങളെന്നനില

യിൽ നാം മൗതികശരീരത്തോട് സംയോജിച്ചേതീരൂ. യേശുവാകുന്ന ആ ശിരസ്സിൻെറ അവയവങ്ങളാകുന്നതുവരെ അവിടുത്തെ പാത നാം പിന്തുടരണം. യേശുവിൻെറ സ്വാതന്ത്ര്യത്തിൻെറ തികവു മുഴുവൻ മനസ്സാക്ഷിയിലാണു് എത്തിനില്ക്കുന്നതു്. ഭൗതിക സ്വാതന്ത്ര്യത്തെക്കാൾ എത്രയോ ഉന്നതമാണു് മനസ്സാക്ഷിയുടെ സ്വാതന്ത്ര്യം. കഷ്ടപ്പാടുകളും ത്യാഗവും ഒരുപക്ഷേ മരണംതന്നെയും നാം അതിനു വില നല്കേണ്ടിവരും. യേശു നമുക്കു നേടിത്തന്ന മനസ്സാക്ഷിയുടെ സ്വാതന്ത്ര്യത്തിനു് ത്യാഗത്തിൻെറയും വേദനയുടെയും, രക്തത്തിൻെറയും പീഡാനുഭവത്തിൻെറയും ഗന്ധമുണ്ടു്. മനസ്സാക്ഷിയുടെ സ്വരം കേൾക്കാൻ പരിശ്രമിക്കുന്നവർക്കെല്ലാം ലോകംനല്കുന്ന ശിക്ഷയും മറെറാന്നായിരിക്കില്ല. യേശു ശിരസ്സായിട്ടുള്ള മൗതികശരീരത്തിലെ അംഗങ്ങളെല്ലാം ഈ യാതന അനുഭവിച്ചേ തീരൂ.

എഫേസിയൻസ് 4:15–16.

പ്രത്യുത സ്നേഹത്തിൽ സത്യം പ്രഘോഷിച്ചുകൊണ്ടു് നമ്മുടെ ശിരസ്സായ മിശിഹായിലേക്കു് എല്ലാവിധത്തിലും നാം വളരണം. അവിടുന്നുവഴി ശരീരത്തിനു മുഴുവനും ചേർച്ചയും ഐക്യവും ഉളവാകുന്നു. വിവിധസന്ധികളാൽ ബലപ്പെട്ടു് ശരീരത്തിലെ ഓരോ അവയവവും അതതിൻെറ ജോലിചെയ്യുന്നു. അങ്ങനെ ശരീരമാകെ സ്നേഹത്തിലുറ്റു് വളർന്നുവരികയും ചെയ്യുന്നു.

## 25 അടുക്കുമ്പോൾ അകലാൻ അകലുമ്പോൾ അടുക്കാൻ

മോഹങ്ങൾ ആർക്കും ഉണ്ടു്. കുരുന്നു ഹൃദയങ്ങളിൽ, കൊച്ചുനാളുമുതൽ മോഹങ്ങൾ മൊട്ടിട്ടു വളരാൻതുടങ്ങും. മോഹങ്ങൾ ഉണ്ടെങ്കിലേ മോഹഭംഗങ്ങൾ ഉണ്ടാവൂ. മോഹങ്ങളും മോഹഭംഗങ്ങ

ളും അതാണ് മനുഷ്യജീവിതം. പിച്ചവെച്ച്, വെച്ചകാലുകളിൽ ഊന്നൽകൊടുക്കാതെ തെന്നിത്തെറിച്ചു നടക്കുന്ന കൊച്ചുകുട്ടിയുടെ ഭാവം ഈ പ്രവണത സ്പഷ്ടമാക്കും. അച്ഛൻെറയും അമ്മയുടെയും മുത്തംകൊണ്ടു ശ്വാസംമുട്ടുന്ന അവൻ അവരുടെ പിടിയിൽനിന്നും രക്ഷപെടുവാൻ ആഗ്രഹിക്കുന്നു. ആഗ്രഹം അകററുന്നു. മുറിയുടെ മൂലകളിലും ജനൽപടികളിലും, കസേരയിലും മേശയിലുമൊക്കെ തട്ടിമുട്ടി അവൻ നീങ്ങും. അകൽച്ച അധികമാകുമ്പോഴ് അടുപ്പം ആഗ്രഹിക്കും. അടുപ്പം വീണ്ടും അകററും അകലം വീണ്ടും അടുപ്പിക്കും.

അടുത്തിരുന്നപ്പോഴ് അകലാൻ കൊതിച്ച, അകന്നിരുന്നപ്പോഴ് അടുക്കാൻ ആഗ്രഹിച്ച ഒരു യുവാവിനെ ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നു. ഒരു പിതാവിനു് രണ്ടു മക്കളുണ്ടായിരുന്നു. അതിൽ ഇളയവൻ തനിക്കു വിഹിതമായി കിട്ടാവുന്ന എല്ലാം ശേഖരിച്ച് പിതാവിൽനിന്ന് അകന്ന് അവൻ ദൂരദേശത്തേക്കുപോയി. സ്വന്തം പിതാവിൽനിന്നുള്ള അകൽച്ച അവനു രസമായിരുന്നു. അതിൽ അവൻ മതിമറന്ന് ഉന്മത്തനായി സ്വത്ത് നശിപ്പിച്ചു ജീവിച്ചു. അകൽച്ചയുടെ രസം ആവോളം ആസ്വദിച്ചുകഴിഞ്ഞപ്പോഴ് അടുക്കണമെന്നായി. അവൻ പറഞ്ഞു: എൻെറ പിതാവിൻെറ എത്രയോ ദാസന്മാർ സുഭിക്ഷമായി ഭക്ഷണം കഴിക്കുന്നു. ഞാനോ ഇവിടെ വിശന്നുമരിക്കുന്നു! ഞാൻ എഴുന്നേററ് എൻെറ പിതാവിൻെറ അടുത്തേയ്ക്കുപോകും. അകന്നമകൻ അകൽച്ചമതിയാക്കി പിതാവിൻെറ സ്നേഹത്തിനായി തിരിച്ചെത്തുന്നു. അകൽച്ച കൊണ്ടു് അവൻ നേടിയതോ പ്രാകൃതത്വംജനിപ്പിക്കുന്ന വേഷം, കറപുരണ്ട വസ്ത്രം. പിതാവു പറഞ്ഞു:— ഉടനെ മേൽത്തരം വസ്ത്രം കൊണ്ടുവന്ന് ഇവനെ ധരിപ്പിക്കുവിൻ. ഇവൻെറ കൈയിൽ മോതിരവും കാലിൽ ചെരിപ്പുകളും അണിയിക്കുവിൻ!

ലൂക്കാ 15:20–24.

''അവൻ എഴുന്നേററ് തൻെറ പിതാവിൻെറ അടുക്കലേക്കു ചെന്നു. ദൂരത്തുവച്ചുതന്നെ പിതാവ് അവനെ കണ്ടു. അദ്ദേഹം അവനിൽ മനസ്സലിഞ്ഞ്, ഓടിച്ചെന്ന് അവനെ ആശ്ലേഷിച്ചു ചുംബിച്ചു. മകൻ അദ്ദേഹത്തോടു പറഞ്ഞു: 'അപ്പാ, സ്വർഗ്ഗത്തിനെതിരായും അങ്ങേ മുമ്പിലും ഞാൻ പാപം ചെയ്തു.

അങ്ങേ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഇനി ഞാൻ അർഹനല്ല.' പിതാവാകട്ടെ, തൻെറ ദാസരോടു പറഞ്ഞു, 'നിങ്ങൾ ഉടനെ മേൽത്തരം വസ്ത്രം കൊണ്ടുവന്നു് ഇവനെ ധരിപ്പിക്കുവിൻ; കൈയിൽ മോതിരവും കാലിൽ ചെരിപ്പും ഇടുവിക്കുവിൻ കൊഴുത്ത കാളക്കുട്ടിയെ കൊണ്ടുവന്നു കൊല്ലുവിൻ. നമുക്കു ഭക്ഷിച്ചു് ആഹ്ലാദിക്കാം. എന്തെന്നാൽ, എൻെറ ഈ മകൻ മരിച്ചവനായിരുന്നു, — എന്നാൽ വീണ്ടും ജീവിച്ചിരിക്കുന്നു. അവൻ നഷ്ടപ്പെട്ടിരുന്നു, ഇപ്പോൾ തിരിച്ചു കിട്ടിയിരിക്കുന്നു. അവർ ആഹ്ലാദിക്കാൻ തുടങ്ങി.

## 26 തുരുത്തുകളിൽ ഒററപ്പെട്ടവർ

കോട്ടയത്തുനിന്നും കഷ്ടിച്ചു് ഒരു മണിക്കൂർ സ്പെഷ്യൽബോട്ടിൽ യാത്രചെയ്താൽ പാതിരാമണലിലെത്താം. വേമ്പനാട്ടുകായലിൻെറ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഒരു ദ്വീപാണു് പാതിരാമണൽ. ഈ ദ്വീപുപോലെയാണു് നഗരത്തിലെ പലേ മനുഷ്യജീവിതങ്ങളും. ആർക്കും ആരെയും അറിഞ്ഞുകൂടാ. അയൽവക്കത്തു താമസിക്കുന്നതു് ആരെന്നറിഞ്ഞുകൂടാ. വലിയ മതിലുകൾ കെട്ടിപ്പൊക്കി പട്ടകൂററൻ സൗധങ്ങൾ നിർമ്മിച്ചു്, ''പട്ടിയെ സൂക്ഷിക്കുക'' എന്ന ബോർഡുംവച്ചു് ജീവിക്കുന്ന മനുഷ്യർ ഏതാണ്ടു് ഇത്തരത്തിലുള്ള ഒററപ്പെട്ട തുരുത്തുകളിൽ അകപ്പെട്ടവരെപ്പോലെയാണു്.

പരസ്പരബന്ധമില്ലാത്ത ദ്വീപുകളായി കഴിയുവാനല്ല മനുഷ്യനെ ഈശ്വരൻ സൃഷ്ടിച്ചിരിക്കുന്നതു്. എല്ലാ മതങ്ങളിലും, ദർശനങ്ങളിലും ഇതിൻെറ ഊന്നലുകൾ കാണാം. ബൈബിളിലെ സൃഷ്ടിയുടെ പുസ്തകത്തിൽ ആദ്യഭാഗത്തുതന്നെ ഇതു് വ്യക്തമാകുന്നു. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. സൂര്യചന്ദ്രനക്ഷത്രാദികളെയും, വൃക്ഷലതാതികളെയും മത്സ്യങ്ങളെയും സൃഷ്ടിച്ചു. എങ്കിലും

മനുഷ്യൻ തനിയെ ഇരിക്കുന്നതു് നന്നല്ലെന്നു കണ്ടു് ദൈവം നരനു കൂട്ടായി ഒരു നാരിയെക്കൂടി സൃഷ്ടിച്ചു. ഇതിൽനിന്നു മനുഷ്യൻ ഒററക്കിരിക്കുവാനുള്ളവനല്ലെന്നു വ്യക്തം. മനുഷ്യനു ഇണവേണം. സല്ലപിക്കുന്നതിനും സാഹോദര്യം പ്രകടിപ്പിക്കുന്നതിനും ആളു വേണം. പണവും പട്ടുകുററൻ ബംഗ്ലാവും എല്ലാം ഉല്ലാസജീവിത സൗകര്യങ്ങളും ഉണ്ടായാലും അവയെക്കാളെല്ലാമുപരിയായി മനുഷ്യനു വേണ്ടതു്, സാഹോദര്യഭാവമാണു്. സ്നേഹത്തിൻെറയും പങ്കിടലിൻെറയും അനുഭവത്തിൽക്കൂടി മാത്രമേ സ്വർഗ്ഗീയമായ ജീവിതാനുഭൂതി ഈ ലോകത്തിൽവെച്ചു പ്രാപിക്കാൻ കഴിയൂ.

ഉൽപത്തി 2:18–19.

> ദൈവമായ കത്താവു് അരുളിച്ചെയ്തു. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല. അവനു് ചേർന്ന ഇണയെ ഞാൻ നൽകും. ദൈവമായ കത്താവു് ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ സകല പക്ഷികളെയും മണ്ണിൽനിന്നു് രൂപപ്പെടുത്തി അവയ്ക്കു മനുഷ്യൻ എന്തു പേരിടുമെന്നറിയാൻ അവിടുന്നു് അവയെ അവൻെറ മുമ്പിൽ കൊണ്ടുവന്നു. മനുഷ്യൻ വിളിച്ചതു് അവയ്ക്കു് പേരായി തീന്നു.

## 27 പ്രവാചകദൗത്യത്തിൽ പങ്കുകാരാകുക

ഇംഗ്ലണ്ടിലെ ഒരു സമ്പന്ന കുടുംബം. അപ്പനും, അമ്മയും, കുട്ടികളും ഒരു വാരാന്ത്യവിശ്രമദിവസം നാട്ടിൻപുറത്തുള്ള കൃഷിത്തോട്ടത്തിലേയ്ക്കു പോയി. അവിടെ മനോഹരമായ ഒരു കുളമുണ്ടായിരുന്നു. കുട്ടികരം കുളം കണ്ടപ്പോരം തുള്ളിച്ചാടി. അതിലിറങ്ങി നീന്താൻ അവക്കു കൊതിയായി. കുളത്തിൽ എടുത്തുചാടി, നീന്തുവാൻ തുടങ്ങി. അവരിൽ ഒരാരംക്കു് നീന്തൽ വേണ്ടത്ര വശമില്ലായിരുന്നു. കൈകാലുകരം കുഴഞ്ഞു് അവൻ ആഴത്തിലേയ്ക്കു്

താഴവാൻ തുടങ്ങി. തോട്ടക്കാരൻെറ മകൻ ഇതു കണ്ടുകൊണ്ട് കരയ്ക്കു നില്ക്കുന്നുണ്ടായിരുന്നു. ഒരു നിമിഷംപോലും വൈകിയില്ല. അവൻ ഓടിവന്നു് കുളത്തിലേയ്ക്കു് ചാടി, കുട്ടിയെ രക്ഷിച്ചു. കൃതജ്ഞതാബദ്ധരായ മാതാപിതാക്കൾ തോട്ടക്കാരനെ വിളിച്ച് കുട്ടിചെയ്ത ഉപകാരത്തിനു് നന്ദിസൂചകമായി എന്താണു് നല്കേണ്ടതു് എന്നുചോദിച്ചു. പട്ടണത്തിൽപ്പോയി ഉയന്ന വിദ്യാഭ്യാസം നേടുവാൻ ആഗ്രഹിക്കുന്ന അവനു് വേണ്ട സാമ്പത്തികസഹായം ചെയ്യണമെന്നു് അയാൾ അഭ്യർത്ഥിച്ചു.

ആ സമ്പന്നകുടുംബം സസന്തോഷം അഭ്യർത്ഥന സ്വീകരിച്ചു. തോട്ടക്കാരൻെറ മകൻ കുളത്തിൽനിന്നും പിടിച്ചുകയററി രക്ഷപ്പെടുത്തിയ ആ കുട്ടി ആരായിരുന്നു എന്നല്ലേ? ബ്രിട്ടീഷ് പ്രധാനമന്ത്രിയായിത്തീന്ന വിൻസ്റ്റൻ ചർച്ചിൽ. തോട്ടക്കാരൻെറ മകനാകട്ടെ, പഠിച്ചു മിടുക്കനായിത്തീന്ന അലക്സാണ്ടർ ഫ്ളമിങ്ങും. വർഷങ്ങൾക്കുശേഷം പെൻസിലിൻ എന്ന മരുന്നു കണ്ടുപിടിച്ചതും ഒരിക്കൽക്കൂടി വിൻസ്റ്റൻ ചർച്ചിലിനെ ന്യൂമോണിയ എന്ന മാരകരോഗത്തിൽനിന്നും രക്ഷപ്പെടുത്തിയതും ഇദ്ദേഹംതന്നെയായിരുന്നു.

ചർച്ചിലിൻെറ മാതാപിതാക്കൾ ആ നിർദ്ധന ബാലനുചെയ്ത സഹായം അനേകം ആളുകളുടെ രക്ഷയ്ക്കു കാരണമായി. യേശുവിലൂടെ നമുക്കുകിട്ടിയ ദൗത്യവും മറെറാന്നല്ല. പീഡിതരോട് സദ്വാത്ത അറിയിക്കുവാൻ, ഹൃദയംതകർന്നവരെ ആശ്വസിപ്പിക്കാൻ, ബന്ധിതക്കു് മോചനം നൽകാൻ. ദുർവഹമായ ഭാരം താങ്ങാനാവാതെ വിഷമിക്കുന്നവക്കു് ഒരു ചെറിയ കൈതാങ്ങലെങ്കിലും നാം നല്കുന്നുണ്ടോ? അതോ പാവപ്പെട്ടവനെ വീണ്ടും പാവപ്പെട്ടവനാക്കാനാണോ നാം പരിശ്രമിക്കാറു്. സമ്പന്നരുടെ സന്തോഷത്തിലും സൽക്കാരങ്ങളിലും അവരുടെ പൊള്ളത്തരങ്ങളിലും പങ്കെടുക്കുന്നതിനേക്കാൾ പാവപ്പെട്ടവൻെറ കണ്ണീരിൽ പങ്കുചേരുന്നതാവും ഉത്തമം. പ്രതിഫലം ഇച്ഛിക്കാതെ ചെയ്യുന്ന ഇത്തരം പ്രവൃത്തികളിൽ ഏപ്പെടുന്നവക്കു് ദൈവാനുഗ്രഹം അവർ അറിയാതെതന്നെ വന്നുചേരും.

ഏശയ്യാ 61: 1–2

ദൈവമായ കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. പീഡിതരെ സദ്‌വാർത്ത അറിയിക്കുന്നതിനും അവിടുന്ന് എന്നെ അറിയിക്കുന്നതിനും അവിടുന്ന് എന്നെ അഭിഷേകംചെയ്തിരിക്കുന്നു. ഹൃദയംതകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്കു മോചനവും ബന്ധിതർക്കു സ്വാതന്ത്ര്യവും പ്രഖ്യാപിക്കാനും കർത്താവിന്റെ കൃപാവത്സരവും, നമ്മുടെ ദൈവത്തിന്റെ പ്രതികാരദിനവും പ്രഘോഷിക്കാനും വിലപിക്കുന്നവർക്കു സമാശ്വാസം നൽകാനും എന്നെ അയച്ചിരിക്കുന്നു.

## 28 പെരുന്തച്ചൻ

ജി. ശങ്കരക്കുറുപ്പിന്റെ 'പെരുന്തച്ചൻ' എന്ന കവിത മലയാണ്മയുടെ മനസ്സിൽനിന്നും മാഞ്ഞുപോകാറായിട്ടില്ല. ആ കവിതയുടെ പ്രമേയം അസൂയയും അതിന്റെ പരിണതഫലമായുണ്ടായ ചതിയുമാണല്ലോ. മരയാശാരിയായ അച്ഛൻ. അയാൾക്ക് ഒരേയൊരു മകൻ. അച്ഛൻ ഉളിപിടിപ്പിച്ചതാണ് മകനെ. പക്ഷേ പിന്നെപ്പിന്നെ മകനോടായി നാട്ടുകാർക്കു സ്നേഹം. അവർ പറഞ്ഞു. ''കണക്കും കോപ്പും മൂത്താശാരിക്കുതന്നെ. പക്ഷേ ശില്പഗുണം ആ ചെറുക്കനാണധികം.'' ആദ്യമൊക്കെ അച്ഛന് മകന്റെപേരിൽ അഭിമാനമാണു തോന്നിയത്. പിന്നെപ്പിന്നെ അരിശവും, അസൂയയും. ആലയിൽ അടുത്തിരുന്നു പണിയെടുക്കുമ്പോഴും അച്ഛനും മകനും തമ്മിൽ മിണ്ടാതായി. അസ്വസ്ഥത മുററിയപ്പോഴ് രണ്ടു ചന്ദ്രന്മാർക്ക് ആകാശത്തിലിടമില്ലെന്നുപറഞ്ഞ് മകൻ ഒരുദിവസം വീടുവിട്ടിറങ്ങിപ്പോയി. അച്ഛൻ തടഞ്ഞില്ല.

പിന്നീട് കോവിലിൽ ആനപ്പന്തൽ ഒരുക്കാൻ നിർദ്ദേശിച്ചപ്പോഠം തമ്പുരാൻ കല്പിച്ചു: മകനോടാലോചിച്ച് പന്തൽ ഭംഗിയാക്കണമെന്ന്. അച്ഛൻെറ ആത്മാഭിമാനം മുറിപ്പെട്ടു. എങ്കിലും അച്ഛൻ പോയി വിളിച്ചു മകനെ. പണിയും തുടങ്ങി. ഒരുദിവസം മകൻ പറഞ്ഞു. അച്ഛൻ മോന്തായം കേററിക്കൊളളൂ. ഞാൻ കൊത്തുപണികഠം ചെയ്തോളാം. മകൻ താഴെയിരുന്നു ശില്പങ്ങഠം കൊത്തുമ്പോഠം അച്ഛൻ മോന്തായമുറപ്പിക്കാൻ മുകളിലിരുന്ന് മൂർച്ചയുള്ള വീതുളികൊണ്ട് മരഹണി ചീവുകയായിരുന്നു. ഒരുനിമിഷം ഉളി തെന്നി. മകൻെറമേൽ വീഴരുതേയെന്ന് അച്ഛൻ മനസ്സിൽ പ്രാർത്ഥിച്ചു. പക്ഷേ ചെന്നുവീണതു് അവൻെറ പിൻകഴുത്തിൽത്തന്നെ. അററുപോയി കഴുത്ത്. ആളുകഠം പറഞ്ഞു: അതൊരു അറുകൊലയായിരുന്നുവെന്ന്. ഉപബോധമനസ്സിൽ ഒളിഞ്ഞുകിടന്ന വിനാശകരമായ വികാരം ഒരവസരം വന്നപ്പോഠം ബോധമനസ്സിൻെറ അനുമതി കാത്തുനിൽക്കാതെ ഉണർന്നുപ്രവർത്തിച്ചു വിനാശം വരുത്തിക്കളഞ്ഞു. അച്ഛൻ മകനെ കൊന്നു.

ഇസ്രായേൽ ജോസഫിനെ മററാരെയുംകാഠം അധികമായി സ്നേഹിച്ചിരുന്നു. ഇതു് മററുമക്കഠംക്ക് ഇഷ്ടമായില്ല. അവർ അവനെ വെറുത്തു. അവനോടു സൗമ്യമായി സംസാരിക്കാൻ അവക്കു കഴിഞ്ഞില്ല. ഒരിക്കൽ ഇസ്രായേൽ ജോസഫിനെ തൻെറ സഹോദരന്മാർ ആടുമേയ്ക്കുന്ന ഇടത്തേയ്ക്ക് അയച്ചു. ദൂരെവെച്ചുതന്നെ അവർ അവനെ കണ്ടു. പരസ്പരം പറഞ്ഞു: ''സ്വപ്നക്കാരൻ വരുന്നുണ്ട്. വരുവിൻ നമുക്കവനെ കൊന്നു കുഴിയിലെറിയാം.'' മററാരും നമ്മോളമോ നമ്മേക്കാളധികമോ വളരരുതു് എന്നൊരുചിന്ത നമ്മിൽ പലരുടെയും മനസ്സിൽ ലീനമായി കിടപ്പുണ്ട്. ഇതിനു് മനുഷ്യചരിത്രത്തോളംതന്നെ പഴക്കമുണ്ട്. കായേൻ ആബേലിൻെറ രക്തംചിന്തിയതും ഇക്കാരണമൊന്നുകൊണ്ടുമാത്രമാണ്. അസൂയയാണ് എല്ലാ തിന്മകളുടെയും നേതാവ്.

ഉൽപ്പത്തി. 4: 4—5

ആബേൽ തൻെറ ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂൽ കുഞ്ഞുങ്ങളെയെടുത്തു് അവയുടെ കൊഴുപ്പുള്ള ഭാഗങ്ങഠം അവിടുത്തേയ്ക്കു കാഴ്ചവച്ചു. ആബേലിലും അവൻെറ കാഴ്ചവസ്തുക്കളിലും അവിടുന്നു പ്രസാദിച്ചു.

എന്നാൽ കായേനിലും അവൻെറ കാഴ്ചവസ്തുക്കളിലും അവിടുന്ന് പ്രസാദിച്ചില്ല. ഇതു കായേനെ അത്യധികം കോപിപ്പിച്ചു. അവൻെറ മുഖം കറുത്തു.

## 29 എനിക്കുതന്നു ഞാൻ തിന്നു

മുൻ പ്രധാമന്ത്രി ലാൽ ബഹദൂർ ശാസ്ത്രി റെയിൽവേ വകുപ്പിൻെറ ചാർജ്ജ് വഹിക്കുന്ന കാലം. ഇന്ത്യ കണ്ടതിൽവച്ച് ഏററവുംവലിയ ഒരു ട്രെയിനപകടം ഉണ്ടായി. ആ അത്യാഹിതത്തിൻെറ സവ്വ ഉത്തരവാദിത്വവും സ്വയം ഏറെറടുത്തുകൊണ്ട് താൻ മന്ത്രിപദം രാജിവയ്ക്കുന്നതായി പിറേറദിവസം പത്രത്തിൽ വാത്തവന്നു. തലേദിവസം നടന്ന ട്രെയിനപകടംപോലെതന്നെ വാത്താപ്രാധാന്യമുണ്ടായിരുന്നു, ശാസ്ത്രിയുടെ രാജിക്കും. ആ സംഭവത്തിലൂടെ ശാസ്ത്രിക്ക് ഇന്ത്യൻ ജനതയുടെ ഏറെ ആദരവുകൾ പിടിച്ചുപററാൻ കഴിഞ്ഞു എന്നതാണ് സത്യം. കൂടുതൽ മിഴവാന്ന വ്യക്തിത്വത്തിൻെറ ഉടമകൾക്കു മാത്രമേ ഇത്തരത്തിലുള്ള തീരുമാനങ്ങളിലേക്കു കടന്നുവരാൻ സാധിക്കൂ. കൂട്ടുത്തരവാദിത്വങ്ങളുടെപേരിൽ ബലിയാടുകളാകേണ്ടിവരിക. കൂട്ടത്തിൽ ഒരുവൻ ചെയ്യതെററിന് ഒന്നുമറിയാത്തവർ കുററക്കാരാകേണ്ടിവരിക. ഇതൊക്കെ സാധാരണസംഭവങ്ങളാണ്. ഈ അവസരങ്ങളിലാണ് യഥാത്ഥ വ്യക്തിത്വത്തിൻെറ മാററ് ഉരയ്ക്കപ്പെടുന്നതു്. ചിലർ കൈകഴുകി ഒഴിഞ്ഞുനില്ക്കും. അതിനു് അവക്ക് ന്യായീകരണവും ഉണ്ടാകാം. നമ്മുടെ വിദ്യാനികേതനങ്ങളിലെ രാഷ്ട്രീയ മുതലെടുപ്പുകൾക്കെല്ലാം ഇതിൻെറ ചുവയുണ്ട്. ഉല്പത്തിയുടെ പുസ്തകം മൂന്നാമദ്ധ്യായത്തിൽ നമ്മൾ ഇങ്ങനെ വായിക്കുന്നു. ''വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിൻെറ ശബ്ദം അവർ കേട്ടു. പുരുഷനും സ്ത്രീയും അവിടത്തെ മുമ്പിൽനിന്നു മാറി, തോട്ടത്തിലെ മരങ്ങൾക്കിടയിലൊളിച്ചു. അവിടന്ന് പുരുഷനെ വിളിച്ചുചോദിച്ചു. നീ എവിടെയാണ്? അവൻ മറുപടിപറഞ്ഞു. തോട്ടത്തിൽ

അവിടത്തെ ശബ്ദം ഞാൻ കേട്ടു. ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്. അവിടന്ന് ചോദിച്ചു: നീ നഗ്നനാണെന്ന് നിന്നോടാരുപറഞ്ഞു? തിന്നരുതെന്നു ഞാൻ കല്പിച്ച വൃക്ഷത്തിൻെറ പഴം നീ തിന്നോ?''

മനുഷ്യൻെറ നഗ്നതയെ നഗ്നമാക്കുന്ന ചോദ്യം. ആ ചോദ്യത്തിൻെറ മറുപടിയായി 'ഞാൻ തെററുചെയ്തുപോയി ക്ഷമിക്കണം' എന്നുപറഞ്ഞുകൊണ്ട് അന്തസ്സോടുകൂടി ലജ്ജാവിഹീനരായി നിൽക്കാമായിരുന്നു. തെററ് എൻേറതാണ് എന്നു പറയുവാനുള്ള മനക്കരുത്ത് നഷ്ടപ്പെട്ട അവക്ക് ദുരഭിമാനവും നാണക്കേടും ലജ്ജയും ഉണ്ടായി. ഫലമോ ഓടിയൊളിക്കൽ, രക്ഷപെടൽ, മൂങ്ങൽ, കാലുവാരൽ, കാലുമാററം, അങ്ങനെ പലതും. സ്വന്തം നഗ്നതയെ, പോരായ്മയെ തുറന്നുകാട്ടാനുള്ള ആത്മധൈര്യം നഷ്ടപ്പെട്ടവർക്കും ഇതല്ലാതെ മറെറന്തുഗതി.

ഉൽപ്പത്തി 3: 11–13.

> അവിടുന്ന് ചോദിച്ചു: ''നീ നഗ്നനാണെന്ന് നിന്നോട് ആരുപറഞ്ഞു? തിന്നരുതെന്ന് ഞാൻ കല്പിച്ച വൃക്ഷത്തിൻെറ പഴം നീ തിന്നോ?'' അവൻ പറഞ്ഞു: അങ്ങ് എനിക്കു കൂട്ടിനുതന്ന സ്ത്രീ ആ മരത്തിൻെറ പഴം എനിക്കുതന്നു; ഞാൻ അതു തിന്നു. ദൈവമായ കർത്താവ് സ്ത്രീയോടു ചോദിച്ചു: ''നീ എന്താണ് ഈ ചെയ്തത്?'' അവൾ പറഞ്ഞു: പാമ്പ് എന്നെ വഞ്ചിച്ചു; ഞാൻ പഴം തിന്നു.

## 30 അർത്ഥങ്ങൾതേടി അനർദ്ധങ്ങളിലേക്ക്

ഞാൻ പ്രവാചകനാണോ? എനിക്കു പ്രവാചകദൗത്യമുണ്ടോ? ആരാണ് എന്നെ ഈ ദൗത്യത്തിലേക്കു വിളിച്ചത്. എനിക്കു മറെറാരു പണിയുമില്ലായിരുന്നോ? ഇല്ലായിരുന്നു എന്നു പറയുന്നത് ആത്മവഞ്ചനയാണ്. സുരക്ഷിതത്വം നല്കുന്ന ഒത്തിരി ജോലി

കരം എനിക്കചുററും കാവൽനിന്നു. അവയൊക്കെ എന്നെ എതി രേൽക്കാൻ താലപ്പൊലിയേന്തി. പുഞ്ചിരിക്കുന്ന മുഖങ്ങരം സുര ക്ഷിതത്വത്തിൻെറ മുഖങ്ങരം. അവയൊക്കെ എന്നെ കാണുമ്പോരം മ്ലാനവദനമാകുവാൻ തുടങ്ങും. പുഞ്ചിരിയുടെ കടാക്ഷം ചുണ്ടിൽ വന്നുവിടരാതെ അമരുന്നതു കണ്ടു. ഞാൻ ചോദിച്ചു അവരോടല്ല എന്നോടു് എന്താണു് ഇതിൻെറയൊക്കെ അത്ഥം? അത്ഥങ്ങരം അ ന്വേഷിച്ചുനടന്ന ഞാൻ അനത്ഥങ്ങളിൽ ചെന്നുപെട്ടു.

എന്നെ കാണുമ്പോരം ചിലരുടെ നെററി ചുളിഞ്ഞുതുടങ്ങും. തലവെട്ടിച്ചു കാണാത്തഭാവത്തിൽ നടന്നകലും. കാണാമറയത്തു് പലരും കുററംപറഞ്ഞു. മറെറാരു പണിയുമില്ലേ? പലരും ചോദി ച്ചു, സുരക്ഷിതത്വത്തിൻെറ കനത്ത മതിൽകെട്ടിനുള്ളിൽ അല്ലലി ല്ലാതെ ആവലാതിമാത്രമായി കഴിയുന്നവക്കു് ഈ മുഷിപ്പൻജീവി തം സുഖിക്കില്ല. സുഖത്തിനു വീണ്ടുംവീണ്ടും ഏകാന്തതയിൽ സ്വ പ്നഗോപുരങ്ങരം പണിയുന്നവരുടെനേരെ ആ ശബ്ദം അഗ്നിപോലെ ആളിപ്പടന്നു. ഞാൻ വീണ്ടും എന്നോടുതന്നെ ചോദിച്ചു എന്താണി തിൻെറ അത്ഥം. അത്ഥങ്ങരംതേടി അലഞ്ഞു. കാലഘട്ടങ്ങളിൽ ഊന്നിനിന്നുകൊണ്ടു് വചനാധിഷ്ഠിതമായി വരിച്ച ജീവിതം, വെ ല്ലുവിളിയുടെ ജീവിതം, കല്ലേറുലഭിക്കുന്ന ജീവിതം. വചനംതേ ടി ജീവിച്ചവക്കെല്ലാം അതാണു ലഭിച്ചതു് കല്ലു്. ഈ കല്ലുകരം കൂട്ടി ഞാൻ കൊട്ടാരം പണിയും എന്നു് മനക്കരുത്തോടുകൂടി പറ യുന്നവക്കു് ഈ ജീവിതം അത്ഥപൂണ്ണമാകും. അല്ലെങ്കിൽ അനത്ഥ ങ്ങളുണ്ടാകും. ജീവിതം പരസ്പരവിരുദ്ധങ്ങളായ ധ്രുവങ്ങളിലേക്കു ചിതറും. അത്ഥമില്ലാത്ത ജീവിതം, അനത്ഥം വിതയ്ക്കുകയും, അ തിലുപരി കൊയ്യുകയും ചെയ്യും. ആമോസിനെ അമാസിയാ യൂ ദാനാട്ടിലേക്കു പായിച്ചു. അത്ര കഠിനതരമായിരുന്നു ആമോസി ൻെറ വാക്കുകരം. ഇവിടെ നീ ഇനി ഉപജീവനത്തിനുവേണ്ടി വ ചനം പ്രസംഗിക്കുവാൻ വന്നുപോകരുതു്. ഇതു് രാജാവിൻെറ ശ്രീകോവിലും രാജ്യത്തിൻെറ ക്ഷേത്രവുമാണു്.

ആമോസ് 7: 12–16.

അമാസിയാ, ആമോസിനോടു പറഞ്ഞു: ദീഘ ദശി, യൂദാനാട്ടിലേയ്ക്കു് ഓടുക. അവിടെ പ്രവചി ച്ചു് അഹർവൃത്തി കഴിച്ചുകൊള്ളുക. ഇനിമേൽ ബ ഥേലിൽ പ്രവചിക്കരുതു്. ഇതു രാജാവിൻെറ

ശ്രീകോവിലും രാജ്യത്തിൻെറ ക്ഷേത്രവുമാണ്. ആമോസ് മറുപടി പറഞ്ഞു: ഞാനൊരു പ്രവാചകനല്ല, പ്രവാചകപുത്രനുമല്ല, ഞാൻ ആട്ടിടയനാണ്. സിക്കമൂർ മരം വെട്ടിയൊരുക്കുകയായിരുന്നു എൻെറ ജോലി. ആട്ടമേയിച്ചു നടന്ന എന്നെ വിളിച്ച് കർത്താവ് അരുളിച്ചെയ്തു. എൻെറ ജനമായ ഇസ്രായേലിൽ ചെന്ന് പ്രവചിക്കുക. അതിനാൽ, ഇപ്പോൾ കർത്താവിൻെറ വാക്കു കേൾക്കുക. ഇസ്രായേലിനെതിരേ പ്രവചിക്കരുതെന്നും ഇസഹാക്കിൻെറ ഭവനത്തിനെതിരെ പ്രസംഗിക്കരുതെന്നും നീ പറയുന്നു.

# 31 ഉള്ളു പിളർന്ന മനുഷ്യൻ

ഷേക്സ്പിയറിൻെറ വിശേഷപ്പെട്ട നാടകമാണ് 'മാക്ബത്ത്.' അതിൻെറ പരിസമാപ്തിയിൽ ഡങ്കൻപ്രഭുവിനെ കൊല്ലാൻ ലേഡി മാക്ബത്ത് തൻെറ ഭർത്താവിനെ നിർബ്ബന്ധിക്കുന്നു. ഡങ്കനെ നിഗ്രഹിക്കൽ, മനുഷ്യസഹജമായ മഹത്ത്വാകാംക്ഷയിലുപരി എന്തിരിക്കുന്നു എന്നായിരുന്നു ലേഡി മാക്ബത്തിൻെറ യുക്തി. പക്ഷേ പിന്നീട് ആ രാജഹത്യയുടെ പാപക്കറപുരണ്ട കൈകളിലേക്കുനോക്കി ലേഡി മാക്ബത്ത് മനസ്തപിക്കുന്നുണ്ട്. അറേബ്യയിലെ സുഗന്ധദ്രവ്യങ്ങളെല്ലാം ധാരകോരിയാലും തൻെറ കൈകളിലെ പാപക്കറ മാഞ്ഞുപോവില്ല എന്നു ദീനംദീനം ഖേദിക്കുന്നുണ്ട് അവർ. തെറ്റുകളൊന്നും തെറ്റുകളല്ല എന്നു മനസ്സിനെ ബോധ്യപ്പെടുത്താനുള്ള പരിശ്രമം പരാജയപ്പെട്ടപ്പോഴാണ് ഈ ഏറ്റുപറച്ചിലുണ്ടായത്. അതു നന്നായി അല്ലെങ്കിൽ അവർ അടുത്തപടി മാനസികവിഭ്രാന്തിയിൽ ചെന്നുപെടുമായിരുന്നു.

ഉള്ള് പിളർന്നുപോയ മനുഷ്യന്റെ ദുഃഖമാണ് ഈ നൂററാണ്ടിന്റെ ഏററവും വലിയ വേദന. ഇന്നത്തെ ധർമ്മച്യുതിയുടെ പ്രധാന കാരണങ്ങളിലൊന്നും ഇതുതന്നെ. കുററബോധമില്ലായ്മ. കുററബോധം നഷ്ടപ്പെട്ടാൽ പിന്നെ മനുഷ്യൻ എന്തുചെയ്യാനും മടിക്കുകയില്ല. സ്വന്തം സുഖസൗകര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും മാത്രമാകും അപ്പോഠം മാനദണ്ഡം. സ്വാർത്ഥത്തെ ധർമ്മപീഠത്തിൽ പ്രതിഷ്ഠിച്ച് ആരാധിക്കാനും അവൻ മടിക്കില്ല. തെററു തെററല്ലെന്നു മനസാക്ഷിയെക്കൊണ്ടു പറയിക്കാനുള്ള പരിശ്രമം പരാജയപ്പെടുന്ന ചിത്രമാണ് മാക്ബത്തിൽ നമുക്ക് കാണാൻ കഴിയുന്നതു്.

ധൂർത്തപുത്രന്റെ കഥ കുററബോധത്തിന്റെ ചുരുഠം നിവർത്തുന്നതാണ്. അതിലെ ഏററം ശ്രദ്ധേയമായ ഭാഗം ചെറുപ്പക്കാരന്റെ കുററബോധവും പശ്ചാത്താപവുമാണ്. ''ഞാൻ പാപം ചെയ്തുപോയി, സ്വർഗ്ഗത്തിനുമങ്ങേയ്ക്കുമെതിരായി ഞാൻ തെററുചെയ്തു. ഞാൻ അങ്ങയുടെ മകൻ എന്നു വിളിക്കപ്പെടുവാൻ യോഗ്യനല്ല, നിന്റെ ദാസരിൽ ഒരുവനായി എന്നെ സ്വീകരിക്കണമേ.'' കേവലവും ആത്മാർത്ഥവുമായ കുററസമർപ്പണം. തന്റെ തെററിനെതിരെ നീതീകരണത്തിന്റെ പട്ടികയൊന്നും അവൻ ഉന്നയിക്കുന്നില്ല.

വി. ലൂക്കാ 15:18–19.

> ഞാൻ എഴുന്നേററ് എന്റെ പിതാവിന്റെ പക്കലേക്കുപോയി അദ്ദേഹത്തോടു പറയും, 'അപ്പാ സ്വർഗ്ഗത്തിനെതിരായും അങ്ങയുടെ മുമ്പിലും ഞാൻ പാപംചെയ്തുപോയി. അങ്ങേ പുത്രൻ എന്നു വിളിക്കപ്പെടുവാൻ ഇനി ഞാൻ അർഹനല്ല. എന്നെ അങ്ങേ ദാസരിൽ ഒരുവനെപ്പോലെ കരുതണമേ.'

## 32 കടിഞ്ഞാണില്ലാത്ത നാവ്

ഈസോപ്പുകഥകഠം വളരെ പ്രശസ്തമാണ്. ക്രിസ്തുവിനു് ആറു നൂററാണ്ടുമുമ്പ് ഗ്രീസിൽ ജീവിച്ചിരുന്ന ഈസോപ്പ് പ്രശസ്തനായതു് കാര്യവിചാരമുള്ള കഥകളിലൂടെയാണ്. ലാളിത്യം മുററിനി

ല്ലുന്ന അദ്ദേഹത്തിന്റെ കഥകഠം ആർക്കും ഇഷ്ടപ്പെട്ടു. ഒരിക്കൽ ഈസോപ്പിന്റെ യജമാനൻ അയാളോട് എല്ലാ ചീത്ത സാധനങ്ങളുംകൊണ്ട് ആഹാരം പാചകംചെയ്യുവാൻ ആവശ്യപ്പെട്ടു. ഈസോപ്പ് നാവുകൊണ്ട് ചാറുകറിവെച്ചു. നാവു പൊരിച്ചു. നാവ് അച്ചാറുമുണ്ടാക്കി. യജമാനൻ സമൃദ്ധമായ ഭക്ഷണം കഴിച്ചശേഷം ഈസോപ്പിനെ ശ്ലാഘിച്ചിട്ടു പറഞ്ഞു: അടുത്തദിവസം ലോകത്തിലേക്കും കിട്ടാവുന്ന എല്ലാ നല്ല സാധനങ്ങളുംകൊണ്ട് വിഭവസമൃദ്ധമായ ഒരുണ്ണ് ഒരുക്കണം. ഈസോപ്പ് തലേനാഠം നല്കിയ നാവുകൊണ്ടുള്ള കറികഠം തന്നെ യജമാനനു വിളമ്പി. യജമാനൻ കോപിച്ചു. 'നല്ല സാധനങ്ങഠംകൊണ്ട് കറികഠം ഉണ്ടാക്കാനല്ലേ പറഞ്ഞതു്.' ഈസോപ്പു മറുപടിപറഞ്ഞു: യജമാനനേ ഇന്നലെ ഉണ്ടാക്കിയ വിഭവങ്ങളെല്ലാം നാവുകൊണ്ടായിരുന്നു. ഇന്നുണ്ടാക്കിയവയും അതുകൊണ്ടുതന്നെ. നല്ലതും തീയതും ചെയ്യാൻ നാവിനെപ്പോലെ ഉലകിൽ മററൊന്നുമില്ല. അതുകൊണ്ടാണ് ഇന്നും നാവുകൊണ്ടുള്ള ഭക്ഷണസാധനങ്ങഠംതന്നെ വിളമ്പിയതു്.

നാവിനെ ഒരേസമയത്തുതന്നെ നല്ലകാര്യത്തിനും ചീത്തക്കാര്യത്തിനും ഉപയോഗിക്കാം. അതു് മററുള്ളവരെ സന്തോഷിപ്പിക്കുന്ന, ആശ്വസിപ്പിക്കുന്ന, സ്നേഹത്തിന്റെ കുളിമ്മയിൽ അടിമുടി മുക്കുന്നു. അതേസമയംതന്നെ മററുള്ളവരെ തേജോവധം ചെയ്യാനും നാവിനെ ഉപയോഗിക്കാം. നാവുകൊണ്ടു നാം കത്താവിനെയും പിതാവിനെയും സ്തുതിക്കുന്നു. അതേ നാവുകൊണ്ടുതന്നെ നാം ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനെ ശപിക്കുന്നു. ഒരേ വായിൽനിന്ന് അനുഗ്രഹവും ശാപവും പുറപ്പെടുന്നു. ഒരേ സ്രോതസ്സ് മധുരതുല്യവും കയ്പുതുല്യവും പുറപ്പെടുവിക്കുമോ? ഉപ്പുവെള്ളത്തിനു് മധുരജലത്തിന്റെ സ്രോതസ്സായിത്തീരാൻ സാധിക്കുമോ? അത്തിവൃക്ഷത്തിനു് ഒലിവുഫലങ്ങളോ മുന്തിരിവള്ളിക്കു് അത്തിപ്പഴങ്ങളോ പുറപ്പെടുവിക്കാൻ കഴിയുമോ?

യാക്കോബു് 3 : 2–6.

നാമെല്ലാവരും പല കാര്യങ്ങളിൽ തെററിപ്പോകുന്നു. ആരെങ്കിലും വാക്കിൽ തെററു ചെയ്യുന്നില്ലെങ്കിൽ അവൻ പൂർണ്ണനാണു്. അവനു ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നിയന്ത്രിക്കാൻ കഴിയും

നമ്മെ അനുസരിക്കേണ്ടതിനായി നാം കുതിരയുടെ വായിൽ കടിഞ്ഞാണിടുമ്പോഠം അതിന്റെ ശരീരത്തെ പൂർണ്ണമായി നിയന്ത്രിക്കുകയാണു ചെയ്യുന്നതു്. കപ്പലുകളെ നോക്കു! വലിയവയെങ്കിലും കൊടുങ്കാററിനാൽ അടിച്ചുലയ്ക്കപ്പെടുമ്പോഠംപോലും ഒരു ചെറിയ ചുക്കാൻ ഉപയോഗിച്ചു് അമരക്കാരൻ അവയെ ഇഷ്ടമുള്ളിടത്തേയ്ക്കു നയിക്കുന്നു.

അതുപോലെ തന്നെ ഒരു ചെറിയ അവയവമായ നാവു് വളരെ വമ്പു പറയുന്നു. ഒരു ചെറുതീപ്പൊരി എത്രയോ വലിയ വനം ചാമ്പലാക്കുന്നു! നാവു തീയാകുന്നു; തിന്മയുടെ ഒരു പ്രപഞ്ചം നമ്മുടെ അവയവങ്ങളുടെ ഇടയിൽ സ്ഥിതി ചെയ്തുകൊണ്ടു് നാവു് ശരീരം മുഴുവനും മലിനമാക്കുകയും, നരകാഗ്നിയിൽ കത്തിജ്വലിച്ചു് ജീവിതചക്രത്തെ എരിയിക്കുകയും ചെയ്യുന്നു.

## 33 ആരുടേതാണ് ഈ രൂപവും ലിഖിതവും

യേശുവിനെ വാക്കിൽ കുടുക്കുവാൻ ഫരിസേയർ തക്കംപാർത്തിരുന്നു. നീതിമാന്മാരെന്നു ഭാവിക്കുന്ന ചാരന്മാരെ അവർ അവന്റെ പക്കലേക്കുവിട്ടു. ചാരന്മാർ അവനെ മുഖസ്തുതികഠംകൊണ്ടു മുക്കി. ''ഗുരോ നീ ശരിയായി സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനും, മുഖംനോക്കാതെ കാര്യങ്ങഠം പറയുന്നവനും അങ്ങനെ പലതും പലതുമാണു്.'' മുഖവുരകൂടാതെതന്നെ കാര്യം മനസ്സിലാക്കുവാൻ കഴിവുള്ളവനായ യേശു അവരുടെ മുമ്പിൽ അക്ഷോഭ്യനായി നിന്നു. അവരു ചോദിച്ചു: സീസറിനു നികുതികൊടുക്കുന്നതു നിയമാനുസൃതമോ? അല്ലയോ? എന്തു് ഉത്തരംപറഞ്ഞാലും അവൻ പിടിക്കപ്പെടും. തീർച്ച. സീസറിനോടു് അങ്ങേയററം കൂറുപുലത്തുന്നവരാണു് അവനെ സമീപിച്ചതു്. എങ്കിൽത്തന്നെ എന്തുത്തരം പറഞ്ഞാലും തിരിച്ചടി ഉണ്ടാകും. യേശുവിനു് അവരുടെ കൗശലം മനസ്സിലായി. അവിടന്നു് ആ അവസരത്തെ വള

രെ നാടകീയമായിത്തന്നെ അഭിമുഖീകരിച്ചു. അവിടന്നു് തന്നെ സമീപിച്ചവരോടായി പറഞ്ഞു: ''ഒരു ദനാറാ ഇങ്ങു കൊണ്ടുവരു. ഞാൻ കാണട്ടെ.'' ഉടനെ ഒരു ദനാറാ അവൻെറ പക്കലെത്തിച്ചു. അവിടന്നു് തിരിച്ചും മറിച്ചും നോക്കിയിട്ടു് അവരുടെ മുമ്പിൽ ഉയർത്തിക്കാണിച്ചിട്ടു ചോദിച്ചു: ''ആരുടെ രൂപവും ലിഖിതവുമാണു് ഇതിലുള്ളതു്?'' സീസറിൻേറതു്. എങ്കിൽ സീസറിനുള്ളതു സീസറിനും ദൈവത്തിൻേറതു് ദൈവത്തിനും കൊടുക്കുവിൻ.

രാജഭരണകാലത്തു് എല്ലാ രാജാക്കന്മാരും തങ്ങളുടെ മുദ്രകളോടുകൂടിയ നാണയങ്ങൾ അടിച്ചിറക്കിയിരുന്നു. രാജാധിപത്യത്തെ വിളിച്ചറിയിക്കാനുള്ള മാർഗ്ഗം. നാടുനീങ്ങിയ ഏകഛത്രാതിപതികളുടെ ഓർമ്മ അങ്ങനെയെങ്കിലും നിലനില്ക്കട്ടെ. ഓർമ്മ, നിലനിത്താൻ മനുഷ്യൻ എത്ര ക്ലേശിക്കുന്നു. നാലുകൂടിയ നാൽക്കവലകളിലെ വെങ്കൽ പ്രതിമകളും, സ്മാരകമന്ദിരങ്ങളും എണ്ണഛായാചിത്രങ്ങളും അതാണല്ലോ അറിയിക്കുക. മനുഷ്യൻ അവൻെറ രൂപങ്ങളും ലിഖിതങ്ങളുംകൊണ്ടു് ഈ പ്രപഞ്ചത്തെ പ്രാകൃതമാക്കുന്നു. ''സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും'' എന്നുപറഞ്ഞുകൊണ്ടു് മനുഷ്യൻെറ രൂപങ്ങൾക്കും ലിഖിതങ്ങൾക്കും അവിടന്നു് പരിധി കല്പിച്ചു. ദൈവത്തിൻെറ രൂപവും ലിഖിതവും അനന്തമാണു്, അനശ്വരമാണു്. അതീപ്രപഞ്ചത്തിൻെറ സീമകളിൽ ഉറങ്ങുന്നു; പുല്ലിലും പൂവിലും ആഴിയിലും ആകാശത്തും മരുപ്പച്ചയിലും മന്ദമാരുതനിലും രാഗംമീട്ടുന്നു.

വി. മത്തായി 22:18–21.

അവരുടെ ദുരുദ്ദേശം മനസ്സിലാക്കി അവൻ ചോദിച്ചു: ''കപടഭക്തരെ നിങ്ങൾ എന്തിനാണു് എന്നെ പരീക്ഷിക്കുന്നതു്? നികുതിക്കുള്ള ആ നാണയം എന്നെ കാണിക്കുവിൻ.'' അവർ ഒരു ദനാറാ കൊണ്ടുവന്നു. അവിടുന്നു് അവരോടു് ചോദിച്ചു: ''ഈ രൂപവും ലിഖിതവും ആരുടേതാണു്?'' അവർ മറുപടി പറഞ്ഞു: ''സീസറിൻേറതു്'' അപ്പോൾ ഈശോ അവരോടു് അരുൾച്ചെയ്തു: ''എങ്കിൽ സീസറിൻേറതു സീസറിനും ദൈവത്തിൻേറതു ദൈവത്തിനും കൊടുക്കുവിൻ.''

# 34 ആനയുമില്ല അമ്പാരിയുമില്ല

ആനയും അമ്പാരിയുമുണ്ടിവിടെ. കുതിരയും, കുഴലൂത്തുമുണ്ട്. പാർട്ടിയുടെ ശക്തിപ്രകടനങ്ങളാണെന്നാണ് നേതാക്കളുടെ അവകാശം. പാർട്ടിയുടേതെന്നതിനേക്കാൾ കാശിൻേറതെന്ന് പറയുകയാവും നന്ന്. കാശുവാങ്ങി നേതാക്കളെ കുപ്പിയിലിറക്കുന്ന അനുയായികളുടെ അണി. നേതാവിതറിയുന്നുണ്ടോ? അറിഞ്ഞാലെന്താ, നേതാവിനില്ലാത്ത ആത്മാർത്ഥത നമുക്കെന്തിന്. നേതാവ് അനുയായികളെ കബളിപ്പിക്കുന്നു. അനുയായികൾ നേതാവിനെ മനംമയക്കുന്നു. പരസ്പരം വഞ്ചിക്കപ്പെടുന്ന റൂട്ടമാർച്ചുകൾ. ഏതു യുവ റൂട്ടമാർച്ചുകൾക്കും കൈമടക്കു കൊടുത്താൽ എത്രവേണമെങ്കിലും യുവജനങ്ങളെ കിട്ടും. യുവജനങ്ങളുടെ ആത്മാർത്ഥത വഞ്ചിക്കപ്പെടുന്ന ഇടം.

എനിക്കീ റൂട്ടമാർച്ചുകൾ വേണ്ട. ഞാനീ ഒലിവുമലയുടെ ഓരം ചേർന്നു നിന്നോട്ടെ. ജറുസലേം പട്ടണത്തിലേക്കുള്ള വഴിമദ്ധ്യേയുള്ള ഈ ഇടുങ്ങിയ തെരുവാണെനിക്കിഷ്ടം. രാജവീഥിയല്ല. ഇവിടെ നിന്നാൽ അങ്ങയെ സ്വീകരിച്ചുകൊണ്ടുള്ള ഘോഷയാത്ര കാണാം. ഓശാനവിളി കേൾക്കാം. ഒലിവുമരക്കൊമ്പുകളുടെ തുഞ്ചങ്ങൾ ഇളകിയാടുന്നതു കാണാം. യേശു കടന്നുപോകുന്ന പോലും. അവിടുന്നു കടന്നുപോകുന്ന വഴിയെ ആളുകൾ തങ്ങളുടെ വസ്ത്രങ്ങൾ വിരിക്കുന്നു. നേതാവു കൊടുക്കാത്ത വസ്ത്രങ്ങളല്ല. ആവേശകരമായ വരവേൽപ്പ്. ഗോശാലയിൽ പിറന്നവനെയുംകൊണ്ടുള്ള ഘോഷയാത്ര. കഴുതപ്പുറത്തുള്ള അവിടുത്തെ എഴുന്നെള്ളത്ത് അർത്ഥപൂർണ്ണമായിരുന്നു. അവിടുത്തേയ്ക്ക് എന്തുകൊണ്ട് കുതിരയെ ഉപയോഗിക്കാൻ പാടില്ലായിരുന്നു. രാജാക്കന്മാർ രാജ്യം വെട്ടിപ്പിടിക്കാൻ പുറപ്പെട്ടിരുന്നതു് കുതിരപ്പുറത്തായിരുന്നില്ലേ. അവിടുത്തെ ലക്ഷ്യം രാജ്യമോ രാജ്യാതിർത്തികളോ ആയിരുന്നില്ല. മനുഷ്യഹൃദയമായിരുന്നു. അണികളുടെ ആത്മാർത്ഥതയായിരുന്നു.

ഒരു ഒലിവുമരക്കൊമ്പു കിട്ടിയിരുന്നെങ്കിൽ നാഥനുവേണ്ടി എനിക്കും ജയ്‌വിളികൾ മുഴക്കാമായിരുന്നു. ഞാൻ ചുററും നോക്കി. എല്ലാവരുടെയും കൈയ്യിൽ ചായംമുക്കിയ കീറത്തുണികളാണ്. പലരും വെച്ചുനീട്ടി. എനിക്കുവേണ്ട. ഈ ശബ്ദകോലാഹലങ്ങൾക്കിടയിൽ, കൊടിക്കൂറകൾക്കിടയിൽ അങ്ങയുടെ ശാന്തഗംഭീരമായ സ്വരം എന്റെ കാതിൽ അലയടിച്ചിരുന്നെങ്കിൽ ''ഇവർ മൗനം ഭഞ്ജിച്ചാൽ ആ കല്ലുകൾ ആർത്തുവിളിക്കുമെന്ന് ഞാൻ നിങ്ങളോടുപറയുന്നു.''

വി. ലൂക്കാ 19:35–40.

അതിനെ അവർ ഈശോയുടെ പക്കൽ കൊണ്ടുവന്നു. തങ്ങളുടെ പുറംകുപ്പായങ്ങൾ കഴുതക്കുട്ടിയുടെ പുറത്തു വിരിച്ചു. അവർ ഈശോയെ അതിന്മേൽ ഇരുത്തി. അവിടുന്നു കടന്നുപോകുമ്പോൾ അവർ വഴിയിൽ തങ്ങളുടെ മേലങ്കികൾ വിരിച്ചു.

അവിടുന്ന് ഒലിവുമലയുടെ ഇറക്കത്തിനു സമീപം എത്തിയപ്പോൾ ശിഷ്യഗണം മുഴുവൻ സന്തോഷിച്ച് തങ്ങൾ കണ്ട സകല അത്ഭുതങ്ങളെക്കുറിച്ചും ഉച്ചസ്വരത്തിൽ ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. 'കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് അനുഗൃഹീതനാകുന്നു. സ്വർഗ്ഗത്തിൽ ശാന്തി, അത്യുന്നതങ്ങളിൽ മഹത്വം' എന്ന് അവർ ആർത്തുവിളിച്ചു. ആൾക്കൂട്ടത്തിൽ ഉണ്ടായിരുന്ന ചില ഫ്രീശർ അവിടുത്തോട്, ''ഗുരോ, നിന്റെ ശിഷ്യരെ ശാസിക്കുക'' എന്നു പറഞ്ഞു.

അവിടുന്ന് അവരോടു മറുപടിയായി പറഞ്ഞു: ''ഇവർ നിശ്ശബ്ദരായാൽ ഈ കല്ലുകൾ ആർത്തുവിളിക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു.''

# 35 ജീവിതവിജയത്തിലേക്ക്

ഇയാൻ വാട്സൺ ഇരുപത്തഞ്ചുവയസ്സുമാത്രം പ്രായമുള്ള ഒരു യുവാവ്. സബ് ലെഫ്റ്റനൻറ് ആയ ആ യുവകോമളൻെറ മനസ്സാന്നിദ്ധ്യവും തീരുമാനമെടുക്കുന്നതിനുള്ള ഉറച്ച കഴിവും ലോകശ്രദ്ധയിൽപ്പെട്ടതു് 1983 ജൂൺ 23-ാംതീയതിയാണ്. അന്നത്തെ പത്രം, അത്ഭുതപ്പെടുത്തുന്ന ഒരു വാർത്തയുമായിട്ടാണ് എത്തിയതു്. നടുക്കടലിൽ ഓടിക്കൊണ്ടിരിക്കുന്ന ഒരു ചരക്കുകപ്പലിൽ അട്ടിവെച്ചിട്ടുള്ള കണ്ടയ്നറുകളുടെ മുകളിൽ ഇയാൻ വാട്സൺ പറത്തിക്കൊണ്ടിരുന്ന സൈനിക ജറ്റ് വിമാനം യാതൊരപകടവുംകൂടാതെ പറന്നതാണ്. ഇയാൻെറ മനസ്സാന്നിദ്ധ്യത്തെയും പെട്ടെന്നു് തീരുമാനമെടുക്കുന്നതിനുള്ള കഴിവിനെയും അറിഞ്ഞവർ അറിഞ്ഞവർ പ്രകീർത്തിച്ചു.

ഇയാൻ, ഇലസ്ട്രിയസ് എന്ന വിമാനവാഹിനിക്കപ്പലിൽ നിന്നും സിഹാരിയൻ എന്ന സൈനിക ജറ്റുമായി പറന്നുയർന്നു. ടേക് ഓഫ് ചെയ്തു് 90 മിനിററുകഴിഞ്ഞപ്പോൾ വിമാനത്തിൻെറ നാവിഗേഷണൽ തകരാറിലായി. അതോടെ ഇലസ്ട്രിയസ്സ് എവിടെയാണെന്നു് കണ്ടുപിടിക്കാൻ കഴിയാതെപോയി. ഇന്ധനത്തിൻെറ അളവു കാണിക്കുന്ന ഗേജിലേയ്ക്കു് കണ്ണയച്ചപ്പോൾ ഇയാൻ ഞെട്ടി. ഏഴുമിനിററുകൂടി പറക്കുവാനുള്ള ഇന്ധനംമാത്രം. പെട്ടെന്നു് എവിടെയെങ്കിലും ലാൻഡുചെയ്യാതെവയ്യ. അപ്പോഴാണ് അറുപതുമൈൽ അകലെ ഓടുന്ന ഒരു ചരക്കുകപ്പലിൻെറ പ്രകാശബിന്ദു സ്ക്രീനിൻ പ്രത്യക്ഷപ്പെട്ടതു്. പിന്നെ താമസം വേണ്ടിവന്നില്ല, വിമാനം നേരെ അങ്ങോട്ടുപറന്നു. ക്യാപ്ററനു് ഒന്നും മനസ്സിലായില്ല. നിമിഷങ്ങൾക്കകം വിമാനം അററ്ലാൻറിക്കിലെ ആർത്തലയ്ക്കുന്ന തിരകളിൽ ആടി ഉലയുന്ന കപ്പലിൻെറ മുകൾത്തട്ടിൽ നാല്പത്തിയേഴടി നീളമുള്ള സിഹാരിയർ ഒരു കഴുകനെപ്പോലെ പറന്നുതാണു.

തീരുമാനമെടുക്കുക, അതും പെട്ടെന്നു്. വലിയൊരു കഴിവാണ്. അനുകൂലവും പ്രതികൂലവുമായ എല്ലാ സാഹചര്യങ്ങളും പഠി

ച്ചു് നാം എടുക്കുന്ന തീരുമാനങ്ങൾ എപ്പോഴും വിജയിച്ചുകൊള്ളണമെന്നില്ല. അതുകൊണ്ടു് ഒന്നേ ചെയ്യുവാനുള്ളു. സാഹചര്യങ്ങൾ ശരിക്കും പഠിക്കുക. അറിവുള്ളവരുടെ അഭിപ്രായം ആരായുക. ദൈവത്തിന്റെ വെളിച്ചത്തിനായി പ്രാർത്ഥിക്കുക. തന്റേടത്തോടുകൂടി മുമ്പോട്ടുനീങ്ങുക. യൂദാസ് മക്കബേയൂസ് ഇയാൻ വാട്സനെപ്പോലെ ഒരു പ്രതിസന്ധിയിലകപ്പെട്ടു. പെട്ടെന്നുള്ള തീരുമാനമെടുക്കലും അതിന്റെ പിന്നാലെ വന്ന പ്രവർത്തനവും അയാളെ വിജയത്തിലെത്തിച്ചു.

1 മക്കബായർ 3: 18–23

അവൻ പറഞ്ഞു: അനേകംപേരെ എളുപ്പത്തിൽ ഉപരോധിക്കാൻ കുറച്ചുപേർക്കു കഴിയും. കാരണം, രക്ഷ നൽകാൻ ഉപയോഗിക്കുന്ന സൈന്യം വലുതോ ചെറുതോ എന്നതു് ദൈവദൃഷ്ടിയിൽ അപ്രധാനമാണു്. സൈന്യത്തിന്റെ വലുപ്പത്തെ ആശ്രയിച്ചല്ല യുദ്ധത്തിന്റെ വിജയം. ശക്തി ദൈവത്തിൽ നിന്നാണു വരുന്നതു്. നമ്മെയും നമ്മുടെ ഭാര്യമാരെയും മക്കളെയും നശിപ്പിക്കാനും കൊള്ളയടിക്കാനുമായി അധർമ്മികളായ അവർ അഹങ്കാരപൂർവ്വം നമുക്കെതിരെ വരുന്നു. നാം യുദ്ധം ചെയ്യുന്നതു് നമ്മുടെ ജീവനും നിയമത്തിനും വേണ്ടിയാണു്. കർത്താവു തന്നെ നമ്മുടെ മുമ്പിൽവച്ചു് അവരെ നിലംപരിചാക്കും. നിങ്ങൾ അവരെ ഭയപ്പെടേണ്ടാ. ഇതു പറഞ്ഞിട്ടു് അവൻ മിന്നലാക്രമണം നടത്തി. സെറോനും സൈന്യവും പരാജയപ്പെട്ടു.

## 36 ഭക്തിയും വിഭക്തിയും

പൂന്താനത്തിന്റെ ഭക്തിയും, മേൽപ്പത്തൂരിന്റെ വിഭക്തിയും (പാണ്ഡിത്യം) സംബന്ധിച്ചുള്ള ഐതിഹ്യം പ്രസിദ്ധമാണല്ലോ. പൂന്താനം എഴുതിയ ലളിതമായ കവിതകൾ പരിശോധിച്ചു തെററു തിരുത്തി കൊടുക്കുവാൻ മഹാപണ്ഡിതനായ മേൽപ്പത്തൂരിനെ പൂ

ന്താനം സമീപിച്ചു. എന്നാൽ തൻെറ പാണ്ഡിത്യത്തിലുള്ള അഹന്തമൂലം മേൽപ്പത്തൂർ ആ അപേക്ഷ സ്വീകരിച്ചില്ലത്രെ. അപ്പോൾ മേൽപ്പത്തൂരിൻെറ പാണ്ഡിത്യമല്ല പൂന്താനത്തിൻെറ ഉദാത്തമായ ഭക്തിയാണ് ഞാൻ വിലയേറിയതായി എണ്ണുന്നത് എന്ന് അശരീരി ഉണ്ടായി എന്നാണ് ഐതീഹ്യം. തങ്ങളുടെ പാണ്ഡിത്യത്തിലും ഭക്തിയിലും അഹങ്കരിക്കുന്നവർക്കും ഇതൊരു പാഠമായി തീരേണ്ടതാണ്.

ഇതിനു നല്ലൊരു ഉദാഹരണമാണ് മഹാജ്ഞാനിയായ സോളമൻ. സോളമൻ കേവലം ഒരു ബാലനായിരുന്നപ്പോൾതന്നെ രാജ്യഭാരം കൈയേൽക്കേണ്ടതായിവന്നു. ദൈവം ഒരു സ്വപ്നത്തിൽ സോളമന് ദർശനംനല്കി. 'നിനക്കിഷ്ടമുള്ള ഏതെങ്കിലും വരം ചോദിച്ചുകൊള്ളുക.'' ദൈവം അരുൾചെയ്തു. ഇസ്രയേൽരാജ്യം ഭരിക്കുന്നതിനും ന്യായപാലനം ചെയ്യുന്നതിനുമാവശ്യമുള്ള ജ്ഞാനവും വിവേകവും നല്കിയാലും. എന്നാണ് സോളമൻ അപേക്ഷിച്ചത്. ഇതിൽ ദൈവം സംപ്രീതനായി. ലോകത്തിലുള്ള രാജാക്കന്മാരെക്കാളധികം ജ്ഞാനവും വിവേകവും, ധനവും, മാനവും നല്കുകയുംചെയ്തു. ലോകത്തിലെ ഏററം പ്രശസ്തനായ രാജാവായി ഭരണം ആരംഭിച്ചു. അചിരേണ അദ്ദേഹം ഭോഗാസക്തിയിൽ മുഴുകി എഴുനൂറിൽപരം ഭാര്യമാരോടൊത്തു രമിച്ചു. അവർ അദ്ദേഹത്തിൻെറ ഹൃദയത്തെ ദേവൻമാരിലേക്കു വശീകരിച്ചു. പിതാവായ ദാവീദ് ദൈവമായ കർത്താവിനോടു വിശ്വസ്തനായിരുന്നതുപോലെ അവൻ അവിടുത്തോടു പരിപൂർണ്ണവിശ്വസ്തത പാലിച്ചില്ല. മ്ലേച്ഛവിഗ്രഹമായ മോളെക്കിന് പൂജാഗിരികൾ നിർമ്മിച്ചു. ദൈവം ഇസ്രയേലിൻെറ രാജത്വം സോളമൻെറ സന്തതികൾക്കു കൊടുക്കാതെ തൻെറ ദാസൻെറ മകനു നല്കി. ഭക്തിയിലും ജ്ഞാനത്തിലും, വിവേകത്തിലും, സമ്പത്തിലും മററും അഹങ്കരിക്കുന്നവർക്ക് ഇതുപോലെയുള്ള അധഃപതനവും തകർച്ചയും ഉണ്ടാവും.

1 രാജാ. 11: 9—11.

> രണ്ടുപ്രാവശ്യം പ്രത്യക്ഷനാവുകയും അന്യദേവന്മാരെ സേവിക്കരുതെന്ന് ആജ്ഞാപിക്കുകയുംചെയ്ത ഇസ്രായേലിൻെറ ദൈവമായ കർത്താവിൽനിന്ന് അവൻ അകന്നുപോകുകയും അവിടുത്തെ കല്പനകൾ പാലിക്കാതിരിക്കുകയും ചെയ്തതിനാൽ, അവിടുന്ന്

അവനോടു കോപിച്ചു. കത്താവു സോളമനോട് അരുളിച്ചെയ്തു: നിൻെറ മനസ്സ് ഇങ്ങനെ തിരിയു കയും എൻെറ ഉടമ്പടിയും ഞാൻ നൽകിയ കല്പന കളും പാലിക്കാതിരിക്കുകയും ചെയ്തതിനാൽ, ഞാൻ രാജ്യം നിന്നിൽനിന്നു പറിച്ചെടുത്തു് നിൻെറ ദാസനു നൽകും.

## 37 ഇതായിരിക്കും അടയാളം

രംഗം സ്വർഗ്ഗം. സവ്വേശ്വരനായ ദൈവം സിംഹാസനത്തിൽ ഉപവിഷ്ടനായിരിക്കുന്നു. ദൈവത്തിൻെറ ആജ്ഞാനുവത്തികളായ മാലാഖമാർ ഭക്ത്യാദരപൂവ്വം അവിടുത്തെ കല്പനകേറംക്കുവാൻ കാതോത്തുനില്ക്കുകയാണ്. ഒരു പുതിയ യുഗപ്പിറവിക്കുവേണ്ടിയുള്ള ഒരുക്കങ്ങളെല്ലാം പൂത്തിയായി. മാലാഖമാരിൽ മുഖ്യനായ ഗബ്രിയേലിനെ ദൈവം വിളിച്ചു. ''ഗബ്രിയേൽ നീ ഉടനെ ഗലീലയിലെ നസ്രത്തു് എന്ന ഗ്രാമത്തിൽചെന്നു മറിയം എന്ന കന്യകയെ കാണണം. ദാവീദുരാജാവിൻെറ കുലത്തിൽപ്പെട്ടവളാണവറം.'' ''പ്രഭോ വെറുമൊരു ദരിദ്രയാണല്ലോ അവറം'' ഗബ്രിയേൽ ആശ്ചര്യപൂവ്വം ചോദിച്ചു. അതേ ദരിദ്രരിൽ ദരിദ്രയാണവറം. എങ്കിലും അവളെപ്പോലെ ഭക്തിയും വിശ്വാസവും വിശുദ്ധിയുമുള്ള മററൊരാളെ ഭൂമിയിലൊരിടത്തും ഞാൻ കാണുന്നില്ല. ദൈവം അരുറംചെയ്തു. ''അതു ശരിതന്നെ എങ്കിലും....'' ഗബ്രിയേൽ പൂത്തിയാക്കാതെ നിത്തി. 'നിൻെറ ചോദ്യത്തിൻെറ അത്ഥം എനിക്കു മനസ്സിലായി. ഇങ്ങനെയുള്ളവരെയാണ് എൻെറ കമ്മപദ്ധതികറം നിറവേററുന്നതിനുവേണ്ടി ഞാൻ തിരഞ്ഞെടുക്കുന്നതു്. തങ്ങളുടെ ധനം കൊണ്ടു് എന്തുംനേടാമെന്നു് വ്യാമോഹിക്കുന്നവരല്ല എൻെറ ഇഷ്ടം നിറവേററുന്നവർ' ഉടനെ ഗബ്രിയേൽ യാത്രയായി.

സവ്വേശ്വരൻെറ തിരുപ്പിറവിക്കുവേണ്ടി ആരെയാണു ദൈവം തിരഞ്ഞെടുത്തതു്. എവിടെയാണ് അവിടുത്തെ തിരുപ്പിറവിക്കു്

ഇടം ലഭിക്കുക. വിനീതരിൽ വിനീതരും പാവങ്ങളിൽ പാവങ്ങളുമായ ഭക്തജനങ്ങളുടെ ചാക്കുകളിലോ മാളങ്ങളിലോ ആയിരിക്കും, ആധുനികതയുടെ പ്രതീകമായ പട്ടണപ്രാന്തങ്ങളിൽനിന്നു് അവിടുന്നു് തിരസ്കൃതനാക്കപ്പെട്ടു. സത്രങ്ങളിൽ അവിടുത്തേയ്ക്കു് ഇടം ലഭിച്ചില്ല. കന്നുകാലികൾ രാത്രിയാമം കഴിച്ചിരുന്ന കന്നിൻചെരിവിലുള്ള ഒരു പുൽത്തൊട്ടിയിൽ അവിടുന്നു് പിറന്നുവീണു. മനുഷ്യനെ രക്ഷിക്കാൻ വന്നവനെ മാനവൻ തിരിച്ചറിഞ്ഞില്ല. 'ഇതായിരിക്കും നിങ്ങൾക്കു് അടയാളം: പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞു്; പുൽത്തൊട്ടിയിൽ ഒരു ശിശുവിനെ നിങ്ങൾ കാണും.'

വി. ലൂക്കാ 2: 11–14.

> ദാവീദിൻെറ പട്ടണത്തിൽ ഇന്നു് നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ മിശിഹാ പിറന്നിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്കു് അടയാളം. പിള്ളക്കച്ചകൊണ്ടു് പൊതിഞ്ഞു്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും. പെട്ടെന്നു്, സ്വർഗ്ഗീയസൈന്യത്തിൻെറ ഒരു വ്യൂഹം ആ ദൂതനോടുകൂടെ പ്രത്യക്ഷപ്പെട്ടു് ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം! ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം!

## 38 പരിധിബദ്ധമല്ലാത്ത സ്നേഹം

പ്രസിദ്ധ മന:ശാസ്ത്രഗ്രന്ഥകാരനായ ജോൺ പവ്വൽ തൻെറ "Un conditional love" എന്ന പുസ്തകത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ടു്. ടോമി എന്ന ഒരു ദൈവശാസ്ത്രവിദ്യാർത്ഥിക്കു് ദൈവശാസ്ത്രത്തിൻെറ ആഴങ്ങളിൽ ഊളിയിട്ടിറങ്ങിയിട്ടും ദൈവത്തിൻെറ പരിധിബദ്ധമല്ലാത്ത സ്നേഹത്തെക്കുറിച്ചു് കാര്യമായൊന്നും

മനസ്സിലാക്കാൻ സാധിച്ചില്ല. അതു ശുദ്ധ അസംബന്ധമാണെന്നു് പറഞ്ഞു് തന്നെ പഠിപ്പിച്ച അദ്ധ്യാപകനുമായി ആശയസംവാദത്തിലേർപ്പെട്ടു. അവസാനം അദ്ദേഹവുമായി തെററിപ്പിരിഞ്ഞു സെമ്മിനാരിജീവിതത്തോടു സലാംപറഞ്ഞു പുറത്തിറങ്ങി. ദൈവത്തിൻെറ സീമാതീതമായ സ്നേഹം ഒരിക്കൽ ടോമി മനസ്സിലാക്കും എന്നു പറഞ്ഞു് അദ്ധ്യാപകൻ ടോമിക്കു് ആശംസകൾനേന്നു് പറഞ്ഞയച്ചു.

നാളേറെക്കഴിഞ്ഞു് ടോമിക്കു് ക്യാൻസർ പിടിപെട്ടു. ആരോഗ്യംക്ഷയിച്ചു. നാട്ടുകാരേയും, വീട്ടുകാരേയും അവൻ പഴിച്ചു. വേദനയുടെ നീറുന്ന നിമിഷങ്ങളിൽ പെട്ടന്നവൻ തൻെറ പിതാവിനെക്കുറിച്ചോർത്തു. അദ്ദേഹത്തിൻെറ സ്നേഹം അവൻെറ ബോധതലത്തിൽ ഉദയസൂര്യനെപ്പോലെ ഉദിച്ചുയന്നു. ടോമി തീരുമാനിച്ചു എനിക്കെൻെറ പ്രിയപിതാവിനെ കാണണം. ഒട്ടും താമസിച്ചില്ല. ടോമി കിടക്കവിട്ടു് പിതാവിൻെറ പക്കലേക്കുപോയി. പിതാവിനെ കെട്ടിപ്പിടിച്ചു് ഉമ്മവെച്ചു. ആ പിതാവു് സന്തോഷാധിക്യംകൊണ്ടു മതിമറന്നു. തൻെറ ഓമന പുത്രനെ ആശ്ലേഷിച്ചു. സന്തോഷാശ്രുക്കൾ പൊഴിച്ചു.

രോഗബാധിതനായി ആശയും ആവേശവും നശിച്ച ശിഷ്യനെ കണ്ടാശ്വസിപ്പിക്കുന്നതിനായി ടോമിയുടെ മുൻ സെമ്മിനാരി പ്രൊഫസർ ഒരിക്കൽ ആശുപത്രിയിലെത്തി. ''അച്ചാ ഞാൻ ദൈവത്തെ കണ്ടു'' ടോമി വികാരനിർഭരനായി പറഞ്ഞു, ദൈവമിന്നു് എന്നോടുകൂടി എൻെറ രോഗശയ്യയിൽ ഉണ്ടു്. സ്നേഹത്തിൻെറ അനുഭവം എൻെറ ജീവിതത്തിൽ തളിരിട്ടപ്പോൾ ദൈവത്തിൻെറ സുന്ദരവദനം മിഴിവോടെ എനിക്കു കാണാൻകഴിഞ്ഞു. ദൈവത്തെ ഒരിക്കൽ എനിക്കു കാണാൻസാധിക്കുമെന്നു് അങ്ങു പറഞ്ഞതു് തീർത്തും ശരിയാണു്. ഇക്കാര്യം അങ്ങു ദൈവശാസ്ത്രം പഠിപ്പിക്കുമ്പോൾ എൻെറ പ്രിയപ്പെട്ട കൂട്ടുകാരോടു പറയണം. പ്രൊഫസർ പറഞ്ഞു: ''ടോമിതന്നെ വന്നു ഈ കാര്യം വിദ്യാർത്ഥികളോടു പങ്കുവയ്ക്കാമോ?'' വളരെ സന്തോഷപൂർവ്വം ടോമി സമ്മതിച്ചു.

എന്നാൽ ജോൺ പവ്വൽ പറയുകയാണു് ''ടോമി സെമ്മിനാരിയിൽ ഇക്കാര്യം പറയാൻവരുന്നതിനുമുമ്പു് ദൈവത്തിനു് ടോമിയെ വേണ്ടിയിരുന്നു. സീമാതീതമായി തന്നെ സ്നേഹിക്കുന്ന ദൈവത്തിൻെറ കൂടാരത്തിലേയ്ക്കു് അവൻ ചിറകടിച്ചു പറന്നുപോയി.''

ടോമി പിതാവിനെ സ്നേഹിച്ചപ്പോഴും പിതാവ് ടോമിയെ ആശ്ലേഷിച്ചപ്പോഴും, അവർ ''ഞാൻ സ്നേഹമാകുന്നു'' എന്നു പറഞ്ഞ യേശുവിന്റെ സ്നേഹത്തിൽ പങ്കുപററുകയായിരുന്നു. യേശുവിന്റെ അതിരുകടന്ന സ്നേഹത്തിന്റെ ആഴം മനസ്സിലാക്കിയ യോഹന്നാൻശ്ലീഹാ അതുകൊണ്ടാണ് പ്രിയപ്പെട്ടവരെ നമുക്കു സ്നേഹിക്കാം എന്നു് വീണ്ടും വീണ്ടും പറയുന്നതു്.

''മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുമ്പോഴും
മനസ്സിൽ ദൈവം ജനിക്കുന്നു.''

1 യോഹ. 4: 7–9.

പ്രിയപ്പെട്ടവരേ, നമുക്കു പരസ്പരം സ്നേഹിക്കാം; എന്തെന്നാൽ, സ്നേഹം ദൈവത്തിൽനിന്നുള്ളതാണ്. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽ ജനിച്ചവനാണ്; അവൻ ദൈവത്തെ അറിയുകയുംചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. കാരണം, ദൈവം സ്നേഹമാണ്. തന്റെ ഏകപുത്രൻ വഴി നാം ജീവിക്കേണ്ടതിനായി ദൈവം അവനെ ലോകത്തിലേക്കയച്ചു. അങ്ങനെ ദൈവത്തിന്റെ സ്നേഹം നമ്മുടെ ഇടയിൽ വെളിപ്പെട്ടിരിക്കുന്നു.

## 39 വരും തലമുറയ്ക്കൊരു മാതൃക

പ്രശസ്ത സാഹിത്യകാരനായ നത്താണിയേൽ ഹോത്തോണിനെപ്പററി ഒരു കഥ കേട്ടിട്ടുണ്ട്. അദ്ദേഹം കൊച്ചുമകൾ റോസുമൊരുമിച്ച് ആശുപത്രിയിൽ രോഗികളെ സന്ദർശിക്കുന്നതിനായി പോയി. ഓരോ കട്ടിലിനും സമീപമെത്തി രോഗികളെ കണ്ട് കുശലപ്രശ്നം നടത്തി അവർ നീങ്ങി. ഒരു കട്ടിലിൽ നിസ്സഹായയായ ഒരു പെൺകുട്ടി. അവളെ ശുശ്രൂഷിക്കുവാൻ ആരുമില്ല.

ഹോത്തോൺ അവളെ ആശ്വസിപ്പിക്കുവാൻ പരിശ്രമിച്ചു. അദ്ദേഹത്തിൻെറ സൗമനസ്യത്തിൽ വിശ്വാസം തോന്നിയിട്ടാവണം അവരം ചോദിച്ചു: ''സർ എന്നെയൊന്നു താങ്ങി എഴുന്നേല്പിക്കാമോ? വ്രണങ്ങരം നിറഞ്ഞ അവളുടെ ശരീരത്തിൽ സ്പർശിക്കുവാൻ അദ്ദേഹത്തിനു് അറപ്പും, വെറുപ്പും തോന്നി. ഒരുനിമിഷം അയാരം പതറിനിന്നു. അടുത്തനിമിഷം അയാരം എല്ലാം മറന്നു് അവളെ താങ്ങി എഴുന്നേല്പിച്ചു. അവളുടെ മുഖത്തു് സ്നേഹപൂർവ്വമായ ഒരു ചുംബനവും നല്കി. ഇത്രയും ധീരമായ ഒരു കൃത്യം അതിനുമുമ്പ് ഒരിക്കലും താൻ ചെയ്തിട്ടില്ലെന്നു് ഹോത്തോൺ പിന്നീടു് അനുസ്മരിപ്പിക്കയുണ്ടായി. ആ പ്രവൃത്തി കൊച്ചുമകരം റോസിനെ വളരെയധികം സ്വാധീനിച്ചു. പിൽക്കാലത്തു് സുഖപ്പെടാത്ത ക്യാൻസർ രോഗികളെ ശുശ്രൂഷിക്കുന്ന സന്യാസിനികളുടെ ഒരു സമൂഹം അവർ സ്ഥാപിച്ചു.

''ഞാൻ നിങ്ങരംക്കു് ഒരു മാതൃക നൽകിയിരിക്കുന്നു'' എന്നു പറഞ്ഞ യേശു വെൺകച്ചയുമരയിൽ ചുററി, താലത്തിൽ വെള്ളമെടുത്തു് ശിഷ്യന്മാരുടെ പാദങ്ങരം കഴുകി, അരയിൽ ചുററിയിരുന്ന തുവാലകൊണ്ടു തുടച്ചു. അതിനുശേഷം അവിടന്നു് മേലങ്കി ധരിച്ചു് സ്വസ്ഥാനത്തിരുന്നു് അവരോടു പറഞ്ഞു: ''ഞാൻ നിങ്ങളുടെ ഗുരുവും കർത്താവുമാണു്. നിങ്ങളുടെ കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ പാദങ്ങരം കഴുകിയെങ്കിൽ നിങ്ങളും പരസ്പരം പാദങ്ങരം കഴുകണം.'' ഞാൻ നിങ്ങരംക്കു് ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനാണു് ഈ മാതൃക. ഇന്നത്തെ യുവജനങ്ങരം കേട്ടുപഠിക്കുന്നതിലേറെ കണ്ടുപഠിക്കുന്നവരാണു്. മുതിന്ന തലമുറയ്ക്കു് ഇളം തലമുറയ്ക്കുവേണ്ടി സമ്പാദിക്കാവുന്ന ഏററംവലിയ സമ്പാദ്യവും ഇതുതന്നെയായിരിക്കട്ടെ. നല്ല മാതൃക.

വി. യോഹന്നാൻ 13:15–17.

എന്തുകൊണ്ടെന്നാൽ ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യേണ്ടതിനു് ഞാൻ നിങ്ങരംക്കു് ഈ മാതൃക നൽകിയിരിക്കുന്നു. സത്യംസത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ദാസൻ യജമാനനെക്കാരം വലിയവനല്ല; പ്രേഷിതൻ പ്രേഷകനെക്കാരം വലിയവനുമല്ല. നിങ്ങരം ഈ കാര്യങ്ങരം അറിഞ്ഞു് അവ പ്രാവർത്തികമാക്കുന്നെങ്കിൽ ഭാഗ്യവാന്മാർ.

# 40 വലിയവരാകണമെങ്കിൽ

കോളേജുകളുടെ കാമ്പസിൽ എത്തുമ്പോഴേയ്ക്കും യുവജനങ്ങളുടെ കെട്ടും മട്ടും മാറും. വീടുകളിൽ മാതാപിതാക്കന്മാരുടെ അമിത വാത്സല്യത്തിന്റെ കട്ടത്ത തടങ്കലിൽ കഴിഞ്ഞ അവർ സ്വാതന്ത്ര്യത്തിന്റെ വായു ശ്വസിക്കാൻ തുടങ്ങുന്നതു് ഈ കാലഘട്ടത്തിലാണ്. എന്തു കോമാളിവേഷവും കെട്ടി നാലുപേരെക്കൊണ്ടു് മിടുമിടുക്കൻ എന്നു പറയിക്കാൻ ആരും ബദ്ധപ്പെടുന്ന സമയം. കോളേജു രാഷ്ട്രീയമോ, സമരമോ, സത്യാഗ്രഹമോ, ഹോസ്റ്റൽ ഡേയോ, ഘെരാവോയോ എന്തു തന്ത്രംവേണമെങ്കിലും ഈ പദ്ധതിക്കു് അവർ ഉപയോഗിക്കും. പേരെടുക്കണം, കയ്യടികിട്ടണം അത്രമാത്രം. പേരെടുക്കാൻവേണ്ടിയുള്ള ഈ തത്രപ്പെടലുതന്നെയായിരുന്നു യേശുവിന്റെ പ്രലോഭനങ്ങൾ. അവയെ അവിടന്നു് ഉള്ളിന്റെ ഉറംകരുത്തുകൊണ്ടു് നേരിട്ടു.

നാല്പതുദിവസത്തെ ഉപവാസത്തിനുശേഷം യേശുവിനു് മൂന്നു് പ്രലോഭനങ്ങൾ ഉണ്ടായതായി ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. വിശപ്പു് രൂക്ഷമായപ്പോൾ കല്ലുകളെ അപ്പമാക്കി ഭക്ഷിക്കുവാൻ പിശാചു് അവിടത്തെ പ്രേരിപ്പിച്ചു. ''അപ്പംകൊണ്ടുമാത്രമല്ല ദൈവവചനംകൊണ്ടുകൂടിയാണു് മനുഷ്യൻ ജീവിക്കുന്നതു്'' എന്ന ചിന്തകൊണ്ടാണു് യേശു പ്രലോഭനത്തെ നേരിട്ടതു്. പിശാചിനെ വണങ്ങി ഭൂമിയെല്ലാം സ്വന്തമാക്കാനുള്ള പരീക്ഷണമായിരുന്നു അടുത്തതു്. ദൈവത്തെ മാത്രമേ ആരാധിക്കാവൂ, അവിടത്തെ മാത്രമേ പൂജിക്കാവൂ എന്ന വിചാരമുണർത്തിയാണു് ഇക്കുറി വിജയംകണ്ടതു്. ജറുസലേം ദേവാലയഗോപുരത്തിന്റെ മുകളിൽനിന്നു് താഴേക്കു ചാടി മാലാഖമാരുടെ കൈകളിൽ സുരക്ഷിതനായി തന്റെ ദിവ്യത ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയാലോ എന്നതായിരുന്നു മൂന്നാമത്തെ പ്രലോഭനം. ദൈവത്തെ പരീക്ഷിക്കരുതു് എന്ന ചിന്തകൊണ്ടാണു് ഈ പ്രലോഭനത്തെ യേശു വിജയിപ്പിച്ചതു്.

പരസ്യജീവിതത്തിന്റെ സമുദ്ഘാടനം എങ്ങനെ നിർവ്വഹിക്കാം എന്നു് ആലോചിച്ചപ്പോഴാകും മനുഷ്യരുടെ കണ്ണിൽ പൊടിയിടാൻ പററുന്ന ഇത്തരം ചെപ്പടിവിദ്യകൾ യേശുവിന്റെ മനസ്സിലൂടെ കടന്നുപോയതു്. പല വ്യാജപ്രവാചകന്മാരും ജനപ്രീതി നേടാൻ ഇത്തരം ചെപ്പടിവിദ്യകൾ ഉപയോഗിച്ചിരുന്ന അവസരമായിരുന്നു അതു്. അവരെയെല്ലാം നിഷ്പ്രഭരാക്കി തന്റെ ദിവ്യത്വം സ്ഥാപിക്കാൻ പററിയ അവസരമായിട്ടാണു് യേശു ഇതിനെ കണ്ടതു്. ഒടുവിൽ അവിടന്നു് ദിവ്യശക്തികൊണ്ടു് അതിനെയെല്ലാം കീഴടക്കി. സ്വയം പരസ്യപ്പെടുത്താൻ, പേരെടുക്കാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്കു് യേശുവിന്റെ വിജയം മാതൃകയാവേണ്ടതാണു്.

വി. ലൂക്കാ 4: 9–11.

അനന്തരം പിശാചു് അവനെ ജറുസലെമിലേക്കു കൊണ്ടുപോയി, ദേവാലയഗോപുരത്തിന്റെ ശൃംഗത്തിൽ നിർത്തിക്കൊണ്ടു് പറഞ്ഞു: നീ ദൈവപുത്രനാണെങ്കിൽ ഇവിടെനിന്നു താഴേക്കു ചാടുക. നിന്നെ സംരക്ഷിക്കാൻ അവൻ ദൂതന്മാരോടു കല്പിക്കുമെന്നും നിന്റെ കാൽ കല്ലിൽ തട്ടാതെ അവർ നിന്നെ കൈകളിൽ താങ്ങിക്കൊള്ളുമെന്നും എഴുതപ്പെട്ടിട്ടുണ്ടല്ലോ. യേശു പറഞ്ഞു: ''നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുതു് എന്നും പറയപ്പെട്ടിരിക്കുന്നു.'' അപ്പോൾ പിശാചു് പ്രലോഭനങ്ങളെല്ലാം അവസാനിപ്പിച്ചു് നിശ്ചിതകാലത്തേയ്ക്കു് അവനെ വിട്ടുപോയി.

## 41 മനുഷ്യനെ പിന്തുടരുന്ന ഈശ്വരൻ

ഫ്രാൻസീസു് തോംസൺ ആംഗല സാഹിത്യത്തിലെ അനശ്വര വ്യക്തിയാണു്. അതിലേറെ അനശ്വരമാണു് അദ്ദേഹത്തിന്റെ 'ഹൗണ്ടു് ഓഫ് ഹെവൻ' (Hound of Heaven) എന്ന പുസ്തകം. അദ്ദേഹം ഭക്തിയുടെ വിശിഷ്ടപാരമ്പര്യമുള്ള കുടുംബത്തിലാ

ണ്ട് ജനിച്ചതെങ്കിലും പിന്നീട്ട് ദൈവത്തിൽനിന്നും അകന്നുപോയി. കട്ടിക്കാലത്തെ ആഗ്രഹം വൈദികനായിത്തീരുകയെന്നുള്ള തായിരുന്നു. പിന്നീട്ട് വൈദ്യശാസ്ത്രത്തിലായി ശ്രദ്ധ. അലസതയും പാഠ്യവിഷയത്തിലുള്ള വിരസതയും നിമിത്തം വൈദ്യശാസ്ത്രത്തിലും വിജയിക്കാൻ കഴിഞ്ഞില്ല. ലഹരിമരുന്നുകൾ, അതൊന്നു മാത്രമേ അദ്ദേഹത്തിന്ന് ആ കാലഘട്ടത്തിൽ ചിന്തയുണ്ടായിരുന്നുള്ളു. അതു് അയാളുടെ ജീവിതത്തെ ആകെ നശിപ്പിച്ചു. ലണ്ടൻ നഗരത്തിൽ ഒരുനേരത്തെ ആഹാരത്തിനുള്ള വകയ്ക്കായി ആ മനുഷ്യൻ നന്നേ കഷ്ടപ്പെട്ടു.

എന്നാൽ ആ സമയത്തും അദ്ദേഹത്തിൽ അഭികാമ്യമായ ഒരു സിദ്ധിവിശേഷം ഉണ്ടായിരുന്നു. കവിത എഴുതുവാനുള്ള വാസന. പ്രത്യേക ലക്ഷ്യമൊന്നുമില്ലാതെ അലഞ്ഞുതിരിഞ്ഞ ആ യുവാവു് സുന്ദരമായ കവിതകൾ രചിക്കുക പതിവായിരുന്നു. അവയിൽ ചിലതു് ഒരു പത്രാധിപരുടെ ശ്രദ്ധയിൽപ്പെട്ടു. അവയുടെ കവിതാഗുണം മനസ്സിലാക്കി അതു പ്രസിദ്ധീകരിക്കുകയുംചെയ്തു. ഫ്രാൻസീസ് തോംസണെ അനശ്വരനായ ഒരു കവിയായി ഉയർത്തിയതു് പ്രസ്തുത പത്രാധിപരും അദ്ദേഹത്തിൻെറ പത്നിയുമായിരുന്നു. അവരിൽക്കൂടി അദ്ദേഹം ഒരിക്കൽക്കൂടി ദൈവസ്നേഹം അനുഭവിച്ചറിഞ്ഞു. ഏകാന്തതയിലും, നിരാശയിലും ദൈവത്തിൻെറ സ്നേഹം തന്നെ പിൻതുടരുന്നതായി അദ്ദേഹത്തിനു ബോദ്ധ്യമായി. അതേപ്പററി അദ്ദേഹമെഴുതിയ കവിത സുപ്രസിദ്ധമാണു്. ആ വരികളുടെ ആശയം ഏതാണ്ടിപ്രകാരമായിരുന്നു.

''രാവും പകലും ഞാൻ ദൈവത്തിൽനിന്നു് ഓടിയകന്നു. അങ്ങനെ വർഷാന്തരങ്ങൾ പിന്നിട്ടു. പ്രതീക്ഷകളുടെ വീഥികളിലൂടെ ഞാൻ മുന്നോട്ടോടി. തിടുക്കംകൂടാതെ ഒരേവേഗത്തിൽ ഒരു കാലൊച്ച അനുസ്യൂതം എന്നെ അനുഗമിച്ചിരുന്നു. ആ കാലൊച്ചകളെ മറികടക്കുന്ന ഒരു ശബ്ദം എൻെറ കാതുകളിൽ പതിഞ്ഞു. നീ എന്നെ വഞ്ചിക്കുമ്പോൾ നിൻെറ സകല പ്രവൃത്തികളും നിന്നെ വഞ്ചിക്കുന്നു.'' ഫ്രാൻസീസ് തോംസൺെറ മനോഹരമായ ഈ കവിതാഭാഗത്തിന്നു് 139–ാം സങ്കീർത്തനത്തോടു സാധർമ്മ്യമുണ്ടു്. ദൈവത്തിൻെറ സ്നേഹം ഇടതടവില്ലാതെ മനുഷ്യനെ അനുഗമിച്ചുകൊണ്ടാണിരിക്കുന്നതു്. എന്നാൽ മനുഷ്യൻ ദൈവത്തിൽ നിന്നു് ഓടിയകലാൻ ശ്രമിക്കുന്നു.

സങ്കീ: 139: 8–10.

ആകാശത്തിൽ കയറിയാൽ അങ്ങ് അവിടെയുണ്ട്.
ഞാൻ പാതാളത്തിൽ കിടക്കവിരിച്ചാൽ
അങ്ങ് അവിടെയുണ്ട്.
ഞാൻ പ്രഭാതത്തിന്റെ ചിറകുധരിച്ച്
സമുദ്രത്തിന്റെ അതിർത്തിയിൽ
ചെന്നു വസിച്ചാൽ, അവിടെയും,
അങ്ങയുടെ കരം എന്നെ നയിക്കും.
അങ്ങയുടെ വലത്തുകൈ എന്നെ പിടിച്ചുനടത്തും.

## 42 ഉദാത്ത സ്നേഹത്തിലേയ്ക്ക്

മക്കളില്ലാത്തതിന്റെ ദുഃഖം എത്രയെന്ന് മക്കളില്ലാത്തവർക്കുമാത്രമേ അറിയുവാൻ കഴിയൂ. പുത്രദുഃഖം അനുഭവിച്ചിരുന്ന റേ തോംസൺ ദമ്പതികൾക്ക് അങ്ങനെയിരിക്കുമ്പോഴാണ് ആശുപത്രിയിൽ ഉപേക്ഷിക്കപ്പെട്ട് മൂന്നുദിവസം പ്രായമായ ഒരു പെൺകുഞ്ഞിനെ കിട്ടിയത്. അവർ ആ കുട്ടിയെ എടുത്തുവളർത്തി. സ്വന്തം അച്ഛനിൽനിന്നും അമ്മയിൽനിന്നും കിട്ടാവുന്ന സ്നേഹം ആ പൊന്നിൻകുടത്തിന് അവർ നല്കി. ലിസ എന്നവർ ആ കുട്ടിക്കു പേരുനല്കി. ലിസയുടെ സ്വന്തം മാതാപിതാക്കൾ തങ്ങളല്ല എന്ന സത്യം അവളിൽനിന്നും മറച്ചുവയ്ക്കാൻ അവർ ആഗ്രഹിച്ചില്ല. നാലഞ്ചുവയസ്സായപ്പോൾ തന്നെ ആ രഹസ്യം അവളോടു തുറന്നുപറഞ്ഞു. ലിസ വളർന്നുവരുംതോറും സ്വന്തമാതാപിതാക്കളെ കണ്ടെത്തുവാനുള്ള ആഗ്രഹവും അവളിൽ വളർന്നു. അവൾ തന്റെ വളർത്തച്ഛനോട് ആ കാര്യം തുറന്നുപറയുകയുംചെയ്തു.

ആശുപത്രിയിൽ ഉപേക്ഷിച്ചിട്ടുപോയ ആ മാതാവിനെയും ലിസക്കു ജന്മംനല്കിയ പിതാവിനെയും എങ്ങനെ തിരഞ്ഞുപിടിക്കും? ആ ദമ്പതികൾ കുഴങ്ങി. അതു ശ്രമസാധ്യമായ കാര്യമല്ല.

തോംസൺ ദമ്പതികൾ ലിസയെ പറഞ്ഞു ധരിപ്പിച്ചു. എങ്കിലും തൻെറ യഥാർത്ഥ അമ്മയെയും അച്ഛനെയും കാണണമെന്നുള്ള ചിന്ത അവളെ അസ്വസ്ഥയാക്കി. ലിസയുടെ ഈ നിർബന്ധം അവരെ വളരെയധികം ചിന്തിപ്പിച്ചു. ലിസയോടുള്ള തങ്ങളുടെ സ്നേഹം സ്വാർത്ഥപരമല്ലേ? ആ ദമ്പതികൾ സ്വയം ചോദിച്ചു. ഒടുവിൽ ലിസയുടെ മാതാപിതാക്കന്മാരെ കണ്ടുപിടിക്കുവാൻതന്നെ അവർ തീരുമാനിച്ചു. അതിനായി പ്രത്യേക രഹസ്യാന്വേഷകരെ നിയോഗിച്ചു. ഇതിനിടയിൽ ലിസയുടെ മാതാപിതാക്കൾ വിവാഹബന്ധം വേർപെടുത്തിക്കഴിഞ്ഞിരുന്നു. എങ്കിലും അന്വേഷകർ ഒടുവിൽ അമ്മയെ കണ്ടെത്തി. ഒരു വാരാന്ത്യത്തിൽ ലിസ സ്വന്തം അമ്മയുടെ അടുത്തേയ്ക്കുപോയി. ലിസ എന്നേയ്ക്കുമായി നഷ്ടമായി എന്ന വിചാരത്തോടുകൂടിയാണ് റേ തോംസൺ ദമ്പതികൾ അവളെ അയച്ചതു്. സ്വന്തം മാതാപിതാക്കളെക്കാൾ തന്നെ സ്നേഹിക്കുന്നതു് തൻെറ വളർത്തച്ഛനും വളർത്തമ്മയുമാണെന്നു് മനസ്സിലായ അവൾ അവരുടെ അടുത്തേയ്ക്കുതന്നെ തിരിച്ചുചെല്ലുകയുംചെയ്തു.

പലരും സ്വന്ത മക്കളെ സ്നേഹിക്കുന്നതു് സ്വാർത്ഥതയിൽ ഉന്നം വെച്ചുകൊണ്ടാണു്. മനുഷ്യൻെറ സ്നേഹം ഏതു മണ്ഡലത്തിലാണെങ്കിലും പ്രതിഫലേച്ഛാരഹിതമാണെന്നു പറഞ്ഞുകൂടാ. സ്വന്തം മകളുടെ, മകൻെറ രോഗശയ്യയിൽ രാവും പകലും കണ്ണുനീർവാർത്തു കഴിയുന്ന ഒരമ്മ തന്നെത്തന്നെ സ്നേഹിക്കുന്നതിൻെറ മറെറാരു ഭാവമാണു് അവതരിപ്പിക്കുന്നതു്. ഈശ്വരനു മനുഷ്യനോടുള്ള സ്നേഹത്തിൽ സ്വാർത്ഥതയുടെ ലേശവുമില്ല. ഏശയ്യായുടെ പുസ്തകത്തിലുള്ള 'ആരോടു നീ എന്നെ സാദൃശ്യപ്പെടുത്തും? ആരാണു് എനിക്കു തുല്യൻ? ആരോടു നീ എന്നെ തുലനംചെയ്യും? എനിക്കു സമനായി ആരുണ്ടു്?'' എന്ന ചോദ്യങ്ങൾ ഇതിലേയ്ക്കു് വിരൽചൂണ്ടുന്നതുതന്നെ. പലിശസഹിതം തിരിച്ചുകിട്ടണമെന്ന ആഗ്രഹത്തോടുകൂടി കടംകൊടുക്കുന്നതുപോലെയുള്ള സ്നേഹമല്ല നമുക്കിന്നാവശ്യം.

ഏശയ്യാ 46 : 3–5

ഗർഭത്തിലും ജനിച്ചതിനുശേഷവും ഞാൻ വഹിച്ച യാക്കോബു ഭവനമേ, ഇസ്രായേൽ ഭവനത്തിൽ അവശേഷിക്കുന്നവരേ, എൻെറ വാക്കു കേൾക്കുവിൻ. നിങ്ങളുടെ വാർദ്ധക്യംവരെയും ഞാൻ അങ്ങനെത

ന്നെയായിരിക്കും. നിങ്ങാംക്കു നര ബാധിക്കുമ്പോ ഴും ഞാൻ നിങ്ങളെ വഹിക്കും. ഞാൻ നിങ്ങളെ സൃഷ്ടിച്ചു. നിങ്ങളെ വഹിക്കും. ചുമലിലേററി രക്ഷിക്കുകയും ചെയ്യും. ആരോടു നീ എന്നെ സാദൃ ശ്യപ്പെടുത്തും? ആരാണ്ു എനിക്കു തുല്യൻ? ആരോടു നീ എന്നെ തുലനം ചെയ്യും? എനിക്കു സമനായിരി യി ആരുണ്ടു്?

# 43 താലന്ത് ടാലൻറ്

യേശു ഒരുപമ പറഞ്ഞു. താലന്തുകളുടെ ഉപമ. ഒരു പ്രഭു യാത്ര പുറപ്പെടുന്നതിനുമുമ്പ് ഭൃത്യന്മാരെ വിളിച്ച് ഓരോരുത്തരുടെയും കഴിവനുസരിച്ച് ഒരുവന് അഞ്ചുതാലന്തും മറെറാരുവന് രണ്ടും മൂന്നാമന് ഒന്നും കൊടുത്തു. ഈ താലന്തുകാംകൊണ്ടു് ഇന്നതു ചെയ്യ ണം, ഇന്നതു ചെയ്യരുതു് എന്നൊന്നും അയാരം പറയുന്നില്ല. അവ രുടെ സ്വാതന്ത്ര്യത്തിനു് കച്ചവടംതുടങ്ങുകയോ, ബാങ്കിലിടുകയോ, പലിശക്കുകൊടുക്കുകയോ എന്തുവേണമെങ്കിലും ചെയ്യാം. അഞ്ചു താലന്തു് കിട്ടിയവൻ ഉടനെ പോയി വ്യാപാരംതുടങ്ങി അഞ്ചെ ണ്ണംകൂടി സമ്പാദിച്ചു. രണ്ടുതാലന്തു് കിട്ടിയവനും രണ്ടുകൂടി നേടി. ഒരുതാലന്തു് ലഭിച്ചവൻ നിലംകുഴിച്ച് യജമാനൻെറ പണം മറ ച്ചുവച്ചു.

നാളുകാം പലതുകഴിഞ്ഞു. യജമാനൻ ദീർഘയാത്രയ്ക്കുശേഷം തിരിച്ചെത്തി. അവനുമായി കണക്കുതീർക്കേണ്ടതിനായി ഭൃത്യന്മാർ ഓരോരുത്തരായി വന്നു. ആദ്യത്തവൻ പത്തും രണ്ടാമത്തവൻ നാ ലും നാണയങ്ങാം യജമാനനു തിരികെക്കൊടുത്തു. അവരെ അദ്ദേ ഹം ''നല്ലവനും വിശ്വസ്തനുമായ ഭൃത്യാ, അല്പ കാര്യങ്ങളിൽ വിശ്വ സ്തനായിരുന്നതിനാൽ അനേകകാര്യങ്ങാം നിന്നെ ഞാൻ ഭരമേ ല്പിക്കും'' എന്നുപറഞ്ഞുകൊണ്ടു പ്രകീർത്തിച്ചു. ആദ്യത്തെ രണ്ടുപേരും

നാട്ടുനടപ്പനുസരിച്ച് ചെയ്യുവരാണ്. മൂന്നാമത്തവനാകട്ടെ 'തൻെറ യജമാനൻ വിതയ്ക്കാത്തിടത്തുനിന്നു കൊയ്യുന്നവനും വിതറാത്തിടത്തുനിന്നു ശേഖരിക്കുകയും ചെയ്യുന്ന കഠിനഹൃദയനാണെന്ന് മനസ്സിലായതുകൊണ്ട് തൻെറ താലന്തു് മണ്ണിൽ മറച്ചുവെച്ചു. ''ഇതാ നിൻേറതു നീ എടുത്തുകൊള്ളുക'' എന്നുപറഞ്ഞുകൊണ്ട് തനിക്കു നല്കിയ ഒരു താലന്തു് അയാൾ തിരികെക്കൊടുത്തു. യജമാനൻ അയാളെ ശാസിച്ചു. ''ദുഷ്ടനും മടിയനുമായ ഭൃത്യാ നീ അതു് പണവ്യാപാരികളുടെ പക്കൽ നിക്ഷേപിച്ചിരുന്നെങ്കിൽ എനിക്കു് എൻെറ പണം പലിശസഹിതം വാങ്ങാമായിരുന്നല്ലോ? ഇവിടെ മൂന്നാമത്തെ കക്ഷി ഫരിസേയമനോഭാവത്തിൻെറ മാപ്പുസാക്ഷിയാണ്.

ജീവിതമെന്നതു് ഒരു ലാഭനഷ്ടക്കച്ചവടമല്ല. എത്രമാത്രം താലന്തുകൾ ലഭിച്ചിട്ടുണ്ടോ അവയുടെ ക്രയവിക്രയമാണ്. നാം ജീവിക്കുന്ന സമൂഹം, ലോകം, സംസ്കാരം എല്ലാം കനകംവിളയിക്കുന്ന താലന്തുകൾകൊണ്ട് നിറഞ്ഞതാണ്. അവയുമായി കൊടുക്കൽ വാങ്ങലിനു് മുതിന്നാൽ നമുക്കു് കൈനിറയെ താലന്തുകിട്ടും. ഒരു പക്ഷേ നാലാമതൊരു ഭൃത്യൻ കച്ചവടത്തിൽ, കൊടുക്കൽ വാങ്ങലിൽ താലന്തുകളൊക്കെ നഷ്ടപ്പെടുത്തി, വെറുംകൈയ്യോടെ വന്നാൽ, അയാളെ ആ യജമാനൻ മററാരേയും സ്വീകരിച്ചതിനേക്കാൾ കൂടുതൽ കാര്യമായി സ്വീകരിക്കുമായിരുന്നില്ലേ.

## vi. മത്തായി 25: 27–30

''ഞാൻ തിരിച്ചു വരുമ്പോൾ പലിശ സഹിതം എൻെറ പണം എനിക്കു തിരിച്ചെടുക്കാമായിരുന്നല്ലോ. അതുകൊണ്ട് നിങ്ങൾ ആ താലന്തു് അയാളുടെ പക്കൽ നിന്നെടുത്തു് പത്തു താലന്തുള്ളവനു കൊടുക്കുവിൻ. എന്തെന്നാൽ, ഉള്ളവനു വീണ്ടും കിട്ടും; അയാൾക്കു സമൃദ്ധിയുണ്ടാകും. ഇല്ലാത്തവനിൽ നിന്നു് ഉള്ളതുപോലും എടുക്കപ്പെടും. പ്രയോജനരഹിതനായ ആ ഭൃത്യനെ പുറത്തുള്ള അന്ധകാരത്തിലേക്കു തള്ളുവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടായിരിക്കും?

# 44 സത്യമേവജയതേ

സംഭവസ്ഥലം കുരുക്ഷേത്രം. ദ്രോണാചാര്യർ പാണ്ഡവവംശത്തെ മുച്ചൂടും മുടിച്ചു മുന്നേറുന്നു. ദ്രോണരുടെ മുന്നേററം തടക്കാൻ ഒരു വഴിമാത്രം. ദ്രോണാചാര്യരുടെ പുത്രൻ അശ്വത്ഥാമാവ് കൊല്ലപ്പെട്ടുവെന്നു പറയുക. ധർമ്മപുത്രരുടെ സത്യസന്ധതയ്ക്കു നേരിട്ടു വെല്ലുവിളി. നുണപറഞ്ഞാൽ വിജയം നിശ്ചയം. നിശബ്ദത പരാജയവും. തോൽവി വിഴുങ്ങാൻ എത്തിയ ഭീമൻ അവസരത്തിനൊത്തു് 'അശ്വത്ഥാമാ' എന്ന ആനയെ ഗദകൊണ്ടു് അടിച്ചുകൊന്നു. പല ചെവികടന്നു് വാർത്ത ധർമ്മപുത്രരുടെ ചെവിയിലെത്തിയപ്പോഠം കൊല്ലപ്പെട്ടതു് ദ്രോണപുത്രൻ അശ്വത്ഥാമാവായി കഥാപുരുഷൻ കഷ്ടിച്ചു പറഞ്ഞൊപ്പിച്ചു. അശ്വത്ഥാമാഹത: ആ നുണതാങ്ങാൻ രഥചക്രത്തിനുപോലും ശക്തിയുണ്ടായില്ല. സത്യം തോററിടത്തു് ദ്രോണർ ആയുധം താഴെവെച്ചു. അങ്ങനെയാണു് ദ്രോണരെ നിലയ്ക്കുനിത്തുവാൻ പാണ്ഡവക്കു കഴിഞ്ഞതു്. യുദ്ധവേളയിൽ ധർമ്മപുത്രരുടെ മനസ്സിടിഞ്ഞ ഏക സന്ദർഭമായിരുന്നതു്. നൈമിഷികമായ വിജയങ്ങളുണ്ടാക്കാൻ, ഭൗതികമായ കാര്യസാധ്യങ്ങാംക്കുവേണ്ടി നുണ ഇന്നു് ജീവിതത്തിൻെറ അവശ്യഘടകമായിത്തീന്നിരിക്കുന്നു.

ഈശോയെ മരണത്തിനു വിധിക്കുന്നിടത്തും പ്രതിയോഗികഠം കള്ളംപറയുന്നുണ്ടു്. പലേ കള്ളസാക്ഷികളേയും അവർ അണിനിരത്തി. അവരുടെ സാക്ഷ്യങ്ങളൊന്നും തമ്മിൽ പൊരുത്തപ്പെട്ടില്ല. എങ്കിലും അവിടത്തെ അവർ വധിച്ചു. കള്ളസാക്ഷ്യവും കാപട്യവും നുണയുമൊക്കെ മനുഷ്യക്കെതിരായുള്ള തിന്മയായിട്ടല്ല പിന്നെയോ ദൈവത്തിനെതിരായ തെററായിട്ടാണു് പത്രോസ് ശ്ലീഹാ പഠിപ്പിക്കുന്നതു്. അപ്പസ്തോലന്മാരുടെ നടപടിപ്പുസ്തകത്തിൽ ഇതു് വിവരിക്കുന്നുണ്ടു്. അനനിയാ സഫീറാ ദമ്പതികഠം അവരുടെ പറമ്പുവിററു്, വിലയുടെ ഒരുഭാഗം ഭാര്യയുടെ അറിവോടെ മാററിവെച്ചു. ബാക്കി അപ്പസ്തോലന്മാരുടെ കാല്ക്കൽ

സമപ്പിച്ചു. ഈ സമ്പത്തു് നിൻെറ സ്വന്തമായിരുന്നില്ലേ? നീ മനുഷ്യരോടല്ല ദൈവത്തോടാണു് വ്യാജം പറഞ്ഞതു്. അനനിയാസ് ഇതുകേട്ടയുടനെ നിലത്തുവീണു മരിച്ചു. മൂന്നുമണിക്കൂർ കഴിഞ്ഞു് അവൻെറ ഭാര്യവന്നു. നടന്നതൊന്നും അവരു അറിഞ്ഞിരുന്നില്ല. ''ഈ തുകയ്ക്കുതന്നെയാണോ നിങ്ങരു പറമ്പുവിററതു്? എന്നോടു പറയുക'' പത്രോസ് ചോദിച്ചു. അവർ പറഞ്ഞു. ''അതേ, ഈ തുകയ്ക്കുതന്നെ''. കർത്താവിൻെറ ആത്മാവിനെ പരീക്ഷിക്കാൻ നിങ്ങരു ഒത്തുചേൻതെന്തു്? തൽക്ഷണം അവളും അവൻെറ കാല്ക്കൽ മരിച്ചുവീണു. വ്യാജം പറയുന്നവക്കു് പ്രതിഫലം മരണമത്രേ.

അപ്പ. നട. 5 : 9–11

പത്രോസ് അവളോടു ചോദിച്ചു: ''കർത്താവിൻെറ ആത്മാവിനെ പരീക്ഷിക്കുവാൻ നിങ്ങരു ഒത്തുചേൻതെന്തുകൊണ്ടു്? കേരുക്കു, നിൻെറ ഭർത്താവിനെ സംസ്കരിച്ചവരുടെ കാലൊച്ച വാതിലിനു സമീപമെത്തിയിരിക്കുന്നു. അവർ നിന്നെയും പുറത്തേക്കു കൊണ്ടുപൊയ്ക്കൊള്ളും.'' തൽക്ഷണം അവരു അദ്ദേഹത്തിൻെറ കാൽക്കൽ വീണു മരിച്ചു. ചെറുപ്പക്കാർ അകത്തു കടന്നപ്പോരു അവരു മരിച്ചു കിടക്കുന്നതു കണ്ടു. അവർ അവളെ പുറത്തേക്കു കൊണ്ടുപോയി അവളുടെ ഭർത്താവിൻെറ സമീപം സംസ്കരിച്ചു. സഭ മുഴുവനിലും, ഈ കാര്യങ്ങരു കേട്ട എല്ലാവരിലും വലിയ ഭയമുളവായി.

## 45 നാം മുന്നോട്ട്

രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ജപ്പാൻ സൈന്യം ചൈന ആക്രമിച്ചു. കൂട്ടുകാരോടൊപ്പം കുന്നുകളിലും, താഴ്വരകളിലും ഒളിച്ചുനിന്നു് ഗറില്ലായുദ്ധം നടത്തിയ തയോഫോംഗിനെ ജപ്പാൻകാർ പിടിച്ചു. വളരെ ക്രൂരമായ ശിക്ഷയാണു് ആ ചൈ

നീസ് യുവാക്കരംക്ക് ജപ്പാൻ സൈന്യം നൽകിയതു്. തയോ ഫോംഗിന്റെ രണ്ടു കാലുകളും രണ്ടു കരങ്ങളും അവർ മുറിച്ചുകള ഞ്ഞു. വേദനയോടെയേ തയോഫോംഗിന്ന് ആ കഥ ഓർക്കുവാൻ സാധിക്കൂ. ആശുപത്രിയിൽവെച്ചു് ഉണന്നപ്പോഴാണ് തന്റെ പ രിമിതിയെക്കുറിച്ചു് അയാരംക്ക് ബോധ്യമായതു്. എങ്കിലും അ യാരം നിരാശനായില്ല. പത്തൊമ്പതുകാരനായ ആ അംഗവിഹീ നൻ ജീവിക്കുവാൻതന്നെ തീരുമാനിച്ചു. വിദഗ്ദ്ധ ചികിത്സകരം കൊണ്ടു് മുറിവുകരം കരിഞ്ഞു. തയോഫോംഗ് പഴയ വിനോദ മായ സീൽ നിമ്മാണം ആരംഭിച്ചു. പക്ഷേ കൈകളില്ല. യന്ത്ര ത്തിന്റെ തണ്ടു് പല്ലുകരംക്കിടയിൽ കടിച്ചുപിടിച്ചു് മുറിഞ്ഞ കൈത്തണ്ടുകൊണ്ടു് അതിനെ നിയന്ത്രിച്ചു. ആദ്യമൊന്നും പരിശ്ര മം വിജയകരമായിരുന്നില്ലെങ്കിലും പിന്മാറാതെ ഉറച്ചുനിന്നു. ക്രമേണ വിചാരിച്ചതരത്തിൽ ഭംഗിയായി ജോലിചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചു.

തയോഫോംഗിന്റെ നിമ്മാണവൈദഗ്ദ്ധ്യവും സൂക്ഷ്മതയും അനേകരെ ആകർഷിച്ചു. തുടർന്നു് ആയിരക്കണക്കിന്നു് സീലിനു ള്ള ഓർഡറുകളാണു് ഉണ്ടായതു്. അദ്ദേഹത്തിനു ലഭിക്കുന്ന ഓർഡ റുകരം സഹതാപത്തിന്റെ പേരിലല്ല, തൊഴിൽവൈദഗ്ദ്ധ്യത്തി ന്റെ പേരിലാണു്. വിദേശികരം പോലും തയോഫോംഗിന്റെ സീലുകരം വാങ്ങുവാനെത്തി.

ജീവിതത്തിന്റെ കൊട്ടം യാതനകരം, വേപഥുവും, ക്ഷീണ വും, നിരാശയും നമുക്കു നൽകിയേക്കാം. കനത്ത നിരാശകൊണ്ടു് ജീവിതം അവസാനിപ്പിക്കുവാൻ ചിലപ്പോരം മനുഷ്യൻ തയ്യാ റാവുന്നു. ആദ്യസഹോദരനായ കായേൻ നിരാശനാകുന്നുണ്ടു്. യൂദാസിന്റെ അനുതാപവും നിരാശയിൽ കുതിന്നതായിരുന്നു. കാരണം മനസ്സാക്ഷിയുടെ കുററബോധത്തിൽനിന്നു് അവക്കു മോ ചനമില്ലായിരുന്നു. പ്രഭാഷകൻ മനസ്സാക്ഷി കുററപ്പെടുത്താത്തവ നെയും പ്രത്യാശ കൈവെടിയാത്തവനെയും ഭാഗ്യവാനായിട്ടാണു് ചിത്രീകരിക്കുന്നതു്.

എഫേ 4 : 17–19

ആകയാൽ ക്ത്താവിൽ ഞാൻ നിങ്ങളോട്ടു് ഉറ പ്പിച്ചു പറയുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

വ്യർത്ഥചിന്തകളിൽ കുടുങ്ങിക്കിടക്കുന്ന വിജാതീയരെപ്പോലെ നിങ്ങൾ ഒരിക്കലും ജീവിക്കരുതു്. അവരുടെ ബുദ്ധിയിൽ അന്ധകാരം നിറഞ്ഞിരിക്കുന്നു. തങ്ങളുടെ ഹൃദയകാഠിന്യവും അജ്ഞതയും നിമിത്തം അവർ ദൈവിക ജീവനിൽ നിന്നു് അകന്നുപോവുകയും ചെയ്തിരിക്കുന്നു. എല്ലാത്തരം ദുർവ്യത്തികൾക്കും ആസക്തരായ അവർ തങ്ങളുടെ ഹൃദയം മരവിപ്പിക്കയും, ഭോഗാസക്തിക്കു തങ്ങളെത്തന്നെ കൈവിടുകയും ചെയ്തു.

---

# 46 കരുണയുടെ കരകാണാക്കടൽ

---

നിനിവേക്കാരുടെ ദുഷ്ടതകണ്ടു സഹികെട്ട ദൈവം അവക്കു താക്കീതുകൊടുക്കുന്നതിനുവേണ്ടി യോന്നാസിനെ നിയോഗിച്ചു. പക്ഷേ പ്രവാചകൻ കർത്താവിന്റെ സന്നിധിയിൽനിന്നു് ഒളിച്ചോടാൻ ശ്രമിച്ചു. അദ്ദേഹം താർഷീഷിലേക്കു പോകുന്ന ഒരു കപ്പലിൽ കയറി നിനിവേയ്ക്കെതിരെ യാത്രതിരിച്ചു. ദൈവത്തിന്റെ കല്പനയിൽനിന്നും ഒളിച്ചോടാനുള്ള അദ്ദേഹത്തിന്റെ പരിശ്രമം വിഫലമായി. അവസാനം യോന്നാസു് നിനിവേയിൽതന്നെ തിരിച്ചെത്തി. നിനിവേയിലെത്തിയ അദ്ദേഹം പട്ടണത്തിനെതിരെ പ്രവചിച്ചു. ''നാല്പതുദിവസം കഴിയുമ്പോൾ നിനിവെ നശിപ്പിക്കപ്പെടും.'' ജനം മനസ്സുതിരിഞ്ഞു. അവർ ഒന്നടങ്കം ഉപവാസമനുഷ്ഠിച്ചു. അവർ ദുഷ്ടതയിൽനിന്നു് പിന്തിരിഞ്ഞതുകണ്ടു ദൈവം അവരെ ശിക്ഷയിൽനിന്നു് ഒഴിവാക്കി.

കർത്താവു് നിനിവേക്കാരെ ശിക്ഷിക്കാതെ വിട്ടതു് യോന്നാസിനു് ഇഷ്ടപ്പെട്ടില്ല. അദ്ദേഹം കർത്താവിനോടു പരിഭവംപറഞ്ഞു. ''ഞാൻ എന്റെ ദേശത്തായിരുന്നപ്പോൾ ഇതുതന്നെയല്ലേ പറഞ്ഞ

ത്തു്, അവിടുന്നു് ദയാലുവും, കാരുണ്യവാനും, ക്ഷമാശീലനും, സ്നേഹനിധിയും, ശിക്ഷിക്കുന്നതിൽ വിമുഖനുമാണെന്നു് ഞാൻ അറിഞ്ഞിരുന്നു. യോനാസു് നിരാശനായി പുറത്തിറങ്ങി നഗരത്തിന്റെ കിഴക്കുഭാഗത്തു് ഒരു കൂടാരംകെട്ടി നഗരത്തിനു് എന്തുസംഭവിക്കുമെന്നു കാണാൻ കാത്തിരുന്നു.

യോനാസിനു് തണൽനൽകാൻ കർത്താവു് ഒരു ചെടിമുളപ്പിച്ചു. പ്രവാചകൻ അതുകണ്ടു് സന്തോഷിച്ചു. പക്ഷേ ദൈവനിയോഗത്തിൽ അതു് പിറേറന്നു് വാടിപ്പോയി. ആ ചെടിയെ ചൊല്ലി പ്രവാചകൻ കോപിച്ചു. അപ്പോൾ കർത്താവു പറഞ്ഞു. ''ഈ ചെടി ഒരു രാത്രികൊണ്ടു വളരുകയും അടുത്ത രാത്രിയിൽ നശിക്കുകയുംചെയ്തു. നീ അതിന്റെ വളർച്ചയ്ക്കുവേണ്ടി അദ്ധ്വാനിച്ചിട്ടില്ല. എന്നിട്ടും നിനക്കു് അതിനോടു് അനുകമ്പതോന്നുന്നു. എങ്കിൽ ഇടംവലം നീതിയറിയാൻ കഴിവില്ലാത്ത നിനിവേയോടു് എനിക്കു് അനുകമ്പതോന്നരുതെന്നോ?''

ദൈവത്തിന്റെ കരുണയെ വളരെ വാചാലമായിട്ടു് അവതരിപ്പിക്കുന്ന സംഭവമാണിതു്. വീഴ്ചകളെയും തെററുകളെയുംകുറിച്ചു് അനുതപിച്ചു് അവിടുത്തെപ്പക്കലേയ്ക്കു് അണയുന്നവരെ കർത്താവു് ഒരിക്കലും കൈവിട്ടുകളയുകയില്ല. കർത്താവിന്റെ കരുണയ്ക്കു് അറുതിയും അതിർത്തിവരമ്പും നിശ്ചയിക്കുന്നവർക്കു് ഒരന്ത്യശാസനമായിരിക്കും പഴയനിയമത്തിലെ ഈ സംഭവം.

യോനാ 4 : 1–3

> യോനാ ഇതിൽ അത്യധികം അസംതൃപ്തനും കുപിതനുമായി. അവൻ കർത്താവിനോടു പ്രാർത്ഥിച്ചുകൊണ്ടു പറഞ്ഞു: ഞാൻ എന്റെ ദേശത്തായിരുന്നപ്പോൾ ഇതുതന്നെയല്ലേ അങ്ങയോടു പറഞ്ഞതു്. ഇതുകൊണ്ടാണു് ഞാൻ താർഷീഷിലേക്കു ഓടിപ്പോകാൻ ശ്രമിച്ചതു്. അവിടുന്നു ദയാലുവും കാരുണ്യവാനും ക്ഷമാശീലനും സ്നേഹനിധിയും ശിക്ഷിക്കുന്നതിൽ വിമുഖനും ആണെന്നു ഞാനറിഞ്ഞിരിക്കുന്നു.

# 47 ഭസ്മാസുരന്റെ നാട്ടിൽ

ഭസ്മാസുരൻ ശിവനെ പ്രസാദിപ്പിക്കുവാൻവേണ്ടി തപസ്സാരംഭിച്ചു. തപസ്സെന്നുപറഞ്ഞാൽ കൊടിയ തപസ്സ്. തപസ്സിന്റെ ശക്തികൊണ്ടു് ഭൂമിയിലെങ്ങും താപം വർദ്ധിച്ചു. ഭൂമി വെന്തുരുകിപ്പോകുമെന്ന ഗതിവന്നു. ജീവിതം ക്ലേശകരമായിത്തീർന്നപ്പോൾ ദേവന്മാർ ശിവനെ സമീപിച്ച് എങ്ങനെയെങ്കിലും ഭസ്മാസുരന്റെ തപസ്സ് അവസാനിപ്പിക്കണമെന്നു് അപേക്ഷിച്ചു. ശിവൻ അയാളിൽ പ്രസാദിച്ച് ഏതനുഗ്രഹവും തന്നോടു ചോദിച്ചുകൊള്ളാൻ അനുവദിച്ചു. 'ഞാൻ ആരുടെ തലയിൽ കൈവയ്ക്കുന്നുവോ അവൻ ഭസ്മമായിപ്പോകണം.' ഇതായിരുന്നു അയാൾ യാചിച്ച വരം.

വരം ലഭിച്ചതോടെ ഭസ്മാസുരന്റെ ഭാവം മാറി. അഹങ്കാരംകൊണ്ടു് മതിമറന്നു. അയാൾ ലോകത്തിനു പേടിസ്വപ്നമായി. വരംകൊടുത്ത ഈശ്വരൻ പോലും ഭസ്മാസുരനെ ഭയപ്പെട്ടു. അവസാനം വിഷ്ണുമായമൂലം ബോധംമറഞ്ഞ ഭസ്മാസുരൻ സ്വന്തം ശിരസ്സിൽ കൈവെച്ച് ചാമ്പലായി എരിഞ്ഞടങ്ങി എന്നാണു് പുരാണകഥ.

ഏദൻതോട്ടത്തിൽ ദൈവം സൃഷ്ടിച്ച മനുഷ്യനു് ധാരാളം വരങ്ങൾ നൽകി അവിടുന്നു് അനുഗ്രഹിക്കുന്നുണ്ടു്. അവക്കു് കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമിമുഴുവന്റെയും ഭൂമിയിൽ ഇഴയുന്ന സർവ്വ ജീവജാലങ്ങളുടെയുംമേൽ ആധിപത്യംനൽകി. അവയെ പേരുചൊല്ലി വിളിക്കാൻ അവനു് അധികാരം കൊടുത്തു. അങ്ങനെ ദൈവത്തിന്റെ സൃഷ്ടികർമ്മത്തിൽ അനുവാദം ചോദിക്കാതെതന്നെ അവനെ പങ്കുകാരനാക്കി.

ഏദൻതോട്ടത്തിലെ മനുഷ്യൻ ഇന്നു് ഭസ്മാസുരനായിത്തീർന്നിരിക്കുന്നു. ദൈവമായ സൃഷ്ടിതാവിനെ അവനിന്നു് പേടി

സ്വപ്നമാണ്. സൃഷ്ടികർമ്മത്തിനുതന്നെ തുരങ്കംവയ്ക്കുന്നവൻ അണുശക്തികൊണ്ട് ഒരൊററനിമിഷംമതി അവനീ പ്രപഞ്ചത്തെമുഴുവൻ ചാമ്പലാക്കാൻ ഒരു ബട്ടൺ അമർത്തേണ്ട താമസം. പ്രകൃതിയെ മുഴുവൻ ചൊല്പടിക്കുനിർത്താൻ സാധിച്ചു എന്നഭിമാനിക്കുന്ന അഭിനവ ഭസ്മാസുരന്മാരുടെ നിഘണ്ടുവിൽ ദൈവമെന്ന പദത്തിനു് അർത്ഥമില്ല. പക്ഷേ ഒന്നോർക്കണം. അവൻതന്നെയാണ് ആദ്യം എരിഞ്ഞടങ്ങാൻ പോകുന്നതു്, ഭസ്മാസുരനെപ്പോലെ.

ഉൽപ്പത്തി 1 : 20–27

ദൈവം വീണ്ടും അരുളിച്ചെയ്തു നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. അവർക്കു കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും നാൽക്കാലികളുടെയും ഭൂമി മുഴുവൻെറയും ഭൂമിയിൽ ഇഴയുന്ന സർവ്വജീവികളുടെയും മേൽ ആധിപത്യം ഉണ്ടായിരിക്കട്ടെ. അങ്ങനെ ദൈവം തൻെറ ഛായയിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിൻെറ ഛായയിൽ അവിടുന്നു് അവനെ സൃഷ്ടിച്ചു. അവിടുന്നു സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു.

## 48 കപടനാട്യക്കാരേ ഇതിലേ

എവിടെയും കപടതയും ആത്മവഞ്ചനയുമാണ്. യുവലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന വലിയ വിപത്തും ഇതുതന്നെ. യേശുവിൻെറ വാക്കുകളിൽ അതേ അതേയെന്നും അല്ല അല്ലായെന്നും നമുക്കു് സംസാരിക്കാൻ സാധിക്കുന്നില്ല! സർവ്വതിനെയും സത്യം, ശിവം, സുന്ദരമായി വാഴ്ത്തുന്നവർ. എനിക്കിതു രുചിക്കുന്നില്ല, എനിക്കിതു മനസ്സിലാകുന്നില്ല എന്നുപറയുന്നവർ ചുരുങ്ങും.

ഒരിക്കൽ ഒരത്യന്താധുനിക നാടകത്തിന്റെ അഭിനയ പരിശീലനത്തിനിടയിൽ ഒരു യുവകലാകാരൻ പരാതിപ്പെട്ടു. 'ഇതിന്റെ അർത്ഥമെന്തെന്ന് എനിക്കു പിടികിട്ടുന്നില്ലല്ലോ.' സംവിധായകൻ മറുപടിയായി പറഞ്ഞു. നിങ്ങൾക്ക് മനസ്സിലാകുന്നില്ല, എനിക്കും മനസ്സിലാകുന്നില്ല, എഴുത്തുകാരനും മനസ്സിലായിട്ടുണ്ടാവില്ല. അതുകൊണ്ടുതന്നെയാണ് ഇതു കലയാകുന്നത്.

ഒരു വസ്തുത നമുക്ക് അറിയില്ലെങ്കിൽ അറിയില്ല എന്നുപറയുന്നതാണു ഭംഗി. അറിയാമെന്നു ഭാവിക്കുന്നതിലല്ല. മനസ്സിലാകുന്നില്ലെങ്കിൽ മനസ്സിലാകുന്നില്ലെന്നു സമ്മതിക്കുക. അറിയില്ല, മനസ്സിലാകുന്നില്ല, രുചിക്കുന്നില്ല, ഇഷ്ടമില്ല, താല്പര്യംപോര എന്നൊക്കെ പറഞ്ഞാൽ നാം തഴയപ്പെട്ടാലോ, പഴഞ്ചന്മാരായി പരിഗണിക്കപ്പെട്ടാലോ എന്ന പേടിയാണ്. അതു ശരിയല്ല. നമ്മുടെ സത്യസന്ധതയിലും ആത്മാർത്ഥതയിലും മററുള്ളവക്കൊക്കെ ബഹുമാനമേ തോന്നൂ. ആരെങ്കിലും മറിച്ചു വിചാരിക്കുന്നുണ്ടെങ്കിൽ അവരുടെ വിവരക്കേടിന്റെ ലക്ഷണമാണ്. ഈ ലോകത്തിൽ എന്തും ഏതും അറിയാവുന്നവരായി ആരാണുള്ളത്. ആരുമില്ല.

അഭിനയത്തിന്റെ മൂടുപടമണിയുന്നവർ മനക്കരുത്ത് കമ്മിയായുള്ളവരാണ്. യേശു ഇവരുടെ മാനസികഭാവത്തെ ശരിക്കും വിമർശനവിഷയമാക്കുന്നുണ്ട്. യേശുവിന്റെ കാലഘട്ടത്തിലെ ഫരിസേയരുടെ പ്രമാണവും മററൊന്നായിരുന്നില്ല. മനസ്സിന്റെ ഉള്ളിലിരുപ്പ് ഒന്ന്, പുറത്തുകാണിക്കുന്നതു മററൊന്ന്. അതുകൊണ്ടാണ് യേശു നിങ്ങളുടെ വാക്കുകൾ അതേ അതേയെന്നും അല്ല അല്ലായെന്നുമായിരിക്കട്ടെ എന്നുപറഞ്ഞത്.

വി. മത്തായി 5 : 33–37

''കള്ളസത്യം ചെയ്യരുതെന്നും കർത്താവിനോടു ചെയ്തിട്ടുള്ള പ്രതിജ്ഞകൾ നിറവേററണമെന്നും'' പൂർവ്വികന്മാരോടു കല്പിച്ചിട്ടുണ്ടെന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു: ഒരു കാരണവശാലും നിങ്ങൾ ആണയിടരുത്, സ്വർഗ്ഗത്തെക്കൊണ്ടരുത്, അതു ദൈവത്തിന്റെ സിംഹാസനമാണ്, ഭൂമിയെക്കൊണ്ടരുത്, അത് ദൈവ

ത്തിൻെറ പാദപീഠമാണ്, ജറുസലേമിനെക്കൊണ്ടരുതു്, അതു് മഹാരാജാവിൻെറ നഗരമാണ്. നിൻെറ ശിരസ്സിനെക്കൊണ്ടും നീ ആണയിടരുതു്, എന്തെന്നാൽ, അതിലെ ഒരു മുടിപോലും വെളുപ്പിക്കാനോ കറുപ്പിക്കാനോ നിനക്കു കഴിവില്ല. 'അതേ' എന്നു് പറയേണ്ടതിനു് അതേ എന്നും, 'അല്ല' എന്നു പറയേണ്ടതിനു് 'അല്ലാ എന്നും പറയുക ഇതിക്കവിഞ്ഞുള്ളതെല്ലാം തിന്മയിൽനിന്നാകുന്നു.

## 49 മനുഷ്യനു സുഖമുണ്ടെങ്കിലെ ദൈവത്തിനു സുഖമുള്ളൂ

താരാശങ്കർ ബാനർജിയുടെ ഒരു ചെറുനോവലാണ് 'സപ്തപദി'. അതിലെ മുഖ്യകഥാപാത്രം കൃഷ്ണസ്വാമി—ഒരു ഹിന്ദു. അയാഠം ഒരു ക്രൈസ്തവപെൺകുട്ടിയെ സ്നേഹിച്ചു. അവർ വിവാഹിതരാകാൻ ആഗ്രഹിച്ചു. പക്ഷേ പെൺകുട്ടിയുടെ മാതാപിതാക്കഠം കൃഷ്ണസ്വാമി ക്രൈസ്തവമതം സ്വീകരിക്കാതെ വിവാഹം നടത്തില്ലെന്നു ശഠിച്ചു. മാതാപിതാക്കളുടെ ആഗ്രഹപ്രകാരം കൃഷ്ണസ്വാമി ക്രിസ്തീയ തത്വങ്ങഠം പഠിച്ച് ജ്ഞാനസ്നാനം സ്വീകരിച്ചു. വിവാഹത്തിനുള്ള തടസം നീങ്ങി എന്ന വിചാരത്തോടുകൂടി അയാഠം പെൺകുട്ടിയുടെ അടുത്തുചെന്നു. അവളെ അതു് വളരെയധികം ദുഃഖിപ്പിച്ചു. ഇപ്പറഞ്ഞതു ശരിയാണെങ്കിൽ നമ്മുടെ വിവാഹം നടക്കുകയില്ല. അവഠം പറഞ്ഞു. അയാഠം അമ്പരപ്പോടെ ചോദിച്ചു നീ എന്താണു പറയുന്നതു് അവഠം വ്യക്തമാക്കി. "ഇഷ്ടപ്പെട്ട ഒരു പെണ്ണിനുവേണ്ടി നിങ്ങഠം ജനിച്ചു വളർന്ന സമുദായ

ത്തെ തള്ളിപ്പറഞ്ഞില്ലേ. നാളെ എന്നെക്കാരം സുന്ദരിയായ മറെറാരുവരംകവേണ്ടി എന്നെയും തള്ളിപ്പറയുകയില്ലെന്നു് ആരറിഞ്ഞു. അതുകൊണ്ടു് നമുക്കു് ഇവിടെ വച്ചു് വഴി പിരിയുക അവരം നടന്നകന്നു.

ഈ സംഭവത്തിനുശേഷം കൃഷ്ണസ്വാമി ആത്മഹത്യചെയ്യാനൊന്നും മുതിർന്നില്ല. അയാരം ജീവിതം ധന്യമാക്കുവാൻ തന്നെ തീരുമാനിച്ചു. തനിയെ കുറച്ചു വൈദ്യശാസ്ത്രം പഠിച്ചു്, കുറെ മരുന്നുകരം വാങ്ങി, അയാരം ഗ്രാമങ്ങരംതോറും സൈക്കിളിൽ സഞ്ചരിച്ചു് ചികിത്സ നടത്തിപ്പോന്നു. യാത്രക്കിടയിൽ ആരെങ്കിലും എതിരേ വരുന്നതു കണ്ടാൽ സൈക്കിരം നിർത്തി എന്താ സുഖമാണോ? എന്നു ചോദിക്കും. അതേ എന്നു പറഞ്ഞു കടന്നു പോകാൻ യാത്രക്കാരൻ പരിശ്രമിക്കുന്നതിനിടയിൽ കൃഷ്ണസ്വാമി പറയും 'സുഖമായിരിക്കുക, മനുഷ്യനു സുഖമുണ്ടെങ്കിലേ ദൈവത്തിനും സുഖമുള്ളു.'

നമുക്കു സുഖമില്ലെങ്കിൽ സുഖമില്ലാതാകുന്ന ദൈവത്തെക്കുറിച്ചു് ചിന്തിക്കാൻ കഴിയുമോ? അപ്പസ്തോലനായ യോഹന്നാൻ ദൈവത്തിനു നല്കുന്ന നിർവചനം ഇങ്ങനെയാണു്. ദൈവം സ്നേഹമാണു്, നമ്മുടെ ദുഃഖങ്ങളിൽ സഹതപിക്കുന്നവൻ നമ്മുടെ സൗഭാഗ്യങ്ങളിൽ ആഹ്ളാദിക്കുന്നവൻ, നമ്മോടു് ഐക്യംകൊള്ളാൻ ദാഹിക്കുന്നവൻ നമുക്കുവേണ്ടി സ്വയം ബലിയായവൻ. ഈ ചിന്തയിലേക്കാണു് താരാശങ്കർ ബാനർജിയുടെ കഥാപാത്രമായ കൃഷ്സസ്വാമി നമ്മേ കൊണ്ടുചെന്നെത്തിക്കുന്നതു്.

ലൂക്കാ:7/11–16.

അനന്തരം ഈശോ നായിം എന്ന പട്ടണത്തിലേക്കു പോയി. ശിഷ്യരും വലിയൊരു ജനക്കൂട്ടവും അവിടുത്തെ അനുയാത്ര ചെയ്തിരുന്നു. അവിടുന്നു പട്ടണവാതിലിനടുത്തെത്തിയപ്പോരം, മരിച്ചുപോയ ഒരുവനെ ആളുകരം വഹിച്ചുകൊണ്ടുവരുന്നതു കണ്ടു. അവൻ ഒരു വിധവയുടെ ഏക പുത്രനായിരുന്നു. പട്ടണത്തിൽനിന്നുള്ള ഒരു വലിയ ജനാവലിയും അവളോടുകൂടെ ഉണ്ടായിരുന്നു. അവളെ കണ്ടപ്പോരം

അവളിൽ മനസ്സലിഞ്ഞ് ''കരയേണ്ടാ'' എന്ന് കർത്താവ് അരുളിച്ചെയ്തു.

അവിടുന്ന് അടുത്തു ചെന്ന് ശവമഞ്ചത്തിൽ തൊട്ടു. അതു വഹിച്ചിരുന്നവർ നിന്നു. അവിടുന്ന് അരുളിച്ചെയ്തു: ''യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുന്നേല്ക്കുക.'' മരിച്ചവൻ ഉടനെ എഴുന്നേററിരുന്ന് സംസാരിച്ചു തുടങ്ങി. അവിടുന്ന് അവനെ അവന്റെ അമ്മയ്ക്ക് ഏല്പിച്ചുകൊടുത്തു. എല്ലാവരും ഭയപ്പെട്ടു. അവർ ദൈവത്തെ സ്തുതിച്ചുകൊണ്ടു പറഞ്ഞു: ''ഒരു വലിയ പ്രവാചകൻ നമ്മുടെ ഇടയിൽ ആവിർഭവിച്ചിരിക്കുന്നു: ദൈവം തന്റെ ജനത്തെ സന്ദർശിച്ചിരിക്കുന്നു.''

## 50 വിശ്വാസം അഗ്നിപരീക്ഷണങ്ങളിൽ

'ഉസ്ദേശം' അതായിരുന്നു ജോബിന്റെ ജന്മഭൂമി. തിന്മയിൽനിന്ന് അകന്ന് യാഹ്വേയുമായി ഐക്യത്തിൽ കഴിഞ്ഞ നീതിമാൻ. പൗരസ്ത്യദേശത്തിലെ സമ്പന്നൻ. എല്ലാം ദൈവത്തിന്റെ ദാനങ്ങൾ. അയാൾ സമ്പത്തിൽ അഹങ്കരിച്ചില്ല. ജോബിനെ വലയിൽ കുരുക്കി നശിപ്പിക്കണമെന്ന് അസ്വസ്ഥനായ സാത്താൻ നിശ്ചയിച്ചു. ''അവന്റെ സമ്പത്തിന്മേൽ അധികാരം നല്കുന്നു എന്നാൽ അവനെ തൊടരുത്.'' കർത്താവ് കല്പിച്ചു. സാത്താന്റെ കനത്ത പ്രഹരം ജോബിന്റെമേൽ പതിച്ചു. അവന്റെ സർവ്വസമ്പത്തും ഒന്നൊന്നായി നശിച്ചു. അവൻ അസ്വസ്ഥനായില്ല ആരെയും പഴിച്ചുമില്ല. നിരാശകനായ പരീക്ഷകൻ വീണ്ടും കർത്താവിനെ സമീപിച്ചു. കർത്താവ് പറഞ്ഞു അവന്റെ ശരീരത്തിൽ കൈവയ്ക്കുവാൻ ഞാൻ അനുവദിക്കുന്നു എന്നാൽ അവന്റെ ജീവനിൽ കൈവയ്ക്കരുത്.

ജോബിൻെറ ശരീരമാസകലം നാറിയ വ്രണങ്ങൾ നിറഞ്ഞു. വേദന അയാളെ കാൻതിന്നു. പലരും അയാളെ ഉപേക്ഷിച്ചു. പ്രിയപ്പെട്ട ധർമ്മപത്നിപോലും. പക്ഷേ, അവൻ നിരാശനായില്ല. ചാരത്തിൽ പടഞ്ഞിരുന്നു് പൊട്ടിത്തകന്ന ഓടിൻകഷണം വ്രണങ്ങളിലൂടെ ഉരസിക്കൊണ്ടു് അവൻ ഉച്ചത്തിൽ ഉദ്ഘോഷിച്ചു: കർത്താവു തന്നു കർത്താവു തിരിച്ചെടുത്തു. സ്നേഹിതർ ജോബിനെ സമീപിച്ചു് സാന്ത്വനപ്പെടുത്തുവാൻ പരിശ്രമിച്ചു. പക്ഷേ അവരുടെ വാക്കുകൾ ജോബിനെ അലോസരപ്പെടുത്തി. അദ്ദേഹം അവരുടെ ആലോചനകൾ ചെവിക്കൊണ്ടില്ല. അവർ പറഞ്ഞു: ഇതു് ദൈവശാപമാണു്. ദൈവത്തിൻെറ കോപം നിന്നിലേക്കു തിരിഞ്ഞിരിക്കുന്നു. നീ അതു സമ്മതിക്കണം. ജോബിനു് മനസിലായില്ല. എന്തുകൊണ്ടു് ഒരു നീതിമാനെ ദൈവം ശിക്ഷിക്കണം? എന്തുകൊണ്ടു് അവനോടു കോപാകുലനാകണം? ഉത്തരംകിട്ടാത്ത ചോദ്യങ്ങൾ. ജോബ് കർത്താവുമായി 'ന്യായവാദം' നടത്തുവാൻ മുന്നോട്ടുവന്നു. അവിടുത്തോടു സംസാരിക്കുവാൻ ജോബ് ആഗ്രഹിച്ചു. എൻെറ വാക്കുകളെ അവിടുന്നു കേൾക്കും. എൻെറ വിധിയാളൻ എന്നെ മോചിപ്പിക്കും.

കൊടിയ അഗ്നിപരീക്ഷണങ്ങളിൽപോലും ജോബ് തൻെറ വിശ്വാസം കളഞ്ഞുകളിച്ചില്ല. 'ദൈവത്തിൻെറ ചൈതന്യം എൻെറ നാസികയിൽ ഉള്ളിടത്തോളംകാലം എൻെറ അധരം വ്യാജം പറയുകയില്ല.' ജോബ് പറഞ്ഞു.

ജോബ് 27:1–6.

ജോബ് തുടർന്നു: എൻെറ അവകാശം എടുത്തുകളഞ്ഞ ദൈവമാണേ, എനിക്കു മനോവ്യസനം വരുത്തിയ സർവ്വശക്തനാണേ, എന്നിൽ ശ്വാസം ഉള്ളിടത്തോളം കാലം ദൈവത്തിൻെറ ചൈതന്യം എൻെറ നാസികയിൽ ഉള്ളിടത്തോളം കാലം എൻെറ അധരം വ്യാജം പറയുകയില്ല; എൻെറ നാവു് വഞ്ചന ഉച്ചരിക്കുകയില്ല. നിങ്ങൾ പറയുന്നതു ശരിയാണെന്നു ഞാൻ ഒരിക്കലും പറയുകയില്ല.

മരിക്കുവോളം ഞാൻ നിഷ്കളങ്കത കൈവെടിയുകയില്ല.

നീതിനിഷ്ഠയെ ഞാൻ മുറുകെപ്പിടിക്കും. അതു കൈവിട്ടുപോകാൻ സമ്മതിക്കുകയില്ല.

# 51 വൈകിവന്ന വസന്തം

ചില പൂക്കൾ വെളുപ്പിനു് രണ്ടുമണിക്കു് വിടരുന്നു. ചിലതു് പുലർച്ചയ്ക്കു് ആറുമണിക്കും. അപ്പോഴും ചില പൂക്കൾ വിടരാൻ ഭാവിക്കുന്നതേ ഉണ്ടാവൂ. അവയും വിരിയും, പത്തുമണിക്കും, ഉച്ച കഴിഞ്ഞു് നാലുമണിക്കുമൊക്കെ ആയെന്നുവരും. പല കുട്ടികളുടെയും മാനസികസിദ്ധികൾ വിടർന്നു വികസിക്കുന്നതു് തെല്ലു വൈകിയിട്ടാവും. കുഞ്ഞുന്നാളിൽ സാമർത്ഥ്യം പ്രകടിപ്പിക്കുന്നില്ലെന്നു വച്ചു് ഭഗ്നാശരാകരുതു്. അയലത്തെയും സഹപ്രവർത്തകരുടെയും കുട്ടികളോടു് തങ്ങളുടെ കുട്ടികളെ താരതമ്യപ്പെടുത്തി നിരാശരാവേണ്ടതില്ല. പല കുട്ടികളും പഠനവിഷയത്തിൽ കുട്ടിക്കാലത്തു് വലിയ സാമർത്ഥ്യം പ്രകടിപ്പിച്ചില്ലെന്നുവരാം, അതുകൊണ്ടു് അവർ ജീവിതത്തിൽ പരാജയപ്പെടുമെന്നു് ഉറപ്പിക്കേണ്ട. സംഗീതസാമ്രാട്ടായ ബിഥോവൻ ഒരു മോശം വിദ്യാർത്ഥിയായിരുന്നു. 'അവൻ അതുവരെയും ഒന്നും പഠിച്ചിട്ടില്ല. ഇനിയൊട്ടു പഠിക്കാനും പോകുന്നില്ല. രചനാവിഷയത്തിൽ അവനെക്കുറിച്ചു് ഒരു പ്രതീക്ഷയും വേണ്ട' എന്നാണു് അദ്ദേഹത്തിന്റെ അദ്ധ്യാപകൻ ഒരിക്കൽ അഭിപ്രായപ്പെട്ടതു്. പഠനത്തിന്റെ ആദ്യവർഷങ്ങളിൽ ഐസക് ന്യൂട്ടനും, വിൻസ്റ്റൻ ചർച്ചിലും അത്ര മെച്ചമായിരുന്നില്ല.

ഇന്നു് ഓരോ മാതാപിതാക്കളും തങ്ങളുടെ മക്കളെ പഠിപ്പിച്ചു മിടുമിടുക്കന്മാരാക്കുവാൻ തത്രപ്പെടുന്നു. മക്കൾക്കു് പാടുള്ള എല്ലാ നല്ല സാഹചര്യങ്ങളും ഉണ്ടാക്കികൊടുക്കുവാൻ അവർ പരിശ്രമിക്കുന്നു. എന്നിട്ടും ഫലം പൂജ്യമാണെങ്കിൽ എങ്ങനെ മനസ്സ് തകരാതിരിക്കും? പരസ്പരം പഴിചാരുകയും, അമിതമായി ശിക്ഷിക്കുകയും ശാസിക്കുകയും ചെയ്യും. ഫലമോ സ്നേഹത്തിൽ പുലരേണ്ട

കുടുംബജീവിതം വീർപ്പുമുട്ടലിൻെറ വക്കത്തെത്തുന്നു. മാതാപിതാക്കളുടെ അതിരുകടന്ന അങ്കലാപ്പ് സാവകാശമില്ലായ്മ കുട്ടികളുടെ നൈസർഗ്ഗികതയെ വളർത്തുകയല്ല തളർത്തുകയേ ചെയ്യൂ. യേശുവിൻെറ ഫലംതരാത്ത അത്തിവൃക്ഷത്തെക്കുറിച്ചുള്ള ഉപമ ഇവിടെ ചിന്തനീയമാണ്.

ഒരുവൻ മുന്തിരിതോട്ടത്തിൽ ഒരത്തിവൃക്ഷം നട്ടുപിടിപ്പിച്ചു. അതിൽ പഴമുണ്ടോ എന്നുനോക്കാൻ അവൻ വന്നു. ഒന്നും കണ്ടില്ല. ഫലംതരാത്ത അത്തിവൃക്ഷം വെട്ടിക്കളയാൻ അയാൾ കൃഷിക്കാരനോടു പറഞ്ഞു. കൃഷിക്കാരൻ അവനോടു പറഞ്ഞു യജമാനനേ; ഈ വർഷം കൂടെ അതു നില്ക്കട്ടെ അതിൻെറ ചുവടുകിളച്ചു വളമിടാം. യേശുവിൻെറ സങ്കല്പത്തിലുള്ള ഈ കൃഷിക്കാരൻെറ അത്രയും സാവകാശം നമുക്കു വേണം. ചില കാര്യങ്ങളിലുള്ള സാവകാശമില്ലായ്മ ഗുണത്തേക്കാളേറെ ദോഷമേ ചെയ്യൂ. തങ്ങളുടെ കുട്ടികളെ മിടുക്കരാക്കണം എന്ന മാതാപിതാക്കളുടെ ജ്വരം കുട്ടികൾക്ക് മാനസികോല്ലാസത്തിനുള്ള സമയംപോലും നഷ്ടമാക്കിക്കളയും. സർവ്വ സമയവും പുസ്തകങ്ങളുടെയും അദ്ധ്യാപകരുടെയും മുമ്പിൽ കുട്ടികളെ പിടിച്ചിരുത്തുന്ന രീതിയും നന്നല്ല. അവരുടെ സർവ്വോന്മുഖമായ വളർച്ച അതാണ് നമുക്കാവശ്യം.

വി. ലൂക്കാ:13/7–9

അപ്പോൾ അയാൾ കൃഷിക്കാരനോടു പറഞ്ഞു, 'ഇതാ, മൂന്നു വർഷമായി ഞാൻ ഈ അത്തിവൃക്ഷത്തിൽ ഫലമന്വേഷിച്ചുവരുന്നു; എന്നാൽ ഒന്നും കാണുന്നില്ല. ഇതു വെട്ടിക്കളയുക, നിലം പാഴാക്കുന്നതെന്തിനു'' കൃഷിക്കാരൻ അയാളോടു പറഞ്ഞു, 'യജമാനനേ, ഈ വർഷംകൂടി അതു നില്ക്കട്ടെ. അതിനകം ഞാൻ ഇതിൻെറ ചുവടു കിളച്ചു വളമിടാം. ഭാവിയിൽ അതു ഫലം നല്കിയേക്കാം; ഇല്ലെങ്കിൽ വെട്ടിക്കളഞ്ഞുകൊള്ളുക!''

# 52 മരിച്ചാലും ജീവിക്കും

എല്ലാവരും മരിക്കും. മരണമില്ലാത്ത മനുഷ്യനില്ല. പക്ഷേ ചിരംജീവികളാകാനുള്ള മനുഷ്യൻെറ തൃഷ്ണ അത്യുൽകടമാണ്. സനാതനൻ ആവുക എന്നതാണ് ആരുടെയും ലക്ഷ്യം. ഈജിപ്റ്റിലെ സ്തൂപികാകാരത്തിലുള്ള പിരമിഡുകളും ഭാരതത്തിലെ വെണ്ണക്കല്ലിൽ നിർമ്മിതമായ ടാജ്മഹളും അതാണ് വിളിച്ചറിയിക്കുക. പുരാതനഗ്രീസിൽ ആൽകെമിസ്ററുകളുണ്ടായിരുന്നു. കേരളത്തിൽ രസായനവിദ്യക്കാരും. ഒരിക്കലും മരിക്കാതെ ജീവിക്കാനുള്ള സിദ്ധൗഷധം കണ്ടുപിടിക്കുക അതായിരുന്നു അവരുടെ ലക്ഷ്യം. രസായനം കഴിച്ചാൽ ഒരിക്കലും മരിക്കാതെ മനുഷ്യനു ജീവിക്കാൻ സാധിക്കും. മനുഷ്യനെ ചിരംജീവിയാക്കാനുള്ള ശ്രമം ഇന്നോ ഇന്നലയോ തുടങ്ങിയതല്ല. മനുഷ്യശരീരത്തിലെ കോശങ്ങൾ ജീർണ്ണിച്ച് ജരാനരകൾ ബാധിച്ച് മരിക്കാതിരിക്കാൻ പാശ്ചാത്യ ജരാശാസ്ത്രജ്ഞന്മാർ ഗവേഷണം നടത്തുന്നു. എന്നുമെന്നും ജീവിക്കാനുള്ള മനുഷ്യൻെറ ആശ അങ്ങനെ കാലഘട്ടങ്ങളിലേക്കു നീണ്ടുപോകുന്നു.

ഈശ്വരൻ മർത്ത്യക്കു നല്കിയ ഈ അഭിനിവേശം ഒരിക്കലും വ്യർത്ഥമാകാൻ പാടില്ല. ചിരംജീവിതം, നിത്യജീവിതം, മരണാനന്തരമേ മനുഷ്യനിൽ പൂർണ്ണമായി സാക്ഷാത്കൃതമാകൂ. ശവസംസ്കാരവേളകളിൽ ഈ ആശയമാണ് നമ്മുടെ കാതുകളിൽവന്ന് അലതല്ലുന്നത്: ''സത്യമോക്ഷിൽ മരണംമുതല്ലതാൻ ഉത്തമർക്കു തുടങ്ങുന്നു ജീവിതം.''

ലാസറിൻെറ സഹോദരികളായ മാർത്തായും, മറിയവും തങ്ങളുടെ സഹോദരൻെറ പെട്ടെന്നുള്ള വേർപാടിൽ അതീവ ദുഃഖിതരായി. അവർ വിലപിച്ചുകഴിഞ്ഞിരുന്ന അവസരത്തിൽ യേശു അവിടെയെത്തി. യേശുവിനെ കണ്ടമാത്രയിൽ അവരുടെ ദുഃഖം ഇരട്ടിച്ചു. മാർത്താ പറഞ്ഞു: കർത്താവേ നീ ഇവിടെയുണ്ടായിരുന്നുവെങ്കിൽ എൻെറ സഹോദരൻ മരിക്കുകയില്ലായിരുന്നു. യേശു

അവരെ സമാശ്വസിപ്പിക്കുവാൻ ശ്രമിച്ചു. അവിടുന്നു പറഞ്ഞു നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും. യേശു അവസാനവിധിയിലെ പുനരുത്ഥാനത്തെക്കുറിച്ചാണ് പറയുന്നതെന്നുകരുതി മർത്താ പറഞ്ഞു: അന്ത്യദിനത്തിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർത്തെഴുന്നേൽക്കുമെന്ന് എനിക്കറിയാം. യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. നിത്യതയിൽ അനശ്വരനായി ജീവിക്കുവാൻ മരണം പ്രതിബന്ധമാവില്ല. യേശുവിൽ വിശ്വസിക്കുകയും ആ വിശ്വാസത്തിൽ അടിയുറച്ച് ജീവിക്കുകയും ചെയ്യുന്നവൻ മരിച്ചാലും ജീവിക്കും.

യോഹന്നാൻ 11/21–26.

മർത്താ ഈശോയോടു പറഞ്ഞു: ''കർത്താവേ, അങ്ങ് ഇവിടെ ഉണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല. എന്നാൽ അങ്ങു ദൈവത്തോടപേക്ഷിക്കുന്നതെന്തും ദൈവം അങ്ങേക്കു നൽകുമെന്ന് ഇപ്പോഴും എനിക്കറിയാം.'' ഈശോ അവളോടരുളിച്ചെയ്തു: ''നിന്റെ സഹോദരൻ ഉയിർത്തെഴുന്നേൽക്കും.'' മർത്താ അവിടുത്തോടു പറഞ്ഞു: ''അന്തിമനാളിലെ പുനരുത്ഥാനത്തിൽ അവൻ ഉയിർക്കുമെന്ന് എനിക്കറിയാം.'' ഈശോ അവളോടു പറഞ്ഞു: ''ഞാനാകുന്നു പുനരുത്ഥാനവും ജീവനും, എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും; ജീവിക്കയും എന്നിൽ വിശ്വസിക്കയും ചെയ്യുന്നവൻ ഒരു നാളും മരിക്കയില്ല. നീ ''ഇതു വിശ്വസിക്കുന്നുവോ?''.

# 53 ദൈവത്തെ വരിക്കാത്തവർ

വിവാഹത്തിനണയുന്ന വധൂവരന്മാർ ഇടത്തും വലത്തുമായിട്ടാണ് നില്ക്കുന്നതു്. വരൻ വധുവിൻെറ സംരക്ഷകൻ എന്ന അത്ഥമായിരിക്കണം ഇതിനുള്ളതു്. ശിവൻ തൻെറ പ്രാണേശ്വരിക്കു വാമഭാഗം നല്കിയിരിക്കുന്നതിൻെറ രഹസ്യവും മറെറാന്നല്ല. പാശ്ചാത്യദേശത്തും ഈ ആചാരം നിലവിലുണ്ടു്. പൗരസ്ത്യ, പാശ്ചാത്യകവികഠം വലത്തുഭാഗത്തിനു കൊടുക്കുന്ന പ്രാധാന്യം ഇത്തരുണത്തിൽ ശ്രദ്ധേയമാണു്. പ്രതീകാത്മകമായി എബ്രായ കവിസങ്കല്പത്തിൽ ഈശ്വരൻെറ സ്ഥാനം വലതുവശത്താണു്. മനുഷ്യൻെറ താങ്ങും തണലുമായി വലത്തുവശത്തു വത്തിക്കുന്ന ദൈവത്തെ സങ്കീത്തനങ്ങളിൽ ഉടനീളം നാം കാണുന്നു. 'കത്താവെൻെറ വലത്തുഭാഗത്തുള്ളപ്പോഠം ആരെന്നെ പരാജയപ്പെടുത്തും,' എന്നു് സങ്കീത്തനകത്താവു് വീണ്ടും വീണ്ടും ചോദിക്കുന്നു.

പൊള്ളുന്ന മരുഭൂമിയിലൂടെ ചരിക്കുന്നവക്കു് ഏററം ആവശ്യം വേണ്ടതു് അല്പം തണലാണു്. ജീവിതത്തിൽ മനുഷ്യനുണ്ടാകുന്ന പ്രശ്നച്ചൂടിൽനിന്നും രക്ഷപ്പെടുന്നതിനു തണൽ കൂടിയേ കഴിയൂ. മനുഷ്യനു് ആശ്രയിക്കാവുന്ന ഏക തണൽ ദൈവംതന്നെ. ഇസ്രായേൽ മരുഭൂമിയിലൂടെ അലഞ്ഞുതിരിഞ്ഞപ്പോഠം തണൽ അവക്കു് ആവശ്യമായിരുന്നു. അതുകൊണ്ടായിരിക്കാം അവരുടെ കവികഠം കത്താവിൻെറ വലത്തുഭാഗത്തു് എനിക്കു് തണലെന്നു പാടിയതു്. ഇന്നു കാലംമാറി പലക്കും വേറെ തണലുകളും പച്ചയായ പുൽപ്പുറങ്ങളും ഉണ്ടു്. പണം ഉണ്ടാക്കുവാനും, ഫോറിൻ സാധനസാമഗ്രികഠംകൊണ്ടു വീടുനിറയ്ക്കുവാനും സൗകര്യമുള്ളപ്പോഠം ദൈവത്തിൻെറ തണൽ ആക്കാണാവശ്യം. ഇസ്രായേൽ ജനത്തിനു മരുഭൂമിയിൽ വെച്ചു കത്താവിൻെറ തണൽ വേണമായിരുന്നു. എന്നാൽ പാലും തേനും ഒഴുകുന്ന കാനാൻദേശത്തു് എത്തിക്കഴിഞ്ഞു് അവക്കു് ആ തണൽ ആവശ്യമില്ലായിരുന്നു. അതിൻെറ ഫലമെന്തായിരുന്നുവെന്നു് ചരിത്രം തെളിയിച്ചു. ദൈവത്തെ ജീവിതത്തിൻെറ വലത്തുഭാഗത്തു നിത്തിയിട്ടുള്ളവക്കു് ജീവിതസായാഹ്നത്തിൽ സന്തോഷമേ ഉണ്ടാവൂ.

സങ്കീ. 16:7–9.

എനിക്കു് ഉപദേശം നൽകുന്ന കർത്താവിനെ ഞാൻ വാഴ്ത്തുന്നു.

രാത്രിയിലും എൻെറ അന്തരംഗത്തിൽ പ്രബോധനം നിറയുന്നു.

കർത്താവു് എപ്പോഴും എൻെറ കൺമുമ്പിലുണ്ടു്; അവിടുന്നു് എൻെറ വലത്തുഭാഗത്തുള്ളതുകൊണ്ടു് ഞാൻ കുലുങ്ങുകയില്ല. അതിനാൽ എൻെറ ഹൃദയം സന്തോഷിക്കുകയും അന്തരംഗം ആനന്ദംകൊള്ളുകയും ചെയ്യുന്നു.

എൻെറ ശരീരം സുരക്ഷിതമായി വിശ്രമിക്കുന്നു.

## 54 ഞാനെൻെറ കണ്ണുകളുയർത്തിടുന്നു

ഒരു ക്രിസ്ത്യൻ ആനുകാലിക പ്രസിദ്ധീകരണത്തിൽ ചേർത്തിരുന്ന കഥയാണിതു്. ഒരിക്കൽ ഒരു കൽപ്പണിക്കാരൻ വളരെ ഉയരമുള്ള കെട്ടിടത്തിൻെറ മുകളിലിരുന്നു് പണിയുകയായിരുന്നു. അയാറംക്കു് ഏതോ ഒരു വിവരം താഴെയുള്ള ആളിനെ അറിയിക്കണമായിരുന്നു. പക്ഷേ എങ്ങനെ അറിയിക്കും.

അയാറം ഉച്ചത്തിൽ വിളിച്ചുനോക്കി. പക്ഷേ നഗരത്തിലെ കലപില ശബ്ദത്തിൽ അയാളുടെ ശബ്ദം ലയിച്ചുപോയി. അവരിൽ ഒരാളുടെ ശ്രദ്ധയെ ക്ഷണിക്കുവാൻ അയാറം ഒരു നാണയത്തുട്ടിട്ടുകൊടുത്തു. ആ പഥികൻ അതെടുത്തു തിരിച്ചും മറിച്ചും നോക്കിയശേഷം പോക്കററിലിട്ടു കടന്നുപോയി. വീണ്ടും ഒരു നാണയം കൂടി ഇട്ടുനോക്കി. മറെറാരാറം മുകളിലേക്കു നോക്കാതെ ആ നാണയവും കൈക്കലാക്കി കടന്നുപോയി. ഒടുവിൽ ആ കല്പണിക്കാരൻ ഒരു ചെറിയ കല്ലെടുത്തു് താഴേക്കിട്ടു. അതു് ഒരു വഴിപോക്കൻെറ

തലയിൽ വീണു. അയാരം പെട്ടെന്നു് മുകളിലേക്കു നോക്കി. കല്പണിക്കാരൻ തനിക്കറിയിക്കാനുള്ള വിവരം ഒരു തുണ്ടുകടലാസിലെഴുതി താഴേക്കിട്ടുകൊടുക്കുകയും ചെയ്തു.

ജീവിതമാകുന്ന കെട്ടിടം കെട്ടിഉയർത്തുന്ന കല്പണിക്കാരനായ ദൈവം ഇതുപോലെ ചിലതു് നമ്മോടും ചെയ്യാറുണ്ടു്. അത്യാഹിതങ്ങളുടെയോ, വേദനയുടെയോ വ്യഥകളുടെയോ ചെറിയ കല്ലുകരം മുകളിലേക്കു നോക്കുവാൻ നമ്മേ പ്രേരിപ്പിക്കും. അപ്പോരം അവിടുന്നു് നമ്മേ അറിയിക്കുവാനുള്ള സന്ദേശം ഇട്ടുതരുകയും ചെയ്യും. ഭൗതികനേട്ടങ്ങരംക്കു പുറമേ പരക്കംപായുന്ന നമുക്കു് ദൈവത്തെ വിളിക്കുവാനോ ദൈവത്തിങ്കലേക്കു ദൃഷ്ടികളുയർത്തുവാനോ സമയമില്ല. ബിസിനസിൻെറ പുരോഗതിയും, ഇഷ്ടംപോലെ പണവും പ്രതാപവും ഉണ്ടാകുമ്പോരം നമ്മുടെ ദൃഷ്ടികരം താഴേക്കുതന്നെയല്ലേ ഉറപ്പിക്കാറുള്ളു. എന്നാൽ ദുഃഖത്തിൻെറയും വേദനയുടെയും അത്യാഹിതങ്ങളുടെയും, ആഘാതങ്ങളിൽ ദൈവത്തിങ്കലേക്കു് നാം നമ്മുടെ ദൃഷ്ടികളെ അയയ്ക്കും. ഇസ്രയേലിനോടും ദൈവം ഇതേമാർഗ്ഗംതന്നെയാണു് അവലംബിച്ചതു്. പരദേശവാസവും, അയൽരാജ്യങ്ങളുടെ ആക്രമണവുംവഴി അവർ ദൈവത്തെ കണ്ടു. ദൈവത്തിങ്കലേക്കു കണ്ണുകളുയർത്താൻ അവർ പഠിച്ചു. ശിലാഹൃദയത്തിനുപകരം മാംസളമായ ഒരു ഹൃദയമവർക്കു ലഭിച്ചു.

ഹസെക്കിയേൽ 36:26–28.

> ഒരു പുതിയ ഹൃദയം നിങ്ങരംക്കു ഞാൻ നൽകും. ഒരു പുതു ചൈതന്യം നിങ്ങളിൽ ഞാൻ നിക്ഷേപിക്കും. നിങ്ങളുടെ ശരീരത്തിൽനിന്നു് ശിലാഹൃദയം എടുത്തു മാററി മാംസളഹൃദയം നൽകും. എൻെറ ആത്മാവിനെ ഞാൻ നിങ്ങളിൽ നിവേശിപ്പിക്കും. നിങ്ങളെ എൻെറ കല്പന കാക്കുന്നവരും നിയമങ്ങരം പാലിക്കുന്നതിൽ ശ്രദ്ധയുള്ളവരുമാക്കും. നിങ്ങളുടെ പിതാക്കന്മാക്കു് ഞാൻ കൊടുത്ത ദേശത്തു് നിങ്ങരം വസിക്കും. നിങ്ങരം എൻെറ ജനവും ഞാൻ നിങ്ങളുടെ ദൈവവുമായിരിക്കും.

# 55 ഇടയൻ വന്നില്ല ഇനിയും വന്നില്ല

1982—ലെ തിരുവോണത്തിന് മാവേലിമന്നൻ മാലോകരെ കാണാനിറങ്ങിയത് വലിയൊരു വിപത്തുമായിട്ടാണ്. മദ്യദുരന്തം. എമ്പതോളംപേർ വിഷമദ്യം അകത്താക്കി അന്ത്യംകണ്ട ആ ദുഃഖസംഭവം ഒരുൾക്കിടിലത്തോടുകൂടി മാത്രമേ ഓക്കാൻ കഴിയുന്നുള്ളു. വൈപ്പിൻകരയിൽ ഇന്നും ഈ ദുഃഖത്തിൻെറ നിഴൽ വീണ ഇടങ്ങൾ കാണാൻകഴിയും.

മദ്യപാനവും മയക്കമരുന്നും നമ്മുടെ രക്തത്തെ നിർവീര്യമാക്കിക്കൊണ്ടിരിക്കുന്നു. യുവജനത്തെ ബാധിച്ച ഏറ്റം വിനാശകരമായ വിനകളിലൊന്നാണിതു്. കമ്മകുശലരായി വിജയത്തിൻെറ സോപാനങ്ങൾ ചവുട്ടിക്കയറേണ്ട അവർ ആത്മശക്തിനശിപ്പിച്ച് സ്വപ്നങ്ങളുടെ മായികലോകത്തു് വിഹരിക്കാനാണ് ഇഷ്ടപ്പെടുന്നതു്. നമ്മുടെ പല ചെറുപ്പക്കാരും പെട്ടിക്കടകളിൽനിന്നു ലഭിക്കുന്ന സാധുബീഡിയെന്നറിയപ്പെടുന്ന കഞ്ചാവുബീഡിയിൽ ആഹ്ലാദവും ആശ്വാസവും കണ്ടെത്തുന്നു. ഇവർ വെളിച്ചത്തെ പുണരാൻവേണ്ടി വിളക്കുകളെ പരിണയിക്കുന്ന ഇയ്യലുകളെപ്പോലെയാണ്. ആഹ്ലാദത്തിനും ആശ്വാസത്തിനുംവേണ്ടി മദ്യത്തെയും മയക്കമരുന്നുകളെയും ആശ്രയിക്കുന്ന മനുഷ്യൻ തകന്നടിയുകയും മരിച്ചുവീഴുകയും ചെയ്യുന്നു.

മദ്യമാഹാത്മ്യം എഴുതിക്കൂട്ടുന്ന തിരക്കിലാണ് നമ്മുടെ എഴുത്തുകാരിൽ പലരും. കത്താവു് എൻെറ ഇടയനാകുന്നു എനിക്കൊന്നിനും കുറവുണ്ടാവുകയില്ല'' എന്നുതുടങ്ങുന്ന 23—ാം സങ്കീത്തനം ദൃഢമായ ദൈവവിശ്വാസത്തിൻെറ ഉദ്ഗാനമാണ് ഉദ്ഘോഷിക്കുക. ഇന്ന് മനുഷ്യൻെറ അഭയകേന്ദ്രവും ആശ്രയസ്ഥാനവും മയക്കമരുന്നുകളാണ്. ഹെറോയിനിൽ ആശ്രയമപ്പിച്ച ഒരു ന്യൂയോക്കുകാരൻ തിരുത്തിക്കുറിച്ച ആ സങ്കീത്തനം ബ്ര്യൂസ് കെൻറിക് എന്ന ഗ്രന്ഥകാരൻ ഉദ്ധരിക്കുന്നതു് ഇവിടെ കുറിക്കാം. ''ഹെറോയിൻ എൻെറ ഇടയനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാവുകയി

ല്ല. അവൻ എന്നെ അഴുക്കുചാലുകളിൽ കിടത്തുന്നു. എൻെറ ആത്മാവിനെ നശിപ്പിക്കുന്നു. അവൻെറ തിരുനാമമഹത്വത്തിനുവേണ്ടി നരകവഴികളിലൂടെ നയിക്കുന്നു. മരണത്തിൻെറ താഴ്‌വരയിൽക്കൂടി നടന്നാലും ഞാനൊരനൎത്ഥവും ഭയപ്പെടുകയില്ല. എന്തുകൊണ്ടെന്നാൽ ഹെറോയിൻ എൻെറ കൂടെത്തന്നെയുണ്ടല്ലോ.'' അങ്ങനെ പോകുന്നു ആ ഉദ്ഘോഷണം.

സങ്കീ. 23:1–5.

കൎത്താവാണ് എൻെറ ഇടയൻ; എനിക്കൊന്നിനും കുറവുണ്ടാകയില്ല. പച്ചയായ പുൽത്തകിടിയിൽ അവിടുന്ന് എനിക്ക് വിശ്രമമരുളുന്നു; പ്രശാന്തമായ ജലാശയത്തിലേയ്ക്ക് അവിടുന്ന് എന്നെ നയിക്കുന്നു. അവിടുന്നു എനിക്ക് ഉന്മേഷം നൽകുന്നു; തൻെറ നാമത്തെപ്രതി നീതിയുടെ പാതയിൽ എന്നെ നയിക്കുന്നു. മരണത്തിൻെറ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും, അവിടുന്ന് കൂടെയുള്ളതിനാൽ ഞാൻ ഭയപ്പെടുകയില്ല. അങ്ങയുടെ ഊന്നുവടിയും ദണ്ഡും എനിക്ക് ഉറപ്പേകുന്നു.

എൻെറ ശത്രുക്കളുടെ മുമ്പിൽ അവിടുന്ന് എനിക്കു വിരുന്നൊരുക്കുന്നു.

എൻെറ ശിരസ്സ് തൈലംകൊണ്ട് അഭിഷേകം ചെയ്യുന്നു.

എൻെറ പാനപാത്രം കവിഞ്ഞൊഴുകുന്നു.

# 56 ഓരോമാതിരി ചായംമുക്കിയ കീറത്തുണി യുടെ വേദാന്തം

സ്വാതന്ത്ര്യദിനം. കുട്ടിക്കാലത്തു് ഒത്തിരി സ്വപ്നങ്ങൾ നെയ്തെടുത്ത ദിനം. അദ്ധ്യാപകൻ ലൈൻനിർത്തി മധുരപലഹാരങ്ങൾ കൈനിറയെ വെച്ചുതരുമ്പോൾ പിറന്ന നാടിനുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ടു്. 'ഭാരതാംബേ വിജയിപ്പൂതാക' ദേശീയ പതാക പാറി പറന്നുയരുമ്പോൾ, ദേശീയഗാനം ആലപിക്കുമ്പോൾ എന്തെന്നില്ലാത്ത ആത്മാഭിമാനം ഉള്ളിൽ അങ്കുരിച്ചിട്ടുണ്ടു്. നാടിന്റെ കീർത്തി ആകാശംമുട്ടെ ഉയരട്ടെ എന്നു് ആഗ്രഹിച്ചു. കുട്ടിക്കാലത്തു് കൂട്ടുകാരുമൊപ്പം ചെങ്കല്ലും, പച്ചിലച്ചെടികളും ഇടിച്ചു് ചായം ഉണ്ടാക്കി എത്രയെത്ര ത്രിവർണ്ണപതാകകൾ ഉണ്ടാക്കിയിരിക്കുന്നു. അതിന്റെയെല്ലാം പിന്നിൽ ദേശസ്നേഹത്തിന്റെ അങ്കുരം ഉണ്ടായിരുന്നു. അതിനുശേഷം എത്ര സ്വാതന്ത്ര്യദിനങ്ങൾ പിന്നിട്ടു. ഞാൻ ശ്വസിച്ച വായുവത്രയും സ്വാതന്ത്ര്യത്തിന്റേതായിരുന്നു. ഇന്നിതാ വർഷങ്ങൾക്കുശേഷം ഇവിടെയെത്തി പുറകോട്ടു തിരിഞ്ഞു നോക്കുമ്പോൾ ഈ നാട്ടു് 'സ്വാതന്ത്ര്യത്തിലേക്കു്' എന്നതിനേക്കാൾ 'പാരതന്ത്ര്യത്തിലേക്കു്' എന്നു പറയുന്നതാവും ശരി.

ഒരു കൊടിക്കുപകരം ഒരായിരം കൊടികളാണിവിടെ. ഒരു ദേശീയഗാനത്തിനു പകരം ഒരായിരം പാർട്ടിഗാനങ്ങൾ. ദേശീയനേതാക്കന്മാരുടെ വേദാന്തങ്ങൾക്കു പകരം ഓരോ മാതിരി ചായംമുക്കിയ കീറത്തുണിയുടെ വേദാന്തങ്ങൾ. ഞാനെന്റെ ദേശീയ ഗാനം മറന്നു ദേശീയപതാക മറന്നു. ദേശസ്നേഹം മറന്നു. അഹിംസ മറന്നു. സത്യംമറന്നു. സ്വാതന്ത്ര്യവും അസ്വാതന്ത്ര്യവും എനിക്കൊന്നുപോലെ അസുഖകരംതന്നെ.

നാഥാ എന്റെ നാട്ടു് സ്വാതന്ത്ര്യത്തിലേക്കുയരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു. സത്യത്തിലൂടെയെ അതു സാധിക്കു എന്നു

ഞങ്ങൾക്കു ബോധ്യമായി. നേതാക്കളും ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരും, ഓഫീസുകളും, ജനതയും സത്യത്തിൽ ചരിക്കുമ്പോൾ മാത്രമേ ഈ നാട് ഉണരൂ. സത്യം നിങ്ങളെ സ്വതന്ത്രരാക്കും' എന്ന അങ്ങയുടെ വാക്യശകലം എല്ലാവർക്കും മനഃപാഠമായിരുന്നുവെങ്കിൽ എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ പുത്തൻ വാഗ്ദാനങ്ങളുമായി ഞങ്ങൾ മററുള്ളവരെ സമീപിക്കുമ്പോൾ ഞങ്ങളുടെ വാക്കുകളിൽ, പ്രവൃത്തിയിൽ സത്യം നിഴൽവീശട്ടെ. ഒരു സ്വാതന്ത്ര്യസേനാനി തികച്ചും സത്യസന്ധനായിരിക്കണം.

യോഹന്നാൻ 8:31–36.

അപ്പോൾ തന്നിൽ വിശ്വസിച്ച യൂദന്മാരോട് ഈശോ അരുളിച്ചെയ്തു: ''എന്റെ വചനത്തിൽ നിലനിൽക്കുമെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ എന്റെ ശിഷ്യരാണ്. അപ്പോൾ നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും.'' അവർ അവിടുത്തോടു മറുപടി പറഞ്ഞു: ''ഞങ്ങൾ അബ്രാഹത്തിന്റെ സന്തതികളാണ്; ഞങ്ങൾ ഒരിക്കലും ആർക്കും അടിമകളായിരുന്നിട്ടില്ല. പിന്നെ 'നിങ്ങൾ സ്വതന്ത്രരാക്കപ്പെടുമെന്ന്' താങ്കൾ പറയുന്നതെങ്ങനെ?''

ഈശോ മറുപടി പറഞ്ഞു: ''സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, പാപം ചെയ്യുന്ന ഏവനും പാപത്തിന്റെ അടിമയാകുന്നു — അടിമ വീട്ടിൽ സ്ഥിരമായി വസിക്കുന്നില്ല; പുത്രൻ എന്നും വസിക്കുന്നു. അതുകൊണ്ട്, പുത്രൻ നിങ്ങളെ സ്വതന്ത്രരാക്കുന്നെങ്കിൽ നിങ്ങൾ യഥാർത്ഥത്തിൽ സ്വതന്ത്രരാകും.

## 57 കാററുവിതച്ചു കൊടുങ്കാററുകൊയ്യുന്നു

ടാഗോറിന് നോബൽസമ്മാനം നേടിക്കൊടുത്ത ഗീതാഞ്ജലിയിൽ ഒരിടത്തു് ഒരു ഭിക്ഷുവിനെക്കുറിച്ചു് വിവരിക്കുന്നുണ്ടു്. അതിങ്ങനെയാണു്, ഭാണ്ഡവും തോളിലേററി പിച്ചപ്പാത്രവുമായി വീടുകറംതോറും കയറിയിറങ്ങുന്ന ഒരു യാചകൻ. അയാറം ഒരിക്കൽ നിരത്തിലൂടെ ഭിക്ഷയാചിച്ചുകൊണ്ടു് നടക്കുന്ന അവസരത്തിൽ പുറകിൽനിന്നു് വലിയൊരു ആരവം കേട്ടു. രാജാവിൻെറ എഴുന്നെള്ളത്തു്. അയാറം വഴിയുടെ ഓരംപററി നടന്നു. രാജാവു് തനിക്കു് എന്തെങ്കിലും തരും. അയാറം മനസ്സിൽ കണ്ടു. അതാ രാജാവു് സമീപത്തെത്തി തൻെറനേരേ കൈനീട്ടുന്നു. എന്തു്, രാജാവു് തന്നോടു് യാചിക്കുകയോ? അയാറം അത്ഭുതപ്പെട്ടു. ഭിക്ഷു തൻെറ ഭാണ്ഡത്തിൽ ശേഖരിച്ച നെൽമണിയിൽ രണ്ടെണ്ണമെടുത്തു് രാജാവിനുകൊടുത്തു. രാജാവു് കടന്നുപോയി. ഭിക്ഷു വീണ്ടും വീടുകറംതോറും കയറിയിറങ്ങി. സമയം വൈകി. ഭിക്ഷു അന്തിയുറങ്ങുന്നിടത്തെത്തി. തനിക്കു് അന്നുകിട്ടിയ സമ്പാദ്യം അഴിച്ചുനോക്കി. സഞ്ചിയിൽനിന്നു് ധാന്യങ്ങറം നിലത്തു കുടഞ്ഞിട്ടു. അതാ തനിക്കുകിട്ടിയ നെൽമണികളോടുകൂടി രണ്ടു സ്വർണ്ണമണികറം. അയാറം അത്ഭുതപ്പെട്ടു. താൻ രാജാവിനുകൊടുത്ത രണ്ടു നെൽമണിക്കുപകരം സർവ്വതും ദാനംചെയ്തിരുന്നെങ്കിൽ തനിക്കുകിട്ടിയ നെൽമണികളെല്ലാം സ്വർണ്ണമണികളായിത്തീരുമായിരുന്നു. അയാറം കൈവിട്ടുപോയ ഭാഗ്യത്തെ ഓർത്തു് ദുഃഖിച്ചു. കൊടുക്കുക, കൊടുക്കുന്നതിനനുസരിച്ചേ നമുക്കു ലഭിക്കുകയുള്ളു.

സർവ്വതും കൊടുത്തു് സ്വയം ഇല്ലാതായിപ്പെട്ട യേശു ഒരിക്കൽ പറഞ്ഞു: ''നിങ്ങറം അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങറംക്കും അളന്നുകിട്ടും.'' നമ്മുടെ നാട്ടിൽ ഒരു പഴഞ്ചൊല്ലുണ്ടു്. 'കൊടുത്താൽ കൊല്ലത്തും കിട്ടും'. കൊടുക്കുന്നവനേ ലഭിക്കുകയുള്ളു. ഒരീശ്വരഭക്തനെ സംബന്ധിച്ചിടത്തോളം കിട്ടുന്ന ഓരോ നിമിഷവും പ്രധാനപ്പെട്ടതുതന്നെ. നിമിഷങ്ങളിലൂടെ മററുള്ളവർക്കു സേവനം

ചെയ്യുന്ന അവൻ ഒരിക്കലും കൈവിട്ടുപോയ സാഹചര്യത്തെ ഓർത്തു്, സമയത്തെ ഓത്തു്, നിമിഷങ്ങളെ ഓർത്തു് ദുഃഖിക്കേണ്ടിവരികയില്ല. അവനു കിട്ടുന്ന ഓരോ അവസരവും സ്വർണ്ണം വിളയിക്കുന്നവ ആയിരിക്കും. കാററുവിതച്ചു കൊടുങ്കാററുകൊയ്യുന്ന സംരംഭങ്ങൾ. നെൽമണികളെ സ്വർണ്ണമണികളാക്കുന്ന അവസരങ്ങൾ.

വി. ലൂക്കാ 6:37–39.

''വിധിക്കരുതു്; എന്നാൽ, നിങ്ങളും വിധിക്കപ്പെടുകയില്ല. കുററാരോപണം നടത്തരുതു്; എന്നാൽ, നിങ്ങളുടെ മേലും കുററം ആരോപിക്കപ്പെടുകയില്ല. ക്ഷമിക്കുവിൻ; നിങ്ങളോടും ക്ഷമിക്കപ്പെടും. കൊടുക്കുവിൻ; നിങ്ങൾക്കും കിട്ടും; അമർത്തി താഴ്ത്തി കുലുക്കിക്കൊള്ളിച്ചു്, നിറഞ്ഞു കവിയുന്ന നല്ല അളവിൽ നിങ്ങളുടെ മടിയിലേക്കു് അവർ ചൊരിയും. എന്തെന്നാൽ, നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കും അളന്നു കിട്ടും.''

അവിടുന്നു് ഒരുപമയും അവരോടു് അരുളിച്ചെയ്തു: ''അന്ധനു് അന്ധനെ നയിക്കാൻ കഴിയുമോ? അവർ ഇരുവരും കുഴിയിൽ വീഴുകയില്ലേ?

## 58 നാം ഇവിടെയായിരിക്കുന്നതു് നല്ലതാകുന്നു

ജീവിതം മുഷിപ്പായി തോന്നുന്നു. എന്തൊരു അസഹ്യത, എന്തൊരു വിരസത. ചുരുക്കത്തിൽ ജീവിതം ബോറടിതന്നെ. ഈ തടവറയിൽനിന്നും ഓടി രക്ഷപ്പെടാൻ പരിശ്രമിക്കുന്നവന്റെ പുറകേ ഈ തടവറ എത്തും, സംശയമില്ല. ഈ ദുരന്തത്തിൽ നിന്നും രക്ഷപ്പെടാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു. ഞാൻ ആരാണു്?ഞാൻ എന്താണു്? എന്ന ചോദ്യങ്ങൾ നിശ്ശബ്ദതയിൽ നമ്മോടുതന്നെ

ചോദിക്കുക. വിശ്വവിശ്രുത ദാശ്നികനായ സോക്രട്ടീസ് പറയു ന്നതും ഇതുതന്നെയാണ്. നിന്നെത്തന്നെ അറിയുക, നിന്നെത്ത ന്നെ കണ്ടെത്തുക. ഭാരതത്തിലെ ഋഷിവര്യന്മാരും ഉപദേശിക്കു ന്ന തത്വചിന്തയിതാണ്. തങ്ങളെത്തന്നെ കണ്ടെത്തുന്നവക്കേ ജീ വിതവിരസത അകററി ജീവിതത്തിൻെറ മാധുര്യം ആസ്വദിക്കു വാൻ കഴിയൂ. ജീവിതനൈരാശ്യത്തെ ചെറുത്തുനില്ക്കുവാൻ കെല്പി ല്ലാത്ത തലമുറ നിസ്സാരന്മാരുടെ തലമുറയായിരിക്കും എന്നു് ബർട്രാൻഡ് റസ്സൽ പറയുന്നതു് ശ്രദ്ധേയമാണ്. ശ്രീ ശങ്കരൻെറ ദശ്നത്തെ ജീവിതമായി ആവിഷ്കരിച്ച ശ്രീനാരായണഗുരു വിശ്വ പ്രസിദ്ധമായ തൻെറ പഞ്ചധമ്മോപദേശങ്ങളിലൂടെ ജീവിതം ധന്യമാക്കിത്തീത്ത മഹാനാണ്. രാത്രിമുഴുവനും പ്രാത്ഥനയിലും ധ്യാനത്തിലും കഴിച്ചുകൂട്ടിയ ശ്രീയേശുവും പൗരസ്ത്യദശ്നത്തിൻെറ ഉദാത്തമായ മാതൃകയാണ് നമുക്കു് കാണിച്ചുതരുന്നതു്. നാമോ രോരുത്തരും ആരാണെന്നറിഞ്ഞാലെ ജീവിതത്തെ അഭിമുഖീകരി ക്കുവാനുള്ള ശക്തി ലഭിക്കൂ. മനസ്സിനെ ഏകാഗ്രമാക്കുവാനും ഈശ്വ രനിൽ ലയിപ്പിക്കുവാനുമുള്ള നിരന്തരമായ പരിശീലനംകൊണ്ടു മാത്രമേ അതു് ലഭിക്കുകയുള്ളൂ.

മലമുകളിൽ രാത്രിയുടെ ഏകാന്തതയിൽ പ്രാത്ഥിച്ച യേശു ഈ പ്രക്രിയയിലായിരുന്നു. പിതാവിൻെറ മുമ്പിൽവെച്ച് താൻ ആരാണെന്നു് അവിടുത്തേയ്ക്കു ബോദ്ധ്യമായി. യേ ശുവിൻെറ രൂപാന്തരീകരണവേളയിൽ അതാണ് സംഭവിച്ചതു്. യേശുവിൻെറ വ്യക്തിത്വപ്രകാശനം, അതു് ആനന്ദമാണ്, ആ സ്വാദ്യകരമാണ്. നമുക്കു് ഇവിടെയായിരിക്കുന്നതു് നല്ലതാണ്. മൂന്നു കൂടാരങ്ങൾ ഞങ്ങൾ ഉണ്ടാക്കാം. വ്യക്തിത്വമുള്ളവരോടുകൂടി, അതു് മനസ്സിലാക്കിയവരോടുകൂടി കൂട്ടായ്മയിൽ കഴിയുക അതിൽ പരം ആനന്ദം മറെറന്താണുള്ളതു്.

വി. മത്തായി 17:4–5.

പത്രോസ് ഈശോയോടു പറഞ്ഞു: 'കത്താവേ നാം ഇവിടെ ആയിരിക്കുന്നതു് നല്ലതാകുന്നു; അ ങ്ങേയ്ക്കു് ഇഷ്ടമെങ്കിൽ ഞങ്ങൾ ഇവിടെ മൂന്നു കൂടാ രങ്ങൾ കെട്ടാം; ഒന്നു് അങ്ങേയ്ക്കും ഒന്നു് മോശയ്ക്കും ഒന്നു് ഏലിയായിക്കും. പത്രോസ് സംസാരിച്ചു

കൊണ്ടിരിക്കുമ്പോൾ പ്രകാശമാനമായ ഒരു മേഘം വന്നു് അവരെ ആവരണം ചെയ്തു. മേഘത്തിൽനിന്നു് ഒരു സ്വരം ഉണ്ടായി.' ''ഇവനെൻെറ പ്രിയ പുത്രനാകുന്നു; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു; ഇവനെ ശ്രവിക്കുക.''

# 59 കരയാനറിയാത്ത കളിമൺപ്രതിമകൾ

ഗ്രീക്കുചിന്തകനായ ഡയോജനിസ് ഒരിക്കൽ ഒരു കടതുറന്നു. വിജ്ഞാനംവില്ക്കുന്ന കട. കടയുടെ മുമ്പിൽ ഒരു ബോർഡും തൂക്കി. വിജ്ഞാനം ഇവിടെ വില്ക്കപ്പെടും. കണ്ടവർ, കണ്ടവർ അദ്ദേഹത്തെ കളിയാക്കി. ധനാഢ്യനായ ഒരു മാന്യൻ ഡയോജനീസിനെ ഒന്നു് ഇരുത്തിക്കളയാമെന്നുകരുതി മൂന്നു സ്വർണ്ണനാണയങ്ങൾ കൊടുത്തിട്ടു കുറെ വിജ്ഞാനം തരുവാൻ ആവശ്യപ്പെട്ടു. ഡയോജനീസാകട്ടെ സൗമ്യഭാവത്തിൽ സ്വർണ്ണനാണയങ്ങൾ വാങ്ങി പെട്ടിയിലിട്ടു് ഒരു കടലാസുതുണ്ടിൽ വിജ്ഞാനം വിളമ്പിക്കൊടുത്തു. വിജ്ഞാനംവാങ്ങിയ ധനാഢ്യൻ അവിടെ വാപൊളിച്ചു് ഇരുന്നുപോയി. അയാൾക്കു് ഡയോജനീസ് വിളമ്പിക്കൊടുത്ത വിജ്ഞാനം ഇതായിരുന്നു: ''നീ എന്തുചെയ്താലും നിൻെറ ജീവിതലക്ഷ്യം മുൻനിത്തി ചെയ്യുക.''

ജീവിതത്തെക്കുറിച്ചു് പലക്കും പല ദശ്നങ്ങളാണുള്ളതു്. തലങ്ങുംവിലങ്ങുമുള്ള അവയുടെ പ്രചരണം യുവതലമുറയുടെ ജീവിതലക്ഷ്യത്തെതന്നെ തകത്തുകളഞ്ഞിരിക്കുന്നു. സാർത്ര് വികാരങ്ങളുടെ കൂമ്പാരമായി മനുഷ്യജീവിതത്തെ ചിത്രീകരിക്കുമ്പോൾ ഷെയ്ക്സ്പീയർ ജീവിതം വിഡ്ഢിപറഞ്ഞ പഴങ്കഥയായി ചിത്രീകരിക്കുന്നു. പരിണാമചക്രത്തിലെ വലിയൊരു കുതിപ്പായിട്ടാണു് മനുഷ്യജീവിതത്തെ പരിണാമപഠിതാക്കൾ കരുതുന്നതു്. വഴിയ

റിയാതെ മുടന്തിനടക്കുന്ന വിധിയുടെ ബലിമൃഗങ്ങളായും കരയാനറിയാത്ത ചിരിക്കാനറിയാത്ത കളിമൺപ്രതിമകളായും മനുഷ്യജീവിതത്തെ വിശേഷിപ്പിക്കുന്നവരും ഇന്നു് ഒട്ടും കുറവല്ല.

ഈ ചെപ്പടിവിദ്യകളിലൊന്നും ജീവിതത്തെ ഒതുക്കിനിറുത്തുവാൻ സാധിക്കില്ല. ജീവിതവിജയത്തിലേക്കു് അവയൊരിക്കലും നമുക്കു് ചൂണ്ടുപലകകളായി തീരുകയുമില്ല. സ്വന്തം താല്പര്യങ്ങളുടെ ലക്ഷ്യബോധമേ ഈ ജല്പനങ്ങളിലൊക്കെയുള്ളൂ. നിസ്വാർത്ഥജീവിതത്തിൻെറ ആവിഷ്ക്കരണകണിക ലേശവും ഇല്ലിവിടെ.

യേശുവിൻെറ പാഴ്മണ്ണിൽ അഴിയുന്ന ഗോതമ്പുമണിയുടെ രൂപം ജീവിതലക്ഷ്യത്തിലേക്കു നമ്മേ നയിക്കും. പ്രപഞ്ചത്തിലെ സൃഷ്ടിജാലങ്ങളുടെയെല്ലാം പൂർണ്ണത കൊടുക്കുന്നതിലാണു് സ്വയം ഇല്ലായ്മപ്പെട്ടുകൊണ്ടു് തിക്കിക്കൊള്ളിച്ചു കൊടുക്കുന്നതിൽ. തന്നിലേക്കു് എല്ലാം വലിച്ചടുപ്പിക്കുന്ന മനുഷ്യൻെറ ജീവിതലക്ഷ്യം വികലമാണു്. അതു് മരീചികപോലെ നീണ്ടുനീണ്ടു പോകും.

വി. യോഹന്നാൻ 12:24–25.

സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു ഗോതമ്പുമണി നിലത്തു വീണു് അഴിയുന്നില്ലെങ്കിൽ അതു് തനിയെ ഇരിക്കുന്നു. അഴിയുന്നെങ്കിലോ അതു വളരെ ഫലം ഉളവാക്കുന്നു. തൻെറ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടമാക്കുന്നു. ഈ ലോകത്തിൽ തൻെറ ജീവനെ വെറുക്കുന്നവൻ നിത്യജീവനുവേണ്ടി അതു് കാത്തു സൂക്ഷിക്കും.

## 60 ചൊരിമണലിൽ പുരപണുതാൽ

ഒരു പേമാരിക്കുള്ള ഒരുക്കം. കിഴക്കു് കാർമേഘങ്ങൾ ഉരുണ്ടു കൂടി. ആകാശമാകെ കറുത്തിരുണ്ടു. തണുത്ത കാററു്. കിഴക്കെവിടയോ മഴ തകത്തടിച്ചു പെയ്യുന്നു. കണ്ണുനീരുപോലെ തെളിഞ്ഞ കാട്ടരുവിയിലെ ജലം ചെമ്മണ്ണിൻെറ നിറംപൂണ്ടു. ഭൂമിദേവിയുടെ രക്തം. കാട്ടരുവി കരകവിഞ്ഞൊഴുകി. തൽതടംതട്ടി മുമ്പോട്ടു പാഞ്ഞു. മണൽത്തിട്ടയിൽ കെട്ടിപ്പൊക്കിയ കുടിലുകൾ ഒന്നൊന്നായി തകൎന്നടിഞ്ഞു. കൈയ്യിൽ കിട്ടിയവയുംകൊണ്ടു് ആളുകൾ രക്ഷപെട്ടു. അടുത്തുള്ള സ്കൂളുകളുടെയും കടകളുടെയും തിണ്ണകളിൽ അഭയംതേടി. അസ്ഥിരമായ താമസസ്ഥലങ്ങളിൽ അഭയംതേടുന്നവൎക്കിതാണോ ഗതി.

ചൊരിമണലും, കടൽത്തീരവും ആററുതീരത്തെ മണൽത്തിട്ടയുമെല്ലാം അസ്ഥിരമായ വാസസ്ഥലങ്ങളാണു്. ഇന്നുണ്ടെങ്കിൽ നാളെയില്ല. ഇന്നു് അസ്തിത്വമുണ്ടായിരിക്കുകയും നാളെ നശിച്ചുപോവുകയുംചെയ്യുന്ന വചനമല്ല യേശുവിൻേറതു്. കാലവൎഷത്തിലും കടൽക്കാററിലും അവിടുത്തെ വചനം നിലനില്ക്കും. കാലഘട്ടങ്ങളുടെ കുത്തൊഴുക്കിൽ അതു് ഒലിച്ചുപോവില്ല. അങ്ങയുടെ വചനവും ജീവിതവും തമ്മിൽ അത്രയേറെ അഭേദ്യത ഉണ്ടായിരുന്നു. കളങ്കംകലരാത്ത വചനത്തിനു് ഫലപ്രാപ്തിയുണ്ടു്. യേശുവിൻെറ വചനങ്ങൾ ഒന്നുപോലും ഫലപ്രാപ്തി ഇല്ലാത്തതായിത്തീൎന്നിട്ടില്ല. അന്ധനു കാഴ്ചകൊടുത്തു. ചെകിടനു കേൾവി ലഭിച്ചു. തളർവാതരോഗിയോടു് തൻെറ കിടക്കയുമെടുത്തു് നടക്കുകയെന്നു പറഞ്ഞു. കടലിനെയും കാററിനെയും ശാന്തമാക്കി. അങ്ങനെ അവിടുത്തെ വചനങ്ങളെല്ലാം ശക്തമായിരുന്നു. പാറമേൽ പണുത വീടുപോലെ ശക്തം.

യേശുവിൻെറ വചനങ്ങൾ ശ്രവിക്കുകയും അവ അനുസരിക്കുകയും ചെയ്യുന്നവർ പാറമേൽ ഭവനംപണുത വിവേകമതിക്കു്

തുല്യനാണ്. മറിച്ച് വചനങ്ങൾ കേൾക്കുകയും ജീവിതത്തിൽ അതു് അനുസരിക്കാതിരിക്കുകയും ചെയ്യുന്നവൻ മണൽപ്പുറത്തു് ഭവനംപണിത ഭോഷനു തുല്യവും. നമ്മുടെ ജീവിതം മണൽപ്പുറത്തെ ഭവനംപോലെ നശ്വരമായി പോകാതിരിക്കണമെങ്കിൽ അനശ്വരമായി എന്നും നിലനില്ക്കുന്ന, കാലഘട്ടങ്ങളെ അതിജീവിക്കുന്ന യേശുവിൻെറ വചനവുമായി ബന്ധപ്പെടേണ്ടതുണ്ട്.

മത്തായി 7:24–27.

> ''അതുകൊണ്ടു് എൻെറ ഈ വചനങ്ങൾ ശ്രവിച്ച്, അതനുസരിച്ചു ജീവിക്കുന്നവൻ പാറമേൽ വീടു പണിത ബുദ്ധിമാനു തുല്യനാകുന്നു. മഴ പെയ്തു; വെള്ളം പൊങ്ങി കാററു വന്നു; അവ ആ വീടിന്മേലാഞ്ഞടിച്ചു. എന്നിട്ടും അതു വീണില്ല. എന്തെന്നാൽ അതിൻെറ അടിത്തറ പാറമേലായിരുന്നു. എൻെറ ഈ വചനങ്ങൾ ശ്രവിച്ച്, അതനുസരിച്ച് ജീവിക്കാത്തവൻ മണലിൽ വീടു പണിത മടയനു തുല്യനത്രെ. മഴ പെയ്തു വെള്ളം പൊങ്ങി; കാററു വന്നു; അവ ആ വീടിന്മേലാഞ്ഞടിച്ചു. അതു വീണു: അതിൻെറ വീഴ്ച ഭയാനകമായിരുന്നു.''

**DHARMARAM LIBRARY**
**BANGALORE - 560 029**

| Due Date | Due Date | Due Date |
|---|---|---|
| 11/3/13 | | |

## യുവജനങ്ങൾക്കൊരു

## വചന ഗ്രന്ഥം - 1

പ്രകാശത്തിന്റെ ഒരു പുതിയ പുസ്തക പദ്ധതി. ''യുവജനങ്ങൾക്കൊരു വചനഗ്രന്ഥ'' മെന്ന ശിർഷകത്തിൽ ഇറങ്ങുന്ന ആറു പുസ്തകങ്ങളുടെ ഒരു പരമ്പര. ഈ പുസ്തകങ്ങൾ കുറച്ചൊരു നാളുകൊണ്ട് ക്രമാനുഗതമായി നിങ്ങളുടെ കൈകളിലെത്തും. ഈ പരമ്പരയിലെ ആദ്യത്തെ പുസ്തകമാണ് ''വചന ജ്വാല.''

യുവജനവർഷമായ ആയിരത്തിതൊള്ളായിരത്തി എൺപത്തിയഞ്ചിന്റെ തിരശീലവീഴാൻ രണ്ടു മാസങ്ങൾ ബാക്കിനിൽക്കെ, നിങ്ങൾക്കായി രൂപം നല്കിയ എന്റെ എളിയ പരിശ്രമം വചന ജ്വാല . 1985 ന്റെ സമ്മാനം. യുവജനവർഷത്തിന്റെ ഓർമ്മ.

ജ്വാല ചലനാത്മകമാണ്. അതിലേറെ ചലനാത്മകമാണ് യുവജനങ്ങൾ. ക്രിയാത്മകരായ യുവജനങ്ങളുടെ വീഥികളിൽ പ്രകാശം പരത്തുവാൻ വചന ജ്വാലയ്ക്കു കഴിയട്ടെ.

**വചന ജ്വാല**

എഫ്. വള്ളപ്പുര

വില. 8 ക.

ഒരു പ്രകാശം പ്രസിദ്ധീകരണം.




Indic Digital Archive Foundation
gpura.org